**JEEVA MOZHIKAL** RNI/KERBIL/-2003/21404
**July 2014** www.jeevamozhikal.org
Annual Subscription Rs. 100/-

Regn No: KL/KTM/608/2012-14
Licence No.KL/CR/KTM/WPP-46/2012-14
Licensed to post without prepayment
Date of Publication 30-06-2014

## ആരാണ് ഏറ്റവും വലിയ വിഡ്ഢി?

"**ഞാ**ൻ കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും വലിയ വിഡ്ഢിയാണു നീ. അതുകൊണ്ട് ഞാനിതാ നിനക്ക് ഒരു സ്വർണവടി ഒരു സമ്മാനമായി തരുന്നു. നീ എന്നെങ്കിലും ജീവിതത്തിൽ നിന്നെക്കാൾ വിഡ്ഢിയായ ഒരുവനെ കണ്ടുമുട്ടുകയാണെങ്കിൽ ഈ സ്വർണവടി അവനു കൊടുത്തേക്കണം" ഈ വാക്കുകളോടെ രാജാവു തന്റെ കയ്യിലിരുന്ന സ്വർണവടി രാജകൊട്ടാരത്തിലെ വിദൂഷകനു സമ്മാനിച്ചു. രാജസദസ്സ് ആർത്തു ചിരിച്ചു. വിദൂഷകനും ആ ചിരിയിൽ പങ്കുചേർന്നു.

വർഷങ്ങൾ പലതുകടന്നുപോയി. വിദൂഷകൻ കൊട്ടാരത്തിലെ തന്റെ ജോലിവിട്ടു വിശ്രമജീവിതത്തിലേക്കു പ്രവേശിച്ചു. അപ്പോഴും അവൻ ആ സ്വർണവടി എപ്പോഴും എവിടെയും തന്നോടൊപ്പം കൊണ്ടുനടക്കുമായിരുന്നു.

അങ്ങനെയിരിക്കെ രാജാവിനു കലശലായ രോഗം പിടിപെട്ടെന്നറിഞ്ഞു വിദൂഷകൻ അദ്ദേഹത്തെ കാണാൻ ചെന്നു. രാജാവിന്റെ മുഖത്തെ നിരാശയും ദുഃഖവും കണ്ട് വിദൂഷകൻ അദ്ദേഹത്തോടു ചോദിച്ചു: "പ്രഭോ അങ്ങേയ്ക്ക് പണം, പ്രതാപം, അധികാരം, ആരോഗ്യം, സൗകര്യങ്ങൾ എല്ലാം ഉണ്ടായിരുന്നല്ലോ എന്നിട്ട് എന്താണ് അവിടുന്നു ദുഃഖിതനായിരിക്കുന്നത്?"

രാജാവു പറഞ്ഞു: "ശരിയാണ് എനിക്ക് എല്ലാം ഉണ്ടായിരുന്നു. പക്ഷേ ഞാനിന്നു ദുഃഖിതനാണ്. കാരണം മരിക്കുമെന്നറിഞ്ഞിട്ടും മരണത്തിനപ്പുറം മറ്റൊരു ജീവിതം ഉണ്ടെന്നറിഞ്ഞിട്ടും അതിനുവേണ്ടി ഞാനൊന്നും ചെയ്തില്ല."

വിദൂഷകൻ ഒരുനിമിഷം മൗനമായിരുന്നു. പിന്നെ തന്റെ കയ്യിൽ ഉണ്ടായിരുന്ന സ്വർണവടി രാജാവിനുകൊടുത്തുകൊണ്ടു പറഞ്ഞു. "മഹാരാജാവേ, ഇനി ഇത് അവിടുത്തേക്കുതന്നെ ഇരിക്കട്ടെ. മരിക്കുമെന്നറിഞ്ഞിട്ടും മരണത്തിനപ്പുറം ഒരു ജീവിതം ഉണ്ടെന്നറിഞ്ഞിട്ടും അതിനുവേണ്ടി ഒരുങ്ങാതെ ജീവിച്ച അങ്ങാണു ഞാൻ കണ്ടുമുട്ടിയിട്ടുള്ള ഏറ്റവും വലിയ വിഡ്ഢി."

"ഒരിക്കൽ മരണവും പിന്നെ ന്യായവിധിയും ദൈവം മനുഷ്യർക്കു നിയമിച്ചിരിക്കുന്നു" (എബ്രായർ. 9:27).

"അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനുതക്കവണ്ണം പ്രാപിക്കേണ്ടതിനു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുൻപാകെ വെളിപ്പെടേണ്ടതാകുന്നു" (2 കൊരി. 5:10).

ഈ നിത്യതയ്ക്കായി ഒരുങ്ങുക; വിഡ്ഢിയാകാതിരിക്കുക!

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor-Geoji T. Samuel.

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 12 – ലക്കം 7

ജൂലൈ 2014



JEEVAMOZHIKAL
ജീവമൊഴികൾ
നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ (യോഹ 6: 68)
വാല്യം 12 ജൂലൈ 2014 ലക്കം 7

വാർഷിക വരിസംഖ്യ

| | |
|---|---|
| ഇന്ത്യയിൽ | Rs.100/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.700/- |

എം. ഒ./ ഡി. ഡി.
അയയ്ക്കേണ്ട വിലാസം :
ജീവമൊഴികൾ
കുമാരനല്ലൂർ പി. ഒ., കോട്ടയം,
കേരള–686 016,
ഫോൺ 0481–2391519, 8281027519
e-mail : jeevamozhikal@gmail.com
www.jeevamozhikal.org

## ഒറ്റനോട്ടത്തിൽ

### അപവാദിയായ പിശാച്

*കുറ്റപ്പെടുത്തുന്ന ചിന്തകളിൽ സദാ മനസ്സിനെ തളച്ചിടുന്നത് ആരാണെന്നു നിങ്ങൾ തിരിച്ചറിയേണ്ടുതണ്ട്. അത് അവനാണ് – അപവാദി.*

## മൊഴിമുത്തുകൾ

### അഹങ്കാരത്തിന്റെ ഫലം



ഒരു അഹങ്കാരി തന്നെ ത്തന്നെ തന്റെ ദൈവമാക്കുന്നു. അയാൾ തന്നെതന്നെ അഭിനന്ദിക്കുന്നു. തനിക്കു താൻതന്നെ ഒരു വിഗ്രഹമായി മാറുന്നു. അപ്രകാരമുള്ള ഒരുവനു ദൈവത്തെ എങ്ങനെ സ്നേഹിക്കാൻ കഴിയും? മാത്രമല്ല ഈ അഹങ്കാരം അവനെ അസ്വസ്ഥതകൊണ്ടു നിറയ്ക്കും. താഴ്മയും മനോവിനയവുമുള്ളവരോടുകൂടെ ദൈവം വസിക്കുന്നു.

റിച്ചാർഡ് ബാക്സ്റ്റർ

## നന്ദിയുടെ പിന്നിൽ




'യഹോവയെ സ്തുതിപ്പീൻ; അവൻ നല്ലവനല്ലോ അവന്റെ ദയ എന്നേക്കുമുള്ളത്'
(സങ്കീർത്തനം 106:1)

# I PUT JESUS ON THE CROSS!

**Peter Pollock**

Scripture: Acts 2: 32: " Him, being delivered by the determined purpose and foreknowledge of God, you have taken by lawless hands, have crucified and put to death"

Now, we get to the crux of one of the greatest sermons ever. Peter had read from Joel about all that had been prophesied – that there would be Holy Spirit revelation; conviction on sin righteousness and judgment and that Jesus would return! Then he gets down to the crunch of the gospel. "Men , listen…. this Jesus… you put him to death ". This is such vital revelation and the key to preaching and understanding the gospel. You and me nailed Him to the cross! For my transgressions and iniquities Jesus died. Yes, Jesus died not only for the sins of the world but very specially for each and every one of us simply because each and every one us put Him there! Jesus died for all the sin that had been committed and all that was to come and that includes every one of us because if we say we have not sinned we in fact call God a liar! It is so important to realize just how intimate and personal was the cross for each of us. When we come to grips with that it all changes from being a religion to a very personal relationship with dynamic change and side effects! Don't blame Pontius Pilate, the Romans or the Jews. It was I, me and myself, the essence of sin, that put Him through all that pain and agony.

Acceptance of guilt and the due consequences of sin is vital in re-establishing our relationship with God and is absolutely key to revival both personally and corporately! Yes, I nailed Him but God raised Him. That's the gospel. As promised through the prophets, God did the job and re-opened the spiritual link for us. Jesus is Lord, the Christ, Saviour, name above all names, the only name by which man can be saved, the Son of God and the Son of man. That declaration cut to the heart! What shall we do? There was conviction of sin! Repent and be baptized in the name of Jesus and you will receive the Holy Spirit. Peter carried on! "Save yourselves" he pleaded- suggesting that it is an individual and personal decision - from this corrupt generation. He called it as it is. It is a corrupt world! It is a battleground , not a playground! There was an altar call. 3000 responded and the church was on the way! Peter spoke boldly, with no compromise! Bravely he preached the Cross and that is the only foundation for the church, like it or not!

# എഡിറ്റോറിയൽ

# ആത്മവഞ്ചനയുടെ ആഴങ്ങൾ



'വഞ്ചനപ്പെടാതിരിപ്പിൻ' (ഗലാത്യർ 6:7)

'വഞ്ചിക്കപ്പെടാതെ ശ്രദ്ധിച്ചുകൊള്ളണം' എന്ന ഈ പ്രബോധനം അവിശ്വാസികളോടല്ല, വിശ്വാസികളോടാണെന്നോർക്കണം.

മറ്റുള്ളവരെ വഞ്ചിക്കരുത് എന്നു മാത്രമല്ല ദൈവവചനം പ്രബോധിപ്പിക്കുന്നത്; നാം വഞ്ചനപ്പെടാതിരിക്കണമെന്നും ഇവിടെ അനുശാസിക്കുന്നു. രണ്ടുതരത്തിൽ നാം വഞ്ചിക്കപ്പെട്ടേക്കാം. ഒന്ന്: മറ്റുള്ളവരാൽ. രണ്ട്: നമ്മാൽത്തന്നെ.

ഈ രണ്ടു വഞ്ചനകളിൽ കൂടുതൽ അപകടകരം ആത്മവഞ്ചനയാണ്. മറ്റുള്ളവരാൽ വഞ്ചിക്കപ്പെട്ടാൽ അത് ഇന്നല്ലെങ്കിൽ നാളെ തിരിച്ചറിയാം. എന്നാൽ ആത്മവഞ്ചന പലപ്പോഴും തിരിച്ചറിയാൻ കഴിയില്ല എന്നത് അതിന്റെ ഗൗരവം വർധിപ്പിക്കുന്നു!

നാം നമ്മെത്തന്നെ വഞ്ചിക്കുമോ? ഉവ്വ്, അതു സംഭവിക്കാം. ലോകമനുഷ്യർ മാത്രമല്ല വിശ്വാസികളും സ്വയം വഞ്ചിക്കാൻ സാധ്യതയുള്ളതുകൊണ്ടാണല്ലോ പൗലൊസ് ഗലാത്യസഭയ്ക്കു ലേഖനം എഴുതുമ്പോൾ 'വഞ്ചനപ്പെടരുത്' എന്ന മുന്നറിയിപ്പു നൽകുന്നത്. ഇതു കേവലം മറ്റുള്ളവരാൽ വഞ്ചിക്കപ്പെടുന്നതിനെതിരെ മാത്രമല്ല ആത്മവഞ്ചനയ്ക്കെതിരെയുമുള്ള ശക്തമായ മുന്നറിയിപ്പാണ്!

ആത്മവഞ്ചന സംഭവിക്കുന്നത് എന്തുകൊണ്ടാണ്? ദൈവവചനം ഇതിനു നൽകുന്ന മറുപടി ഇതാണ്: 'അവർ രക്ഷിക്കപ്പെടുവാന്തക്കവണ്ണം സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളായ്കയാൽ തന്നേ അങ്ങനെ ഭവിക്കും' ( 2തെസ്സ. 2:10). 'അവർ വെളിച്ചത്തെക്കാൾ ഇരുളിനെ സ്നേഹിച്ചതുതന്നെ' (യോഹ. 3: 19).

ഏതു സത്യത്തെയാണ്, ഏതു വെളിച്ചത്തെയാണ്, നാം സ്നേഹിക്കേണ്ടത്? നമ്മെക്കുറിച്ചു തന്നെയുള്ള സത്യത്തെ സ്നേഹിച്ചാലേ നാം ആത്മവഞ്ചനയിൽ അകപ്പെടാതരിക്കുകയുള്ളൂ. എന്നാൽ പലപ്പോഴും നമ്മെക്കുറിച്ചു തന്നെയുള്ള സത്യത്തെ സ്നേഹിക്കാൻ നമുക്കു തോന്നുകയില്ല. ഉദാഹരണത്തിന് വാസ്തവത്തിൽ നാം ചെറിയ ഒരാളാണെന്നിരിക്കട്ടെ. അതാണു നമ്മെ സംബന്ധിച്ച സത്യം. പക്ഷേ ഇതു സ്വാഭാവികമായി നമുക്ക് ഇഷ്ടം തോന്നുന്ന സത്യമല്ല. അതുകൊണ്ട് അതിനെതിരായ (നാം വലിയ ആളാണെന്ന) ഒരു വ്യാജത്തെ നാം ഇഷ്ടപ്പെട്ടു തുടങ്ങുന്നു. വെളിച്ചത്തെക്കാൾ ഇരുളിനെ സ്നേഹിച്ചു തുടങ്ങുന്നു. ഇതോടെ അക്കാര്യത്തിൽ നാം ആത്മവഞ്ചനയിൽ അകപ്പെടുകയാണ്. പൗലൊസ് ഇക്കാര്യം വിശദീകരിക്കുന്നത് ഇങ്ങനെയാണ്: 'താൻ അല്പനായിരിക്കെ മഹാൻ ആകുന്നു എന്ന് ഒരുത്തൻ നിരൂപിച്ചാൽ തന്നത്താൻ വഞ്ചിക്കുന്നു' (ഗലാ. 6:3).

ആട്ടെ, എന്തുകൊണ്ടാണ് താൻ അല്പനായിരിക്കെ മഹാൻ ആകുന്നു എന്ന് ഒരുവൻ നിരൂപിക്കുന്നത്? വെളിച്ചത്തെക്കാൾ ഇരുളിനെ സ്നേഹിക്കുന്നതിന് എന്താണു കാരണം? നമ്മെക്കുറിച്ചുതന്നെയുള്ള സത്യത്തെ അംഗീകരിച്ചു സ്നേഹിക്കാൻ തോന്നാത്തത് എന്തുകൊണ്ടാണ്? ആത്മവഞ്ചനയിൽ അകപ്പെടുന്നതിനുള്ള കാരണമെന്താണ്? ഇതിന്റെ കാരണം അടിസ്ഥാനപരമായി അഹങ്കാരമാണെന്നു ബൈബിൾ പറയുന്നു. 'നിന്റെ ഹൃദയത്തിന്റെ അഹങ്കാരം നിന്നെ ചതിച്ചിരിക്കുന്നു' (ഒബദ്യാവ് 3) എന്ന വചനം ശ്രദ്ധിക്കുക.അഹങ്കാരമാണു നമ്മെ ചതിക്കുന്നത്!

ദൈവവചനത്തിനു കീഴ്പ്പെടുവാൻ മനസ്സില്ലാത്ത അഹങ്കാരം ആത്മവഞ്ചനയ്ക്ക് ഏറെ ന്യായങ്ങൾ കണ്ടെത്തും. ചൈനയിൽ ജീവിച്ചിരുന്ന ദൈവഭൃത്യൻ വാച്ച്മാൻ നീ, തനിക്കു പരിചയമുള്ള ഒരു വൈദികവിദ്യാർത്ഥിയുടെ ഒരനുഭവം ഇതിനോടു ബന്ധപ്പെട്ട് ഒരിക്കിൽ ഇങ്ങനെ വിവരിച്ചു:'ഒരു വൈദിക വിദ്യാർത്ഥിക്ക് വചനത്തിൽ നിന്ന് ഒരിക്കൽ വിശ്വാസസ്നാനത്തെക്കുറിച്ചു വെളിച്ചം ലഭിച്ചു കഴിഞ്ഞപ്പോൾ അതേപ്പറ്റി ഉപദേശം തേടി തന്റെ സെമിനാരിയിലെ ഒരധ്യാപകനായ വൈദികനെ അവൻ സമീപിച്ചു. വൈദികൻ കൊടുത്ത ഉപദേശം ഇങ്ങനെയായിരുന്നു: "മുമ്പൊരിക്കൽ എനിക്കും ഇതുപോലൊരു അനുഭവം ഉണ്ടായി. സ്നാനമേൽക്കേണ്ടതിന്റെ ആവശ്യകത ഞാൻ ദൈവവചനത്തിൽ നിന്നു കണ്ടെത്തി. എന്റെ വേദാധ്യാപനം പൂർത്തിയാകുന്ന സന്ദർഭമായിരുന്നു അത് . എന്നാൽ ആ സമയത്തു സ്നാനപ്പെട്ടാൽ ഞാനുൾപ്പെട്ട സഭാവിഭാഗത്തോടു ചേർന്നു തുടർന്നു പ്രവർത്തിക്കുക സാധ്യമായിരുന്നില്ല. ഞാൻ ഈ കാര്യം ഓർത്തു പ്രാർത്ഥിച്ചു. എന്റെ ബിരുദസമ്പാദനവും ഓർഡിനേഷനും വരെ സ്നാനത്തിന്റെ കാര്യം നീട്ടിവയ്ക്കാം എന്നെന്റെ ഹൃദയത്തിൽ അപ്പോൾ തോന്നി. വർഷങ്ങൾ പലതു കഴിഞ്ഞു. ഇപ്പോൾ എന്റെ പഠനവും ഓർഡിനേഷനും കഴിഞ്ഞശേഷം ഞാൻ ഒരു വൈദികനായിരിക്കുന്നു. ഞാൻ സ്നാനപ്പെട്ടില്ലെങ്കിൽതന്നെയും ഇതുവരെ എല്ലാം നന്നായിപ്പോകുന്നു. അതുകൊണ്ട് ഞാൻ നൽകുന്ന ഉപദേശം ഇതാണ്: സ്നാനത്തിന്റെ കാര്യമൊക്കെ മറന്ന് ഇപ്പോൾ നീ പഠനത്തിൽ ശ്രദ്ധിക്കുക. പഠനവും ഓർഡിനേഷനും കഴിഞ്ഞ് പിന്നീടൊരിക്കൽ സ്നാനത്തിന്റെ കാര്യം നിന്നെ അലട്ടിയില്ലെന്നു തന്നെ വരാം". നോക്കുക: സത്യത്തെ മറികടന്നശേഷം, ലംഘിച്ചശേഷം, നിഷേധിച്ചശേഷം, സമാധാനപൂർവം ജീവിക്കുക! ഇത് ആത്മവഞ്ചനയല്ലെങ്കിൽ പിന്നെയെന്താണ്? 'തമ്മിൽത്തമ്മിൽ ബഹുമാനം വാങ്ങിക്കൊണ്ട് ഏകദൈവത്തിന്റെ പക്കൽ നിന്നുള്ള ബഹുമാനം അന്വേഷിക്കാത്ത നിങ്ങൾക്ക് എങ്ങനെ വിശ്വസിക്കുവാൻ കഴിയും?' യേശു ചോദിച്ചു. ഏക ദൈവത്തിൽ നിന്നുള്ള ബഹുമാനം മാത്രം! ഇതിൽ നിന്ന് എപ്പോൾ നമ്മുടെ ഹൃദയം വ്യതിചലിക്കുമോ അപ്പോൾ നമ്മുടെ ഹൃദയം ഭോഷ്ക്കിനുവേണ്ടി തുറക്കപ്പെടും. ഇങ്ങനെയാണു യെഹൂദന്മാർ യേശുവിനെ തിരസ്ക്കരിക്കുകയും നിത്യജീവനെത്തന്നെ നഷ്ടമാക്കുകയും ചെയ്തത്. അതുകൊണ്ട് നമ്മുടെ ഹൃദയം താഴ്മയോടെ ദൈവത്തിൽ ഏകാഗ്രമായിരിക്കട്ടെ. അല്ലെങ്കിൽ നാം ചതിക്കപ്പെട്ടുപോകും.

ഹൃദയം എല്ലാറ്റിനെക്കാളും കപടവും വിഷമവുമുള്ളതാണ്. (യിരെമ്യാ.17:9). സകല ജാഗ്രതയോടും ഹൃദയത്തെ കാത്തുകൊണ്ടില്ലെങ്കിൽ (സദൃശ.4:23) അതു നമ്മെ ചതിക്കാം. ഉദാഹരണത്തിനു സഭയിൽ നാം ദൈവവചനം ശക്തമായി കേൾക്കുന്നു. ആ കേൾക്കുന്ന വചനം ശരിയാണ്, അങ്ങനെതന്നെയാണു ചെയ്യേണ്ടത് എന്നു നാം നമ്മുടെ ഹൃദയത്തിൽ ചിന്തിക്കുന്നു. നാമും ഇതെല്ലാം വിശ്വസിക്കുന്നുവെന്നു ഹൃദയം കൊണ്ടു സമ്മതിക്കുന്നു. ഇതോടെ ഹൃദയത്തിലുണ്ടായ വികാരാവേശത്തിനു ശമനമായി.



*(ശേഷം പേജ് 31 ൽ)*

സന്ദേശം

# ആരെ വഞ്ചിക്കുവാൻ നാം ശ്രമിക്കുന്നു?

**ചാൾസ് ഫിന്നി**

"എങ്കിലും വചനം കേൾക്ക മാത്രം ചെയ്തുകൊണ്ടു തങ്ങളെത്തന്നെ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ" (യക്കോ. 1:22)

താൻ സത്യം എന്നു സ്വീകരിക്കുന്ന വസ്തുതയെ ഒരുവൻ പ്രവൃത്തിപഥത്തിൽ കൊണ്ടുവരാത്തപക്ഷം അയാൾ സ്വയം വഞ്ചിക്കുകയാണ് ചെയ്യുന്നത്. ക്രിസ്തീയ മണ്ഡലത്തിൽ രണ്ടു തരം കപടഭക്തർ ഉണ്ട്:ഒരു കൂട്ടർ മറ്റുള്ളവരെ വഞ്ചിക്കുന്നവർ; രണ്ടാമത്തെക്കൂട്ടരാകട്ടെ തങ്ങളെത്തന്നെ വഞ്ചിക്കുന്നവർ.



ഒന്നാമത്തെക്കൂട്ടർക്ക് മതത്തിന്റെ ഒരു ബാഹ്യവേഷം ഉണ്ട്; എങ്കിലും അവർ ദൈവത്തിനെതിരെയുള്ള ശത്രുത സ്വന്ത ഹൃദയത്തിൽ മറച്ചുവെച്ച് തങ്ങളെത്തന്നെ ഭക്തരായി മറ്റുള്ളവർക്കു കാണിച്ചു കൊടുക്കുക മാത്രം ചെയ്യുന്നു. പരീശന്മാർ ഈ വിധം തങ്ങളുടെ നീണ്ട പ്രാർത്ഥനകളാലും ഭിക്ഷാദാനസ്വഭാവത്താലും തങ്ങൾ വലിയ മതഭക്തരാണെന്നുള്ള ധാരണ മറ്റുള്ളവർക്കു നൽകുന്നവരായിരുന്നു.

രണ്ടാമത്തെക്കൂട്ടരാക

*ഒരുവൻ സത്യം കേട്ട് അംഗീകരിച്ചാലും അയാളിൽ നിന്ന് അതിനനുസരിച്ചുള്ള പ്രവൃത്തി ഉദ്ഭവിക്കുന്നില്ലെങ്കിൽ അയാൾ തന്നെത്തന്നെ വഞ്ചിക്കുകയാണ്. തന്റെ മുഖം കണ്ണാടിയിൽ കണ്ടശേഷം പെട്ടെന്നു തന്നെ മറന്നു പോകുന്ന ഒരുവനെപ്പോലെയാണ് അയാൾ.*

**നിങ്ങൾ വചനം കേൾക്കുന്നു; അതിനെ സത്യം എന്ന് അംഗീകരിക്കുകയും ചെയ്യുന്നു. എന്നാൽ നിങ്ങൾ യഥാർത്ഥത്തിൽ അതുവിശ്വസിക്കുന്നില്ല. സുവിശേഷപ്രകാരം രക്ഷയ്ക്കുതകുന്ന വിശ്വാസത്തിനു രണ്ടു സംഗതികൾ ആവശ്യമാണ്. ഒന്നാമതായി കേൾക്കുന്ന സത്യത്തെ ബുദ്ധിപരമായി അംഗീകരിക്കുക. ഇവിടെ സത്യം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സത്യത്തെക്കുറിച്ചുള്ള ചില ഉപദേശങ്ങളല്ല. പിന്നെയോ നിങ്ങളെ സംബന്ധിച്ചിട്ടുള്ള സത്യം യാതൊന്നാണോ അതു തന്നെ. അതായത് സത്യം നിങ്ങളുടെ പെരുമാറ്റത്തെ എങ്ങനെ ബാധിക്കുന്നവെന്നതാണ് ഇവിടെ പ്രസക്തം.**

ട്ടെ, മറ്റുള്ളവരെയല്ല തങ്ങളെത്തന്നെ വഞ്ചിക്കുന്നവരാണ്. അവരുടെ മതഭക്തി ചില ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിലല്ല അതു ബുദ്ധിപരമായി മനസ്സിലാക്കുന്നതിലാണ് ഇരിക്കുന്നത്. ഇവരിൽ യഥാർത്ഥ വിശുദ്ധി കാണുന്നില്ല. ഇവർ വചനം കേൾക്കുക മാത്രം ചെയ്തുകൊണ്ട് അതിനെ പ്രവൃത്തിതലത്തിൽ കൊണ്ടുവരാത്തവരാണ്. ഇവർ പൊതുവെ അംഗീകരിക്കപ്പെടുന്ന പ്രസംഗങ്ങൾ കേൾക്കുവാൻ താത്പര്യപ്പെടുന്നു. അമൂർത്തമായ വിശ്വാസപ്രമാണങ്ങളിൽ ഇവർ സന്തോഷം കണ്ടെത്തുന്നു. തങ്ങളുടെ വിചാരങ്ങളിലും വികാരങ്ങളിലും ദൈവസ്വഭാവവും ദൈവരാജ്യവും ഗ്രഹിക്കുന്നവെങ്കിലും തങ്ങളുടെ പ്രവൃത്തിയിൽ ദൈവവചനം അനുസരിക്കാത്തവരാണ് ഇക്കൂട്ടർ.

ഈ ലേഖനം വായിക്കുന്ന പലരും ഇവിടെ പരാമർശിക്കുന്ന വിധത്തിൽ ഉള്ളവരായിരിക്കാൻ സാധ്യതയുണ്ട്. എനിക്കു നിങ്ങളുടെ പേരുകൾ അറിഞ്ഞുകൂടാ; എന്നാൽ നിങ്ങളുടെ സ്വഭാവം ഈ തരത്തിലുള്ളതാണെങ്കിൽ ഞാൻ നിങ്ങളോടാണ് സംസാരിക്കുന്നത്; നിങ്ങൾ വചനം കേൾക്കുന്നു, അതിന്റെ തത്ത്വങ്ങൾ അംഗീകരിക്കുന്നു, എന്നാൽ ആ വചനം പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നില്ല. അതിനാൽ നിങ്ങൾ സ്വയം വഞ്ചിക്കുന്നവരാണ്. ഈ വസ്തുത ദൈവവചനത്തിൽ നിന്നു വ്യക്തമാണ്. ദൈവം ഇപ്രകാരം കല്പിക്കുന്നു- 'ദൈവവചനം കേൾക്കുക മാത്രം ചെയ്തുകൊണ്ട് അതിനെ പ്രവർത്തിക്കാത്തവർ സ്വയം വഞ്ചിക്കുന്നവരാണ്.'

**രക്ഷ നൽകുന്ന യഥാർത്ഥ വിശ്വാസം:**

നിങ്ങൾ വചനം കേൾക്കുന്നു; അതിനെ സത്യം എന്ന് അംഗീകരിക്കുകയും ചെയ്യുന്നു. എന്നാൽ നിങ്ങൾ യഥാർത്ഥത്തിൽ അതുവിശ്വസിക്കുന്നില്ല. സുവിശേഷപ്രകാരം രക്ഷയ്ക്കുതകുന്ന വിശ്വാസത്തിനു രണ്ടു സംഗതികൾ ആവശ്യമാണ്. ഒന്നാമതായി കേൾക്കുന്ന സത്യത്തെ ബുദ്ധിപരമായി അംഗീകരിക്കുക. ഇവിടെ സത്യം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സത്യത്തെക്കുറിച്ചുള്ള ചില പൊതുഉപദേശങ്ങളല്ല. പിന്നെയോ നിങ്ങളെ സംബന്ധിച്ചുള്ള സത്യം യാതൊന്നാണോ അതു തന്നെ. അതായത് സത്യം, നിങ്ങളുടെ പെരുമാറ്റത്തെ എങ്ങനെ ബാധിക്കുന്നവെന്നതാണ് ഇവിടെ പ്രസക്തം. ഒന്നാമത് സത്യത്തെ ബുദ്ധിപരമായി മനസ്സിലാക്കേണ്ടതാവശ്യം; രണ്ടാമതായി യഥാർത്ഥ വിശ്വാസം നിങ്ങളുടെ ഹൃദയത്തെ രൂപാന്തരപ്പെടുത്തുന്നതും കൂടെ ആയിരിക്കണം.

ഒരു വ്യക്തി സത്യം മനസ്സിലാക്കുമ്പോൾ, അതായത് തന്നോടുള്ള ബന്ധത്തിൽ സത്യം അറിയുമ്പോൾ, പ്രയോ





ഗികതലത്തിലും കൂടെ അതിനെ മനസ്സിലാക്കേണ്ടതാണ്. സത്യവിശ്വാസത്തിന് ഈ രണ്ടു ഘടകങ്ങളും ആവശ്യമത്രേ.

സത്യത്തെക്കുറിച്ചു കേവലം ബുദ്ധിപരമായി മാത്രമുള്ള ബോധ്യം ഒരുവന് രക്ഷ നൽകുന്നില്ല. എന്നാൽ ബുദ്ധിപരമായ ബോധ്യത്തോടൊപ്പം ഹൃദയത്തിൽ മാറ്റം വരുത്തുന്നതാണ് രക്ഷയ്ക്കാവശ്യമായ വിശ്വാസം- അഥവാ സത്യവിശ്വാസം. ഇത് ഒരുവന്റെ സ്വഭാവത്തിൽതന്നെ വ്യതിയാനം വരുത്തുന്നതാണ്. നമ്മുടെ ഇച്ഛാശക്തി സ്വഭാവത്തെ വ്യത്യാസപ്പെടുത്തുന്നതുപോലെ തന്നെ വിശ്വാസം മനുഷ്യരുടെ ക്രിയകളെയും വ്യത്യാസപ്പെടുത്തും. അതിനാൽ ഒരുവനോടു ഞാൻ ചോദിക്കുന്ന ചോദ്യം. "നീ ഇതു വിശ്വസിക്കുന്നുവോ?" എന്നതു തന്നെ.

"ഞാൻ വിശ്വസിക്കുന്നു "എന്ന് അവൻ മറുപടി പറയുന്നു എന്ന് കരുതുക. അങ്ങനെയെങ്കിൽ എന്താണതിന്റെ താത്പര്യം? താൻ ബുദ്ധിപരമായി അതു ഗ്രഹിക്കുന്നു എന്നു മാത്രമാണോ? അവൻ ആ തരത്തിൽ അതു ഗ്രഹിച്ചേക്കാം. എങ്കിലും അതു രക്ഷ വരുത്തുന്ന വിശ്വാസമല്ല.

അമൂർത്തമായ സത്യത്തെ ഒരുവൻ സ്വീകരിച്ചേക്കാം. ദൈവത്തിന്റെ ആധിപത്യത്തെയോ സ്വഭാവത്തെയോ, രക്ഷാപദ്ധതിയെയോ പുകഴ്ത്തിപ്പറയുന്നതാണ് വിശ്വാസം എന്നു ചിലർ തെറ്റിദ്ധരിച്ചേക്കാം. അവർ അവ്യക്തതയോടെയാണ് അത് ഗ്രഹിക്കുന്നത്. ഇവർ ദൈവത്തിന്റെ സ്വഭാവത്തെയോ, ആധിപത്യത്തെയോ പറ്റി വാചാലമായ ഒരു പ്രസംഗം കേൾക്കുമ്പോൾ ദൈവമഹത്വത്തിന്റെ അതിവിശിഷ്ടതയെ കുറിച്ച് പ്രചോദിതരായേക്കാം. എന്നാൽ വിശ്വാസത്തിന്റെ ഒരംശം പോലും ഇവരിലില്ല. അമൂർത്തതയോടെ സത്യത്തെ അംഗീകരിക്കുവാൻ തക്കവണ്ണമാണ് നമ്മുടെ യുക്തിയെ ദൈവം സൃഷ്ടിച്ചിരിക്കുന്നത്.

**അമൂർത്തമായ സത്യത്തെ ഒരുവൻ സ്വീകരിച്ചേക്കാം. ദൈവത്തിന്റെ ആധിപത്യത്തെയോ സ്വഭാവത്തെയോ, രക്ഷാപദ്ധതിയെയോ പുകഴ്ത്തിപ്പറയുന്നതാണ് വിശ്വാസം എന്നു ചിലർ തെറ്റിദ്ധരിച്ചേക്കാം. അവർ അവ്യക്തതയോടെയാണ് അത് ഗ്രഹിക്കുന്നത്. ഇവർ ദൈവത്തിന്റെ സ്വഭാവത്തെയോ, ആധിപത്യത്തെയോ പറ്റി വാചാലമായ ഒരു പ്രസംഗം കേൾക്കുമ്പോൾ ദൈവമഹത്വത്തിന്റെ അതിവിശിഷ്ടതയെ കുറിച്ച് പ്രചോദിതരായേക്കാം. എന്നാൽ വിശ്വാസത്തിന്റെ ഒരംശം പോലും ഇവരിലില്ല.നരകത്തിലെ ഏറ്റവും താണകിടയിലുള്ള പിശാചുക്കളും അവ്യക്തസത്യത്തെ അംഗീകരിക്കുന്നു.**

നരകത്തിലെ ഏറ്റവും താണകിടയിലുള്ള പിശാചുക്കളും അവ്യക്തസത്യത്തെ അംഗീകരിക്കുന്നവരാണ്. എന്നാൽ സ്വന്തം ജീവിതവുമായി അവർ അതിനെ ബന്ധിപ്പിക്കുന്നില്ല. അവരുടെ സ്വയസ്നേഹത്തെ വെളിപ്പെടുത്താതെ സുവിശേഷം ഇടപെട്ടാൽ അതിനെ സത്യമെന്ന് അവർ മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യും. ദുഷ്ടന്മാരും പിശാചുക്കളും ദൈവത്തെ വെറുക്കാൻ കാരണം തങ്ങളുമായുള്ള ബന്ധത്തിൽ അവർ ദൈവത്തെ മനസ്സിലാക്കുന്നതിനാലാണ്. അവരുടെ സ്വയസ്നേഹത്തിനു കടകവിരുദ്ധമായി ദൈവം നിൽക്കുന്നതിനാൽ അവർ ദൈവത്തോടു മറുതപിച്ചു നിൽക്കുന്നു.

ക്രിസ്തീയഗോളത്തിലെ ഒട്ടനവധി മനുഷ്യരുടെയും വഞ്ചനയുടെ കേന്ദ്രസ്ഥാനം ഇവിടെയാണ്. സത്യം അവർ മനസ്സിലാക്കുന്നു; അതിനെക്കുറിച്ച് ചിന്തിക്കു

വാനും അവർ ഇഷ്ടപ്പെടുന്നു. എന്നാൽ അവരതു പ്രർത്തിക്കുന്നില്ല. അവർ അതിനെക്കുറിച്ച് പ്രസംഗം കേൾക്കാൻ ഇഷ്ടപ്പെടുന്നു.എന്നാൽ അവരതു പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നില്ല.

ഒരുവൻ രോഗബാധിതനാണെന്നിരിക്കട്ടെ. അപ്പോൾ അവന്റെ വികാരങ്ങൾ ഏറ്റവും മൃദുലമാണ്. ക്രിസ്തുവിനെ സ്നേഹസ്വരൂപനായി അവൻ മനസ്സിലാക്കുന്നു. ക്രിസ്തുവിനെക്കുറിച്ച് വളരെ വികാരഭരിതനാകുവാനും അവനു കഴിയും. സങ്കല്പസുന്ദരമായ ഒരു കഥയിലെ വീരനെപ്പറ്റി ഒരുവൻ വികാരഭരിതനാകുന്നതുപോലെതന്നെ. എങ്കിലും അവൻ ക്രിസ്തുവിനെ അനുസരിക്കുന്നില്ല. ക്രിസ്തുവിന്റെ സ്നേഹപൂർണ്ണവും മഹത്വകരവുമായ സ്വഭാവത്തെക്കുറിച്ച് അയാൾ സന്തോഷിക്കുന്നുവെങ്കിലും ക്രിസ്തുവിനെ ഒരു കാര്യത്തിലും അയാൾ അനുസരിക്കുന്നില്ല. തന്റെ രോഗജന്യമായ കൈപ്പിൽത്തന്നെ അയാൾ തുടരുന്നു. എന്നാൽ യഥാർത്ഥ വിശ്വാസമാകട്ടെ, ഉദ്ദിഷ്ടഫലമുണ്ടാക്കുന്നതും നല്ല ഫലം കായ്ക്കുന്നതുമാണ്. നിങ്ങളുടെ വിശ്വാസം അപ്രകാരമുള്ളതല്ലെങ്കിൽ അതു സുവിശേഷത്തിലെ വിശ്വാസമല്ല. യഥാർത്ഥവിശ്വാസവുമല്ല. വചനം അനുസരിക്കുന്നവരുടെ യഥാർത്ഥ ക്രിസ്തീയത സത്യത്തോടുള്ള അനുസരണത്തിൽ അധിഷ്ഠിതമാണ്. നിങ്ങൾ ക്രിസ്തീയതയെ എത്രയധികം അംഗീകരിച്ചാലും അത് വാസ്തവത്തിൽ അനുസരിക്കുന്നില്ലെങ്കിൽ നിങ്ങൾക്കു യഥാർത്ഥ വിശ്വാസമില്ല. യഥാർത്ഥ വിശ്വാസം അനുസരണത്തിൽ അധിഷ്ഠിതമെന്നു ഞാൻ പറയുമ്പോൾ വെറും പുറമേയുള്ള വിശ്വാസമല്ല ഞാൻ ഉദ്ദേശിക്കുന്നത്. ശരിയായ വിശ്വാസം സ്നേഹത്തിൽ അധിഷ്ഠിതവും പ്രവൃത്തികളെ പുറപ്പെടുവിക്കുന്നതുമാണ്. അതു ഹൃദയത്തിന്റെ അനുസരണമാണ്. ഇങ്ങനെ സ്നേഹം നിയമത്തിന്റെ പൂർത്തീകരണം തന്നെയാണ്.

യഥാർത്ഥ ക്രിസ്തീയത, അനുസരണത്തിൽ അധിഷ്ഠിതവും ജീവിതത്തിന് വ്യതിയാനം ഉളവാക്കുന്നതുമാണ്. ഒരുവൻ സത്യം കേട്ട് അംഗീകരിച്ചാലും അയാളിൽ നിന്ന് അതിനനുസരിച്ചുള്ള പ്രവൃത്തി ഉദ്ഭവിക്കുന്നില്ലെങ്കിൽ അയാൾ തന്നെത്തന്നെ വഞ്ചിക്കുകയാണ്. തന്റെ മുഖം കണ്ണാടിയിൽ കണ്ടശേഷം പെട്ടെന്നു തന്നെ മറന്നു പോകുന്ന ഒരുവനെപ്പോലെയാണ് അയാൾ (യക്കോ. 1:23,24).

ക്രിസ്തീയത എന്ന് ആളുകൾ ചിന്തിക്കുന്ന മനഃസ്ഥിതി നല്ലവരിലും ദുഷ്ടന്മാരിലും ഒരുപോലെ കാണപ്പെടുന്നു. അതിനാൽ അവർ ദൈവത്തോടും സത്യത്തോടും മറുത്തുനിൽക്കുന്നവരാണെന്നു പാപികളെ ബോധ്യപ്പെടുത്തുക വളരെ പ്രയാസം തന്നെയാണ്.

ദൈവത്തിന്റെ ഭരണത്തെയും സ്വഭാവത്തെയും അഭിനന്ദിച്ച് നന്മയെ അംഗീകരിക്കുന്ന മനഃസ്ഥിതിയോടെയാണ് എല്ലാ മനുഷ്യരും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ദൈവവചനത്തിലെ സകല സത്യത്തെയും ഇവർ അംഗീകരിക്കയും അഭിനന്ദിക്കുകയും ചെയ്യും. എന്നാൽ തങ്ങളോടുള്ള ബന്ധത്തിൽ ഇവർ സത്യം കാണുന്നില്ല. സത്യം പ്രസംഗിക്കുന്ന സഭയിൽ ഇവർ വർഷങ്ങൾ കഴിഞ്ഞാലും തങ്ങളോടുള്ള ബന്ധത്തിൽ ആ സത്യങ്ങളെ മനസ്സിലാക്കുന്നില്ല.വാസ്തവത്തിൽ ദൈവത്തോടും ദൈവവ്യവസ്ഥയോടും മറുതലിക്കുന്നവരാണ് തങ്ങൾ എന്ന് അവർ സ്വയം ചിന്തിക്കുകയുമില്ല.

അവ്യക്തമായ ഉപദേശങ്ങൾ പ്രസംഗിക്കുന്ന സകല സഭകളിലും ഇത്തരം രക്ഷിക്കപ്പെടാത്ത ആത്മാക്കൾ കാണുമെന്ന് എനിക്കു ബോധ്യമുണ്ട്.പൊതുവിൽ അംഗീകരിക്കപ്പെടുന്ന പ്രസംഗങ്ങൾ കേൾക്കുവാൻ ധാരാളം ആളുകൾ ഈ സഭയിൽ വന്നേക്കാം. ഈ പ്രസംഗങ്ങൾ





എല്ലാം കേട്ടാലും ഇവർ വചനം അനുസരിക്കുന്നവരല്ല.

സത്യം തങ്ങളോടുള്ള ബന്ധത്തിൽ കാണത്തക്കവണ്ണം ഹൃദയത്തിനുള്ളിലേക്കു കടന്നുചെല്ലുന്ന പ്രസംഗങ്ങൾ ഇവർ കേട്ടിട്ടില്ല എന്നതാണ് ഇവിടുത്തെ പ്രശ്നം.

എപ്പോഴെങ്കിലും സത്യത്തെ തങ്ങളോടുള്ള പ്രയോഗികബന്ധത്തിൽ പ്രസംഗിക്കുമ്പോൾ ഇവർ സഭയിൽ നിന്നു കൊണ്ടു സത്യത്തെ എതിർക്കുന്നു.ഇങ്ങനെ ചെയ്യുന്നതിനാൽ തങ്ങളുടെ ഹൃദയത്തിനു യാതൊരു മാറ്റവും വന്നിട്ടില്ല എന്നകാര്യം ഇവർ തെളിയിക്കയാണ് ചെയ്യുന്നത്.

ക്രിസ്തീയ വിശ്വാസികളെന്നു സ്വയം കരുതി ആഴമുള്ള പ്രസംഗങ്ങൾ കേൾക്കുവാനായി ഇവർ സഭയിൽ വരുന്നു. അവർ ബൈബിൾ വായിക്കുകയും അത് അംഗീകരിക്കുകയും ചെയ്യുന്നു. എന്നാൽ തങ്ങളുടെ സ്വഭാവത്തെ സ്വാധീനിക്കുവാൻ തക്കവണ്ണം അവരുടെ വിശ്വാസത്തിനു പ്രായോഗികതയില്ല. സത്യത്തെ പ്രായോഗികതലത്തിൽ അവർ കാണാത്തതിനാൽ അവരുടെ വിശ്വാസം സാത്താന്റെ വിശ്വാസത്തെക്കാൾ ഒട്ടും മെച്ചമല്ല.

ഇതിന്റെ മറുവശത്ത്,സത്യക്രിസ്താനികളുടെ പാളിച്ചകളെ തെറ്റായ രീതിയിൽ അവതരിപ്പിച്ച് അതിൽ ഒരു വലിയ കോട്ടം ആളുകൾ സൃഷ്ടിച്ചിട്ടുണ്ട്. ഒരു ക്രിസ്ത്യാനിയെ ലോകത്തിലെ ഒരു വലിയ പ്രസംഗകൻ ഒരിക്കൽ നിർവചിച്ചത് ഇപ്രകാരം ആണ്:'ചെറിയ തോതിൽ കൃപയും വലിയ രീതിയിൽ പൈശാചികത്വവും'.എന്നാൽ ഈ നിർവചനത്തെ ഞാൻ തള്ളിക്കളയുന്നു. ഇതു പൂർണ്ണമായും തെറ്റും ദോഷം നിറഞ്ഞതുമാണ്. സത്യക്രിസ്ത്യാനികൾ ഈ ലോകത്തിലെ ഏറ്റവും വലിയ ദുഷ്ടന്മാരാണെന്ന ധാരണ ചിലർ സൃഷ്ടിച്ചിട്ടുണ്ട്. സത്യക്രിസ്ത്യാനികൾ പാപം ചെയ്യുമ്പോൾ അവർ സ്വയം അത് ഒരു വലിയ ദുഷ്ടതയായി കണക്കാക്കുന്നു. താൻ ഒരു കുറ്റവാളിയെന്ന ചിന്തയോടെയാണ് ഇവർ സ്വന്ത പാപത്തെ നേരിടുന്നത്. തന്റെ ജീവിതത്തോടുള്ള ബന്ധത്തിൽ തന്റെ കടപ്പാട് മനസ്സിലാക്കിക്കഴിഞ്ഞശേഷവും യഥാർഥ വിശ്വാസിയായ ഒരാൾ പാപം ചെയ്താൽ അതിൽ അയാൾ തന്നെത്താൻ താഴ്ത്തുകയും തന്റെ താഴ്മയെ ശക്തമായ ഭാഷയിൽ പ്രകടിപ്പിക്കുകയും ചെയ്യുന്നു.

**ക്രിസ്തീയ വിശ്വാസികളെന്നു സ്വയം കരുതി ആഴമുള്ള പ്രസംഗങ്ങൾ കേൾക്കുവാനായി ഇവർ സഭയിൽ വരുന്നു. അവർ ബൈബിൾ വായിക്കുകയും അതു അംഗീകരിക്കുകയും ചെയ്യുന്നു. എന്നാൽ തങ്ങളുടെ സ്വഭാവത്തെ സ്വാധീനിക്കുവാൻ തക്കവണ്ണം അവരുടെ വിശ്വാസത്തിനു പ്രായോഗികതയില്ല. സത്യത്തെ പ്രായോഗികതലത്തിൽ അവർ കാണാത്തതിനാൽ അവരുടെ വിശ്വാസം സാത്താന്റെ വിശ്വാസത്തെക്കാൾ ഒട്ടും മെച്ചമല്ല.സത്യത്തെ തങ്ങളോടുള്ള പ്രയോഗികബന്ധത്തിൽ പ്രസംഗിക്കുമ്പോൾ ഇവർ സഭയിൽ നിന്നു കൊണ്ടു സത്യത്തെ എതിർക്കുന്നു.**

എന്നാൽ ഇവർ സാത്താനെപ്പോലെ തിന്മയുള്ളവരല്ല. ഇവർ പാപം ചെയ്താൽ ദൈവദൃഷ്ടിയിൽ അതു വളരെ ഗൗരവം നിറഞ്ഞതാകയാൽ ഇവർ പാപത്തിന്റെ കാര്യം ഗൗരവമായിത്തന്നെകാണുന്നവരാണ്.എന്നാൽ സത്യക്രിസ്ത്യാനികൾ പൈശാചിക ജീവിതം നയിക്കുന്നു എന്ന ഉപദേശം തെറ്റും അപകടം നിറഞ്ഞതുമാണ്.

**ദൈവത്തെക്കുറിച്ചോ ദൈവ സ്വഭാവവിശേഷങ്ങളെക്കുറിച്ചോ ഉള്ള ഉപദേശങ്ങൾ കേൾക്കുവാൻ ഇഷ്ടപ്പെടാത്ത വിശ്വാസികൾ ഉണ്ട്. ഇവർ ആത്മീയ കാര്യങ്ങൾ പ്രവൃത്തിയിൽ കാണാൻ താത്പര്യമുള്ളവരെങ്കിലും ക്രിസ്തീയ ഉപദേശത്തെ തള്ളിക്കളയുന്നു. ഈ കൂട്ടർ പരീശന്മാരാണ്. ഇവർ ബാഹ്യതലത്തിൽ ഭക്തി കാണിക്കുന്നു;എങ്കിലും ദൈവത്തോടുള്ള ബന്ധത്തിൽ വിലയേറിയ സത്യങ്ങളും ക്രിസ്തീയതയുടെ അടിസ്ഥാനപ്രമാണങ്ങളും നിഷേധിക്കുന്നു. മറുവശത്ത്, ഒരു മനുഷ്യന്റെ പ്രായോഗികജീവിതം ഉപദേശവിരുദ്ധമാണെങ്കിൽ അവന്റെ വിശ്വാസവും ഉപദേശവിരുദ്ധം ആയിരിക്കും.**

**മതവിരുദ്ധരും പരീശന്മാരും:**

ദൈവത്തെ അനുസരിക്കാത്തവർ ക്രിസ്ത്യാനികളല്ല എന്നതാണ് സത്യം. ഇതിന് എതിരെയുള്ള ഉപദേശങ്ങൾ സഭയ്ക്കു ദോഷകരമാണ്. സഭയിൽ ഒട്ടേറെ വ്യക്തികളുടെ ഭക്തി ചില ഉപദേശസംഹിതകൾ അംഗീകരിക്കുക മാത്രം ചെയ്യുന്നതാണ്. എന്നാൽ ഇവരുടെ ജീവിതത്തിൽ സുവിശേഷത്തിന്റെ അനുസരണം കാണുന്നില്ല.

മറിച്ച്, ദൈവത്തെക്കുറിച്ചോ ദൈവത്തിന്റെ സ്വഭാവവിശേഷങ്ങളെക്കുറിച്ചോ ഉള്ള ഉപദേശങ്ങൾ കേൾക്കുവാൻ ഇഷ്ടപ്പെടാത്ത വിശ്വാസികൾ ഉണ്ട്.ഇവർ ആത്മീയ കാര്യങ്ങൾ പ്രവൃത്തിയിൽ കാണാൻ താത്പര്യമുള്ളവരെങ്കിലും ക്രിസ്തീയ ഉപദേശത്തെ തള്ളിക്കളയുന്നു. ഈ കൂട്ടരും പരീശന്മാരാണ്. ഇവർ ബാഹ്യതലത്തിൽ ഭക്തി കാണിക്കുന്നു; എങ്കിലും ദൈവത്തോടുള്ള ബന്ധത്തിൽ വിലയേറിയ സത്യങ്ങളും ക്രിസ്തീയതയുടെ അടിസ്ഥാനപ്രമാണങ്ങളും നിഷേധിക്കുന്നു.

മറുവശത്ത്, ഒരു മനുഷ്യന്റെ പ്രായോഗികജീവിതം ഉപദേശവിരുദ്ധമാണെങ്കിൽ അവന്റെ വിശ്വാസവും ഉപദേശവിരുദ്ധം ആയിരിക്കും. അവൻ ഹൃദയത്തിൽ മറച്ചുവയ്ക്കുന്ന വിശ്വാസവും ജീവിതംപോലെ ഉപദേശവിരുദ്ധം തന്നെ ആയിരിക്കും. ഈ വ്യക്തിയുടെ സിദ്ധാന്തങ്ങളിലും ആശയങ്ങളിലും യാതൊരു വിധ തെറ്റും കാണുന്നില്ല. അയാളുടെ പ്രായോഗിക ജീവിതം ഉപദേശവിരുദ്ധമായാലും തത്ത്വങ്ങൾ ശരിയാണെന്നു വരാം.സത്യത്തിൽ, ഈ വ്യക്തി തന്റെ ആശയങ്ങളിൽ വിശ്വാസമുള്ളവനല്ല.

ഗൗരവമില്ലാത്ത ജീവിതം നയിക്കുന്ന ഒരു ക്രിസ്ത്യാനിയോട്'നീ മരിക്കുവാൻ ഒരുക്കമുള്ളവനാണോ', എന്നു ചോദിച്ചാൽ 'എല്ലാ മനുഷ്യരും മരണമുള്ളവരായതിനാൽ ഞാനും ഒരുനാൾ മരിക്കും' എന്ന് അവൻ ഉത്തരം പറയും.എന്നാൽ ഇതു സംബന്ധിച്ച് അവൻ ചിന്തിക്കുമ്പോൾ സത്യത്തിന് അവന്റെ മനസ്സ് ഒരളവിൽ തുറന്നതായി കാണാം. ഈ ബോധ്യം അവന്റെ മനസ്സിൽ സ്ഥിരയോടെ ഉറച്ചുനിന്നാൽ അവന്റെ സ്വഭാവത്തിൽ മാറ്റം ഉണ്ടാകും. ഈ ലോകത്തിനായിട്ടല്ല വരുവാനുള്ള ലോകത്തിനായി തയ്യാറെടുപ്പുള്ളവനായി അവൻ മാറും. എന്നാൽ ഈ വ്യക്തി സത്യത്തിൽ ഇക്കാര്യം വിശ്വസിക്കുന്നില്ലെങ്കിൽ അവൻ പിന്നെയും സമ്പത്തു നേടുവാൻ പരക്കം പായും. ഒരുവന്റെ ഇച്ഛ, അവന്റെ സ്വഭാവത്തെ നിയന്ത്രിക്കുന്നതുപോലെ അവന്റെ വിശ്വാസവും അവന്റെ പ്രായോഗിക ജീവിതത്തെ നിയന്ത്രിക്കണം.

പലകാലങ്ങളായി സഭ അവ്യക്ത ഉപദേശങ്ങൾക്ക് ഊന്നൽ കൊടുത്തു പ്രായോഗികവശത്തെ അവഗണിച്ചിരിക്കുന്നു. വിശ്വാസപ്രമാണങ്ങൾ നോക്കിയാലും പ്രായോഗികവശത്തെ മാറ്റി നിർത്തി മറ്റു

*(ശേഷം പേജ് 30 ൽ)*





**നേതൃത്വത്തിലുള്ളവർക്കുള്ള ഉപദേശങ്ങൾ**

## ആത്മാവിന്റെ ഐക്യത, വിശ്വാസത്തിന്റെ ഐക്യത - II

# സഭയെ സ്നേഹിക്കുക

**സാക് പുന്നൻ**

പൗലൊസ് എഫെസോസിലെ മൂപ്പന്മാരോടു പറഞ്ഞു: "ഞാൻ പോയിക്കഴിഞ്ഞാൽ എന്തുസംഭവിക്കുമെന്ന് എനിക്കറിയാം. ചെന്നായ്ക്കൾ കടന്നു വന്ന് ആട്ടിൽ കൂട്ടത്തെ നശിപ്പിക്കും." (അ:പ്ര. 20:29) മൂന്നുവർഷം പൗലൊസ് എഫേസോസിൽ ഉണ്ടായിരുന്ന നാളുകളിൽ ഒരു ചെന്നായും സഭയിൽ കടന്നുവരാൻ ധൈര്യപ്പെട്ടില്ല. പൗലൊസ് അവിടെ വാതിൽക്കാവൽക്കാരനായി ഉണ്ടെന്ന് 'ചെന്നായ്ക്കൾ'ക്ക് അറിയാമായിരുന്നു. മറ്റു മൂപ്പന്മാരെ കീഴ്പ്പെടുത്താൻ എളുപ്പമാണെന്നു 'ചെന്നായ്ക്കൾ' മനസ്സിലാക്കിയിരുന്നു. പൗലൊസ് മാറിക്കിട്ടാൻ അവർ കാത്തിരുന്നു.

ഒരു പക്ഷേ തന്റെ സാന്നിധ്യമാണ് ചെന്നായ്ക്കളെ അകറ്റി നിർത്തിയതെന്നു പൗലൊസ് പറഞ്ഞത് അഹങ്കാരം കൊണ്ടാണെന്നു മറ്റു മൂപ്പന്മാർ കരുതിയിരുന്നിരിക്കാം. പക്ഷേ അതായിരുന്നു സത്യം.പൗലൊസ് പരിശുദ്ധാത്മാവു നിറഞ്ഞു തന്നെയായിരുന്നു സംസാരിച്ചത്.ആ മൂപ്പന്മാരുടെ ആഴമില്ലായ്മ അദ്ദേഹം വിവേചിച്ചറിഞ്ഞിരുന്നു. അവർ പൂർണ്ണഹൃദയം വച്ചവരായിരുന്നില്ല. താൻ സ്നേഹിച്ചതുപോലെ അവർ സഭയെ സ്നേഹിച്ചില്ല. തങ്ങൾക്കു സൗകര്യപ്പെടുമ്പോൾ, സൗകര്യപ്പെടുമ്പോലെ അവർ സഭയെ ശുശ്രൂഷിച്ചു. അതിനുവേണ്ടി ഒരു ത്യാഗവും ചെയ്തില്ല.തങ്ങളുടെ സ്വന്തകാര്യങ്ങൾക്കു ഭംഗം വരാതെ അവർ സഭയുടെ കാര്യങ്ങൾ നോക്കി. എന്നാൽ പൗലൊസ് തന്റെ സൗകര്യവും അസൗകര്യവും നോക്കാതെ സഭയെ ശുശ്രൂഷിച്ചു (2 തിമൊ. 4:2).

ക്രിസ്തു സഭയെ സ്നേഹിച്ച് സ്വയം അവൾക്കു വേണ്ടി ഏല്പിച്ചുകൊടുത്തു (എഫെ. 5:25). നമുക്കു കർത്താവിനെ ശുശ്രൂഷിക്കണമെന്നുണ്ടെങ്കിൽ അവിടുന്നു സ്നേഹിച്ച പ്രകാരം സഭയെ സ്നേഹിക്കണം. നമ്മുടെ സ്വയ ജീവൻ അതിനുവേണ്ടി അർപ്പിക്കുവാൻ നാം തയ്യാറാകണം. സമയമോ പണമോ സേവനമോ അല്ല സഭയ്ക്കു വേണ്ടത്; നമ്മുടെ സ്വയമാണ്. മിക്കപ്പോഴും നാം കൊടുക്കാനാഗ്രഹിക്കുന്ന അവസാന വസ്തുവായിരിക്കും അത്.എന്നാൽ നമ്മുടെ സ്വയത്തെ അർപ്പിക്കുമ്പോൾ മാത്രമേ നാം സഭയെ സ്നേഹിക്കുന്നു എന്നു നമുക്കു തെളിയിക്കാൻ കഴിയൂ. അപ്പോൾ മാത്രമേ സഭയെ ശുശ്രൂഷിക്കുവാൻ നമുക്കു കഴിയൂ.

എഫെസൊസിലെ മൂപ്പന്മാർ വേണ്ടനിലയിൽ ആത്മീയരല്ല എന്നു പൗലൊസിനു മനസ്സിലായിരുന്നു. അദ്ദേഹം അതു തുറന്നു പറയുകയും ചെയ്തു. മറ്റുള്ളവരെ നമ്മെക്കാൾ ആത്മീയരായി കാണണമെന്നു ദൈവവചനം അനുശാസിക്കു

**രണ്ടാം ക്ലാസിൽ പഠിക്കുന്ന ഒരു കുട്ടിക്ക് കിന്റർ ഗാർഡനിൽ പഠിക്കുന്ന കുട്ടിയെ പഠിപ്പിക്കാൻ കഴിയും. അതിനു സർവ്വകലാശാലാ ബിരുദമാവശ്യമില്ല. ഒരു വയസ്സ് അധികമുണ്ടെങ്കിൽപ്പോലും ആ കുട്ടിയെ പഠിപ്പിക്കാൻ കഴിയും. താങ്കൾ എല്ലാ വർഷവും ക്ലാസുകയറ്റം കിട്ടുന്ന വ്യക്തിയാണെങ്കിൽ താഴെയുള്ളവരെ പഠിപ്പിക്കാൻ കഴിയും. മൂപ്പന്മാരും അങ്ങനെ തന്നെയാണ്. പഴയ ഒരു ചൊല്ലുണ്ടല്ലോ "അന്ധന്മാർക്ക് ഒറ്റക്കണ്ണൻ രാജാവെന്ന്". ആത്മീയമായി അന്ധരായിരിക്കുന്നവരുടെ കൂട്ടത്തിൽ നിങ്ങൾക്ക് ഒരു കണ്ണിനു കാഴ്ചയുണ്ടെങ്കിൽ നിങ്ങൾക്ക് അവരുടെ മൂപ്പനാകാം.**

ന്നില്ല. ഫിലി. 2:3ൽ മറ്റുള്ളവരെ തന്നെക്കാൾ പ്രാധാന്യമുള്ളവനെന്നു കരുതണമെന്നു പറയുന്നതിന്റെ അർത്ഥം ഇങ്ങനെ കാണേണ്ടതില്ല. യേശുവിന്റെ മനസ്സുള്ളവരാകുമ്പോൾ നമുക്കു മറ്റുള്ളവരെ പ്രാധാന്യത്തോടെ കാണുവാൻ കഴിയും. (ഫിലി. 2:5). യേശു മറ്റാരെയും തന്നെക്കാൾ ആത്മീയനായികണ്ടില്ല. എന്നാൽ എല്ലാവരെയും തന്നെക്കാൾ പ്രാധാന്യമുള്ളവരായി കണ്ടു. അതുകൊണ്ടാണ് യേശു ശിഷ്യന്മാരുടെ കാലുകൾ കഴുകിയത്- യൂദാ ഇസ്കര്യോത്താവിന്റേതുൾപ്പടെ. അടിമകൾ മാത്രമായിരുന്നു അത്തരം ശുശ്രൂഷകൾ അക്കാലത്തു ചെയ്തിരുന്നത്.

എഫെസൊസ് സഭയിൽ ഉള്ളതിൽ വച്ചേറ്റവും പക്വതയുള്ള സഹോദരന്മാരായിരുന്നതിനാലാണ് പൗലൊസ് അവരെ മൂപ്പന്മാരായി നിയമിച്ചത്.സഭയിലെ മൂപ്പൻ ആത്മീയനായിരിക്കണമെന്നു നിർബ്ബന്ധമില്ല. മറ്റുള്ളവരെക്കാൾ പക്വതയുള്ള ഒരാളായതുകൊണ്ടു മാത്രമാണ് അയാൾ മൂപ്പനായിരിക്കുന്നത്. ഇന്ത്യയിൽ ഞങ്ങൾ പുതിയ സഭകൾ സ്ഥാപിക്കുമ്പോൾ മൂപ്പന്മാരെ നിയമിക്കേണ്ടതിന് പൂർണആത്മീയരായ സഹോദരന്മാരെ പലപ്പോഴും ഞങ്ങൾക്കു ലഭിക്കാറില്ല. ഒരു വ്യക്തി ആത്മീയനായിത്തീരാൻവർഷങ്ങൾത്തന്നെവേണ്ടി വന്നേക്കാം. എന്നിരുന്നാലും പുതിയ സഭകളുണ്ടാകുമ്പോൾ ഞങ്ങൾ മൂപ്പന്മാരെ നിയമിക്കാറുണ്ട്. താരതമ്യേന പക്വത കൂടുതലുള്ളവരെയാണു അത്തരത്തിൽ നിയമിക്കാറുള്ളത്. അതൊരു ആപേക്ഷികമായ പ്രസ്താവമാണ്.

രണ്ടാം ക്ലാസിൽ പഠിക്കുന്ന ഒരു കുട്ടിക്ക് കിന്റർ ഗാർഡനിൽ പഠിക്കുന്ന ഒരു കുട്ടിയെ പഠിപ്പിക്കാൻ കഴിയും. അതിനു സർവ്വകലാശാലാ ബിരുദമാവശ്യമില്ല. ഒരു വയസ്സ് അധികമുണ്ടെങ്കിൽപ്പോലും ആ കുട്ടിയെ പഠിപ്പിക്കാൻ കഴിയും. താങ്കൾ എല്ലാ വർഷവും ക്ലാസുകയറ്റം കിട്ടുന്ന വ്യക്തിയാണെങ്കിൽ താഴെയുള്ളവരെ പഠിപ്പിക്കാൻ കഴിയും. മൂപ്പന്മാരും അങ്ങനെ തന്നെയാണ്. പഴയ ഒരു ചൊല്ലുണ്ടല്ലോ "അന്ധന്മാർക്ക് ഒറ്റക്കണ്ണൻ രാജാവെന്ന്". ആത്മീയമായി പറഞ്ഞാൽ ആത്മീയമായി അന്ധരായിരിക്കുന്നവരുടെ കൂട്ടത്തിൽ നിങ്ങൾക്ക് ഒരു കണ്ണിനു കാഴ്ചയുണ്ടെങ്കിൽ നിങ്ങൾക്ക് അവരുടെ മൂപ്പനാകാം. അതുപോലെതന്നെ കൂടുതൽ പക്വതയുള്ളവരെ പൗലൊസ് എഫെസൊസിൽ മൂപ്പന്മാരാക്കി വച്ചു.

എന്നാൽ അവരാരും തന്നെ വേണ്ടനിലയിൽ ആത്മീയരായിരുന്നില്ല.അതുകൊണ്ടു പൗലൊസ് ഒരു മുന്നറിയിപ്പെന്നവണ്ണം പ്രവചിച്ചു: ''ഞാൻ പോയശേഷം ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചുകളയുന്നവർ നിങ്ങളുടെ ഇടയിൽനിന്നും എഴുന്നേൽക്കും. അവർ സ്വന്തം ഗ്രൂപ്പുകളുണ്ടാക്കും." ക്രൈസ്തവലോകം നേരിടുന്ന ഏറ്റവും വലിയ





ദുരന്തം വരപ്രാപ്തരായ പ്രസംഗകർ ശിഷ്യന്മാരെ സ്വാധീനിക്കയും സഭകളെ ഭിന്നിപ്പിച്ച് സ്വന്തം ഗ്രൂപ്പുകൾ ഉണ്ടാക്കുകയും ചെയ്യുന്നതാണ്. സ്വാർത്ഥം അന്വേഷിക്കുന്ന പ്രസംഗകർ തങ്ങൾക്കു ലഭിച്ച വരങ്ങളെ തങ്ങൾക്കു ഗ്രൂപ്പുണ്ടാക്കാനായി സ്വന്തമായി ഉപയോഗിക്കുന്നു. തങ്ങൾക്ക് അനുയായികളെ ഉണ്ടാക്കുന്നു.

**വരങ്ങൾ, അനുഗ്രഹത്തിന്:**

യേശു മരുഭൂമിയിൽ നേരിട്ട ഒന്നാമത്തെ പരീക്ഷയിലൂടെ ദൈവം എന്നോട് ഒരിക്കൽ സംസാരിച്ചു: സാത്താൻ യേശുവിനോടു ഇങ്ങനെ പറഞ്ഞു: "നീ ദൈവപുത്രനാണ്. നിനക്ക് ആത്മാഭിഷേകം ലഭിച്ചിരിക്കുന്നു. നിനക്കു ലഭിച്ചിരിക്കുന്ന ഈ ശക്തി നിന്റെ ആവശ്യത്തിനുള്ള ഭക്ഷണത്തിനായി ഉപയോഗിക്കുക. ഈ കല്ലുകൾ അപ്പമാക്കുക." പക്ഷേ യേശു അങ്ങനെ ചെയ്തില്ല- ആ ആവശ്യം നീതിപൂർവ്വമായ ഒന്നായിരുന്നിട്ടുകൂടി. എന്നാൽ ആ ശക്തിയെ പിന്നീടൊരിക്കൽ അയ്യായിരത്തിലധികം വരുന്ന തന്റെ ശ്രോതാക്കൾക്കു ഭക്ഷണം നൽകുവാൻ ഉപയോഗിച്ചു! എനിക്കു ലഭിച്ചിരിക്കുന്ന ആത്മീയവരം എന്റെ വ്യക്തിപരമായ നേട്ടങ്ങൾക്കായി ഉപയോഗിക്കുവാൻ പാടുള്ളതല്ല എന്നു എന്നെ കർത്താവു പഠിപ്പിച്ചു. അതു മറ്റുള്ളവരെ അനുഗ്രഹിക്കുവാൻ മാത്രമുള്ളതാണ്. എന്നെ തന്റെ വേലയ്ക്കായി 50 വർഷങ്ങൾക്കു മുമ്പ് വിളിച്ച നാളിൽത്തന്നെ കർത്താവ് എന്നെ അക്കാര്യങ്ങൾ പഠിപ്പിച്ചതിനായി ഞാൻ നന്ദിയുള്ളവനാണ്. അന്ന് എന്നെ പഠിപ്പിച്ച കാര്യത്തോട് ഞാൻ ഇന്നും വിശ്വസ്തനായി നില്ക്കുവാൻ ശ്രമിക്കുന്നു.

"നിങ്ങൾ സുവിശേഷം പ്രസംഗം കൊണ്ടു ധനികരായി എന്നു പറയപ്പെടുവാൻ ഒരിക്കലും ഇട കൊടുക്കരുത്''- ജോൺ വെസ്ലി ഒരിക്കൽ തന്റെ സഹപ്രവർത്തകരോടു പറയുകയുണ്ടായി.

**''നിങ്ങൾ സുവിശേഷം പ്രസംഗം കൊണ്ടു ധനികരായി എന്നു പറയപ്പെടുവാൻ ഒരിക്കലും ഇട കൊടുക്കരുത്''- ജോൺ വെസ്ലി ഒരിക്കൽ തന്റെ സഹപ്രവർത്തകരോടു പറയുകയുണ്ടായി. "സുവിശേഷം പ്രസംഗിക്കുന്നവർ സുവിശേഷം കൊണ്ട് ഉപജീവിക്കണം." ഇതു ദൈവവചനം നൽകുന്ന ഒരു അനുവാദമാണ്. എന്നാൽ "സുവിശേഷം പ്രസംഗിക്കുന്നവർ സുവിശേഷം കൊണ്ടു ധനികരാകണമെന്ന്" ആധുനിക സുവിശേഷകർ അതു മാറ്റിയെഴുതി. ഇപ്രകാരമാണ് പല പ്രസംഗകരെയും പാസ്റ്റർമാരെയും സാത്താൻ നശിപ്പിച്ചത്.**

"സുവിശേഷം പ്രസംഗിക്കുന്നവർ സുവിശേഷം കൊണ്ട് ഉപജീവിക്കണം." ഇതു ദൈവവചനം നൽകുന്ന ഒരു അനുവാദമാണ്. എന്നാൽ "സുവിശേഷം പ്രസംഗിക്കുന്നവർ സുവിശേഷം കൊണ്ടു ധനികരാകണമെന്ന്" ആധുനിക സുവിശേഷകർ അതു മാറ്റിയെഴുതി. ഇപ്രകാരമാണ് പല പ്രസംഗകരെയും പാസ്റ്റർമാരെയും സാത്താൻ നശിപ്പിച്ചത്. മറ്റു ചിലർ തങ്ങളുടെ പ്രസംഗങ്ങളെ, ധനസമ്പാദനത്തിനല്ല പേരും മാനവും സമ്പാദിക്കാൻ ഉപയോഗിക്കുന്നു. അങ്ങനെ ചെയ്യുന്നവർ ദൈവത്തിന്റെ മഹത്വത്തിലേക്കാണ് അതിക്രമിച്ചു കയറുന്നത്. അതും അപകടകരമാണ്.

സ്വർഗ്ഗീയമായ വരങ്ങൾ എല്ലായ്പ്പോഴും മറ്റുള്ളവരെ അനുഗ്രഹിക്കുവാൻ വേണ്ടിയാണ്. ശക്തമായ പ്രസംഗിക്കുവാൻ കഴിവുള്ളവർക്ക് എവിടെയും അനുയായികളെ ഉണ്ടാക്കാൻ എളുപ്പമാണ്. പക്ഷേ അപ്രകാരം നമുക്ക് അനുയായികളെ ഉണ്ടാക്കുവാൻ പാടുള്ളതല്ല. അതു പാപമാണ്. ഞാൻ എപ്പോഴും ആളുകളെ

എന്നിൽ നിന്നകറ്റി നിർത്തുവാൻ മാത്രമെ ശ്രമിച്ചിട്ടുള്ളു, പ്രത്യേകിച്ചും അവർ എന്റെ മേൽ ചാരുവാൻ ശ്രമിച്ചിട്ടുള്ളപ്പോഴൊക്കെ. വരപ്രാപ്തരായ ഓരോ പ്രസംഗകനും അനുയായികൾ തങ്ങൾക്കു പിന്നാലെ വരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ആളുകൾ നമ്മിൽ നിന്നും മാറി കർത്താവിൽ ആശ്രയിക്കുവാൻ നാം അവരെ പഠിപ്പിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ നാം കർത്താവിന്റെ മഹത്വം അതിക്രമിച്ചെടുക്കുന്നവരായിത്തീരും.

ഒരു പെൺകുട്ടിക്കു വിവാഹ നിശ്ചയം ചെയ്ത ഒരു മനുഷ്യന്റെ കഥ ഞാൻ കേട്ടിട്ടുണ്ട്: ഒരു വർഷം അയാൾക്കു മറ്റൊരു ദേശത്ത് കഴിയേണ്ടി വന്നു. ആ ഒരു വർഷം മുഴുവൻ ആ പെൺകുട്ടിക്ക് കത്തുകൾ എഴുതിക്കൊണ്ട് അവളുമായുള്ള ബന്ധം അയാൾ വിശ്വസ്തതയോടെ നിലനിർത്തി. ഇന്ത്യയിൽ മിക്കയിടങ്ങളിലും കത്തുകൾ പോസ്റ്റുമാൻമാരാണ് വീടുകളിൽ നേരിട്ടെത്തിക്കുന്നത്. അങ്ങനെ ഒരു പോസ്റ്റുമാൻ പതിവായി ഈ പെൺകുട്ടിക്കു കത്തു കൊണ്ടു കൊടുത്തിരുന്നു. ഒരു വർഷം കഴിഞ്ഞ് പ്രതിശ്രുത വരൻ മടങ്ങിയെത്തിയപ്പോൾ തന്റെ പ്രതിശ്രുത വധു ആ പോസ്റ്റുമാനുമായി പ്രണയത്തിലാവുകയും അയാളെ വിവാഹം കഴിക്കയും ചെയ്തതായി കണ്ടെത്തി. ക്രിസ്തീയ ലോകത്തിലും ഇതുതന്നെ സംഭവിച്ചിരിക്കുന്നു! കർത്താവിന്റെ നിന്നുള്ള സന്ദേശങ്ങൾ മണവാട്ടിക്ക് എത്തിക്കുന്ന പ്രസംഗകർ മണവാട്ടിയെ ക്രിസ്തുവിൽ നിന്നും തങ്ങളിലേക്കു വലിച്ചടുപ്പിച്ചിരിക്കുന്നു. അത്തരം പ്രസംഗകർ അവിശ്വസ്തരായ പോസ്റ്റുമാൻമാരാണ്. തങ്ങളെ ദൗത്യം ഭരമേൽപ്പിച്ചവനോട് അവർ അവിശ്വസ്തത കാണിച്ചു. പൗലൊസ് പോയശേഷം എഫെസൊസിൽ സംഭവിച്ചത് അതാണ്.-വിശ്വാസികൾ മൂപ്പന്മാരോട് ചേർന്നു!

**സഭയും കുടുംബവും:**

അ:പ്രവൃത്തി 20:28-ൽ പൗലൊസ് മൂപ്പന്മാർക്കു നൽകുന്ന പ്രബോധനം ശ്രദ്ധിക്കുക. അത് എല്ലാ മൂപ്പന്മാരും ശ്രദ്ധിക്കേണ്ട പ്രബോധനം തന്നെ: “നിങ്ങളെത്തന്നെയും.......... ആട്ടിൻക്കൂട്ടം മുഴുവനെയും സൂക്ഷിച്ചു കൊള്ളുവീൻ.” പ്രാഥമികമായി നിങ്ങളെത്തന്നെ സൂക്ഷിക്കുക. അക്കാര്യത്തിൽ നിങ്ങൾ വിശ്വസ്തരെങ്കിൽ മാത്രമെ ആട്ടിൻക്കൂട്ടത്തെ വിശ്വസ്തതയോടെ കാക്കുവാൻ നിങ്ങൾക്കു കഴിയുകയുള്ളു. ഇന്ന് അധികം പ്രസംഗകരും ആട്ടിൽ കൂട്ടത്തോടു മാത്രമാണു പ്രസംഗിക്കുന്നത്. സ്വയം കർത്താവിനോടു ചേർന്നുള്ള നടപ്പ് വിട്ടുകളഞ്ഞിരിക്കുന്നു.

നിങ്ങൾ ഒരു സഭയിലെ മൂപ്പനെങ്കിൽ ഒരു കോർപ്പറേറ്റ് ഓഫീസിലെ ഉത്തരവാദിത്തം പോലെ അതു ചെയ്യുക. ഞാൻ സമയത്തിന്റെ കാര്യത്തിലല്ല അത് ഉദ്ദേശിച്ചത് അർപ്പണത്തിന്റെ കാര്യത്തിലാണ്. അതു നിങ്ങൾക്കു സാദ്ധ്യമല്ലെങ്കിൽ നിങ്ങളുടെ ഉത്തരവാദിത്തം ഒഴിയുന്നതായിരിക്കും നല്ലത്. ഒരു മൂപ്പന്റെ ഉത്തരവാദിത്തം ത്യാഗപൂർണ്ണമാണ്. യേശു സഭയെ പണിതത് ത്യാഗം സഹിച്ചാണ്. അതിനു മറ്റൊരു വഴിയില്ല. നാം സമയവും ഊർജ്ജവും ത്യാഗം ചെയ്തെങ്കിലേ സഭ പണിയപ്പെടൂ.

ദൈവസഭയെ പരിപാലിക്കാനാണ് അവർ വിളിക്കപ്പെട്ടിരിക്കുന്നതെന്നു പൗലൊസ് മൂപ്പന്മാരോടു പറഞ്ഞു. നാം വിളിക്കപ്പെട്ടിരിക്കുന്നതു ഭരിക്കാനല്ല പരിപാലിക്കാനാണ്. ഒരു മൂപ്പൻ ദൈവജനത്തിന്റെ കാര്യവിചാരകത്വത്തിന് ഉത്തരവാദിത്തമുള്ള ഒരാളാണ്. അവർക്ക് ഒരു ഇടയനായി പച്ചയായ പുൽപുറങ്ങളിലേക്കും സ്വച്ഛജലത്തിങ്കലേക്കും അവരെ നടത്തുകയും വടിയും കോലും കൊണ്ട് ചെന്നായ്ക്കളെ ആട്ടിയോടിച്ച് ആട്ടിൻകൂട്ടത്തെ ആശ്വസിപ്പിക്കുകയും നയിക്കുകയും ശത്രുക്കൾ കാൺകെ അവർക്കു വിരുന്നൊരുക്കുകയും അങ്ങനെ അവരുടെ പാനപാത്രം നിറഞ്ഞു കവിയുവാൻ ഇടയാക്കുകയും ചെയ്യുക (സങ്കീ. 23). ഒരു ഇടയന്റെ വിളി അതാണ്. ആട്ടിൻ കൂട്ടത്തിനുവേണ്ടി ഇക്കാര്യം ചെയ്യുന്നില്ലെങ്കിൽ ഇടയന്മാർ എന്ന ഉത്തരവാദിത്തത്തിനു നാം അയോഗ്യരാണ്.





ഇതേസമയം തന്നെ നമ്മുടെ ഭാര്യയുടെയും മക്കളുടെയും ആവശ്യങ്ങളും നാം ഒഴിവാക്കാൻ പാടില്ല. നാം അവരോടൊത്ത് കൂട്ടായ്മയ്ക്കായി സമയം കണ്ടെത്തണം, മൂപ്പന്മാർ എന്ന നിലയിൽ നാം പുലർത്തേണ്ട സന്തുലിതാവസ്ഥയാണിത്.ഇതത്ര എളുപ്പമുള്ളകാര്യമല്ല. എങ്കിലും ഈ സന്തുലിതാവസ്ഥ സൂക്ഷിക്കാൻ വേണ്ട ജ്ഞാനവും കഴിവും ദൈവം നൽകിത്തരും.ഇതു സത്യമാണെന്ന് എന്റെ സ്വന്തം ജീവിതത്തിൽ ഞാൻ കണ്ടെത്തിയിട്ടുണ്ട്. ദൈവം എന്റെ ഉത്തരവാദിത്തത്തിലേക്കു നൽകിയിട്ടുള്ള സഭകൾക്ക് ഞാൻ ഒരു വിശ്വസ്തതനായ മൂപ്പനായും അതേ സമയം എന്റെ മക്കൾക്ക് അവരെ ക്രിസ്തു ശിഷ്യന്മാരായി വളർത്തിയെടുക്കുവാൻ യത്നിച്ച ഒരു നല്ല പിതാവായും പ്രവർത്തിക്കുവാൻ ദൈവം എനിക്കു ജ്ഞാനവും ശക്തിയും നൽകി.

എന്റെ മക്കൾ വീണ്ടും ജനിക്കണമെന്നു മാത്രമല്ല ക്രിസ്തു ശിഷ്യന്മാരായി വളരണമെന്നും ഞാൻ ആഗ്രഹിച്ചു. അവർ ക്രിസ്തുവിൽ എന്റെ സഹോദരന്മാരായി വളരണമെന്നും ഞാൻ ആഗ്രഹിച്ചു. ദൈവകൃപയാൽ എന്റെ മക്കളും ഞാനും തമ്മിലുള്ള ബന്ധം ഇന്ന് അങ്ങനെയാണ്.

പക്ഷേ ഞാൻ പ്രാർത്ഥിക്കുമായിരുന്നു. “കർത്താവേ,എനിക്കീ സന്തുലിതാവസ്ഥ നിലനിർത്തുവാൻ വേണ്ട ജ്ഞാനമില്ല. അങ്ങ് എന്നെ സഹായിക്കണം. അങ്ങയുടെ കുടുംബത്തെ ഞാൻ പരിപാലിച്ചുകൊള്ളാം. എന്റെ കുടുംബത്തെ അങ്ങു സൂക്ഷിക്കണമേ.” എന്നാൽ ഞാൻ ചെയ്തതിനേക്കാൾ എത്ര വലിയ കാര്യമാണു കർത്താവു ചെയ്തത്. നമ്മുടെയൊക്കെ ജീവിതത്തിൽ അവിടുന്ന് ഇപ്രകാരം ചെയ്യും എന്നു നമുക്ക് ഉറപ്പിക്കാം. ദൈവത്തെ മാനിക്കുക. “കർത്താവേ, ഞാൻ ഒരിക്കലും സ്വാർത്ഥം അന്വേഷിക്കില്ല. എനിക്കുവേണ്ടി എനിക്കൊന്നും വേണ്ടാ. ആളുകൾ എന്റെ സ്വാധീനത്തിലായിരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. സുവിശേഷ പ്രസംഗത്തിലൂടെ ധനികനാകുവാനും ഞാൻ ആഗ്രഹിക്കുന്നില്ല. എനിക്കു മാനമോ കീർത്തിയോ പേരോ വേണ്ടാ. അങ്ങയുടെ സഭ പണിയപ്പെട്ടാൽ മാത്രം മതി. എനിക്ക് അങ്ങയുടെ സഭയെ സ്നേഹിക്കണം. അതിനുവേണ്ടി എന്നെത്തന്നെ എനിക്ക് അർപ്പണം ചെയ്യണം.’’ ഇപ്രകാരം നിങ്ങൾ കർത്താവിനോടു പറഞ്ഞാൽ അവിടുന്നു നിങ്ങൾക്കുവേണ്ടി അത്ഭുതങ്ങൾ പ്രവർത്തിക്കും; നിങ്ങളിലൂടെയും. ദൈവത്തിനു നിങ്ങളുടെ ജീവിതത്തിലെ എല്ലാ മേഖലകളിലും ഒന്നാം സ്ഥാനം കൊടുത്താൽ അതിലൂടെ ഒന്നും നഷ്ടമായി വരികയില്ല. (തുടരും)

**പൗലൊസ് മൂപ്പന്മാർക്കു നൽകുന്ന പ്രബോധനം ശ്രദ്ധിക്കുക: “നിങ്ങളെത്തന്നെയും,ആട്ടിൻക്കൂട്ടം മുഴുവനെയും സൂക്ഷിച്ചു കൊള്ളുവീൻ.” പ്രാഥമികമായി നിങ്ങളെത്തന്നെ സൂക്ഷിക്കുക. അക്കാര്യത്തിൽ നിങ്ങൾ വിശ്വസ്തരെങ്കിൽ മാത്രമെ ആട്ടിൻക്കൂട്ടത്തെ വിശ്വസ്തതയോടെ കാക്കുവാൻ നിങ്ങൾക്കു കഴിയുകയുള്ളു. ഇന്ന് അധികം പ്രസംഗകരും ആട്ടിൽ കൂട്ടത്തോടു മാത്രമാണു പ്രസംഗിക്കുന്നത്. സ്വയം കർത്താവിനോടു ചേർന്നുള്ള നടപ്പ് വിട്ടുകളഞ്ഞിരിക്കുന്നു.**

മൊഴിമാറ്റം: **ബോബി ചെറിയാൻ**

ചിന്തയ്ക്ക്

# അനുഭവങ്ങൾ, ഓർമകൾ

**സാധു സുന്ദർസിങ്**

ക്രിസ്തുവിൽ രഹസ്യമായി വിശ്വസിക്കുകയും തന്നെ രക്ഷകനായി അംഗീകരിക്കുകയും ചെയ്തിട്ടുള്ള ഒട്ടേറെ അക്രൈസ്തവർ ഇന്ത്യയിലുണ്ടെന്നുള്ള കാര്യം എല്ലാവിധ ആളുകളുമായി സമ്പർക്കത്തിൽ വരുന്ന ഇന്ത്യയിലെ ക്രിസ്തീയ പ്രവർത്തകർക്കും അറിയാവുന്ന ഒരു സംഗതിയാണ്. ഇതേകാര്യം ഏറിയോ കുറഞ്ഞോ തോതിൽ മറ്റു രാജ്യങ്ങളിലും കാണാം. ക്രിസ്തുവിനെ തങ്ങളുടെ രക്ഷകനായി അംഗീകരിച്ചിട്ടുള്ളവരായ, സ്വന്തം മതം നൽകുന്ന പ്രബോധനങ്ങളെക്കാളും സ്വന്തം ആധ്യാത്മിക ഗുരുക്കന്മാരുടെ ഉപദേശങ്ങളെക്കാളും കൂടുതൽ ആഴത്തിൽ ക്രിസ്തുവിന്റെ ആത്മാവിന്റെ സ്വാധീനശക്തിക്ക് സ്വയം വിധേയരായ, അനേകം അക്രൈസ്തവ നേതാക്കൾ ഇന്ത്യയിലുള്ളതായി എനിക്കറിയാം. ക്രിസ്തു എന്തുമാത്രം തങ്ങളെ കീഴടക്കിയിരിക്കുന്നു എന്നവർ അറിഞ്ഞിട്ടില്ലന്നേയുള്ളു.

**ക്രിസ്തുവിന്റെ സ്വാധീനം:**

സ്വമത വിശ്വാസത്തോടു തീവ്രമായി പറ്റിച്ചേർന്നു നിൽക്കുന്നവരും ക്രിസ്തുമതത്തോടു വിരുദ്ധ നിലപാടുള്ളവരുമായ ചില ആളുകളുടെ ജീവിതത്തിൽ ക്രിസ്തുവിന്റെ സ്വാധീനശക്തി പ്രകടമായി കാണുന്നുവെന്നുള്ളതും പ്രത്യേകം എടുത്തു പറയേണ്ടതാണ്.ക്രിസ്തുവിന്റെ പഠിപ്പിക്കലിന്റെ വെളിച്ചത്തിൽ സ്വമതം നവീകരിക്കുവാൻ ഇങ്ങനെയുള്ളവർ ശ്രമിക്കുന്നുമുണ്ട്. ക്രിസ്ത്യാനികളുടെ പല രീതികളും അവർ പകർത്തുകയും ചെയ്യുന്നു.സ്വമത സിദ്ധാന്തങ്ങൾക്കു പുതിയ പുതിയ വ്യാഖ്യാനങ്ങൾ നൽകുമ്പോൾ ക്രിസ്തുമതത്തിൽ നിന്നു പ്രത്യക്ഷമായോ പരോക്ഷമായോ ലഭിക്കുന്ന ചില പുതിയ ഘടകങ്ങൾകൂടി ആ സിദ്ധാന്തങ്ങളിലേക്ക് അവർ സംക്രമിപ്പിക്കുന്നതായി കാണാം. അവരുടെ നവീന സിദ്ധാന്തങ്ങൾ ക്രിസ്തീയ ശൈലി പ്രയോഗങ്ങളിൽക്കൂടി അവതരിപ്പിക്കുന്നത്ര ദൂരത്തിൽ അവർ സഞ്ചരിച്ചിട്ടുണ്ട്. ഇതിന്റെ ഫലമെന്താണ്? പല ക്രിസ്ത്യാനികളും പല പാശ്ചാത്യ പണ്ഡിതന്മാരും തെറ്റിദ്ധരിക്കപ്പെടുകയും ക്രിസ്തുമതവും മറ്റു ലോകമഹാമതങ്ങളും തമ്മിൽ വ്യത്യാസമില്ലെന്നവർ കരുതുകയും ചെയ്യുന്നു.

തങ്ങളുടെ ക്രൈസ്തവേതര സാഹചര്യങ്ങൾ വിച്ഛേദിക്കാതെതന്നെ സ്വന്തം ജീവിതത്തിൽ ക്രിസ്തുവിനെ പിന്തുടരുന്നവരായ ആളുകളെപ്പറ്റി ഇവിടെ പ്രതിപാദിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

**അവരെ തടയരുത്:**

ക്രിസ്തുവിൽ വിശ്വസിക്കുന്നവരെങ്കിലും പരസ്യമായി ഏതെങ്കിലും ക്രിസ്തീയ സഭയോടു ബന്ധപ്പെടാതെ നിൽക്കുന്നവരെ ക്രിസ്ത്യാനികളായി പരിഗണിക്കുവാൻ, ഇടുങ്ങിയ മനഃസ്ഥിതിയുള്ള പല ക്രിസ്ത്യാനികളും കൂട്ടാക്കുന്നില്ല.തങ്ങൾ ക്രിസ്ത്യാനികളാണെന്ന് അവർ തുറന്നു സമ്മതിക്കാത്തത് എനിക്കിഷ്ടമുള്ള കാര്യമല്ല; പക്ഷേ, അവർ ക്രിസ്ത്യാനികളല്ല എന്നു കരുതുവാൻ





എനിക്കൊരിക്കലും സാധ്യവുമല്ല. ക്രിസ്തീയ പ്രവർത്തകരെക്കാൾ വളരെ കൂടുതലായി ക്രിസ്തുവിനുവേണ്ടി സേവനം ചെയ്യുന്ന പലരും ആ കൂട്ടത്തിലുണ്ട്. ക്രിസ്തീയ പ്രവർത്തകർക്കു കടന്നുചെല്ലുവാൻ പ്രയാസമുള്ള പല സ്ഥലങ്ങളിലും ഇങ്ങനെയുള്ളവരെ കാണാം. അവരുടെ പേരു പരസ്യപ്പെടുത്തുവാൻ എനിക്കവകാശമില്ല; എന്നാൽ അവരുടെ വിശ്വാസത്തെയും പ്രവൃത്തികളെയുംപറ്റി പറയുവാൻ എനിക്കു കഴിയും. താഴെക്കാണുന്ന വാക്യങ്ങളിൽക്കൂടി ക്രിസ്തുവിന്റെ ശ്രദ്ധയെ വിശുദ്ധ യോഹന്നാൻ ക്ഷണിച്ച പ്രകാരമായിരിക്കണം അവരുടെ നിലപാട്:

നാഥാ, ഒരുത്തൻ നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുന്നതു ഞങ്ങൾ കണ്ടു. ഞങ്ങളോടുകൂടെ നിന്നെ അനുഗമിക്കായ്കയാൽ അവനെ വിരോധിച്ചു എന്നു യോഹന്നാൻ പറഞ്ഞതിനു യേശു അവനോടു: വിരോധിക്കരുത്; നിങ്ങൾക്കു പ്രതികൂലമല്ലാത്തവൻ നിങ്ങൾക്ക് അനുകൂലമല്ലോ എന്നു പറഞ്ഞു (ലൂക്കോ. 9: 49–50).

ഈ മാതിരി അംഗീകാരമില്ലാത്ത പ്രവർത്തകർ ഏതെങ്കിലും സഭയുടെ അംഗങ്ങളല്ലാത്തതിനാൽ അവരെ തടയേണ്ടതാണെന്നു പറയുന്ന അനേകം ക്രിസ്ത്യാനികൾ നമ്മുടെ ഇടയിലുണ്ട്. കർത്താവ് അവരെ തടഞ്ഞിട്ടില്ലാത്ത സ്ഥിതിക്ക്, അവരെ തടയുവാൻ നമുക്ക് എന്തധികാരമാണുള്ളത്?

രഹസ്യവും പരസ്യവുമായ ശുശ്രൂഷയിലാണെങ്കിലും, തങ്ങളുടെ ത്രാണിയും തങ്ങൾക്കു കിട്ടിയ വെളിച്ചവും അനുസരിച്ചു സംഘടിതമായ വേല ചെയ്യുന്ന കൂട്ടങ്ങളെ പലപ്പോഴും ഞാൻ കണ്ടുമുട്ടിയിട്ടുണ്ട്. അവരിലൊരാളോടു ഞാൻ ചോദിച്ചു: 'മനുഷ്യരുടെ മുമ്പിൽ നിങ്ങൾ ക്രിസ്തുവിനെ ഏറ്റുപറഞ്ഞു അംഗീകരിക്കാത്തതെന്താണ്?' (മത്താ. 10:32; മർക്കൊ. 16:15–16). അദ്ദേഹത്തിന്റെ മറുപടി: "പല തൊഴിലുകളിലും ഏർപ്പെട്ടവരായി ഞങ്ങളുടെ സംഘത്തിൽ ആയിരക്കണക്കിനു ആളുകളുണ്ട്. അവരെല്ലാം ക്രിസ്തു തങ്ങളുടെ രക്ഷകനാണെന്നു വിശ്വസിക്കുന്നു. അവന്റെ നാമത്തിൽ അവർ സ്നാനപ്പെട്ടവരുമാണ്. അവനെ ആരാധിക്കുന്നതിലും അവനെ സേവിക്കുന്നതിനാലും അവർ സന്തോഷിക്കുന്നു. ഞങ്ങൾ സംഘടിതരാണെങ്കിലും ഞങ്ങളുടെ പ്രവർത്തനങ്ങൾ രഹസ്യമാണ്. ഞങ്ങൾ ആരുടെ മുമ്പിൽ ക്രിസ്തുവിനെ ഏറ്റുപറഞ്ഞു അംഗീകരിച്ചിട്ടുണ്ടോ ആ അനേകായിരങ്ങൾ മനുഷ്യരല്ലേ? ഞങ്ങളുടെ വേലയെപ്പറ്റി (സുവിശേഷവേല) പറയാം. പലർ പരസ്യമായി വേല ചെയ്യുമ്പോൾ, രഹസ്യമായി വേല ചെയ്യുന്നവരും വേണ്ടതാണ്. നമ്മുടെ ശരീരത്തിൽ ആന്തരികവും ബാഹ്യവു

**ദൈവത്തോട് എല്ലാവർക്കും അടുത്തു വരുവാൻ കഴിയും. എന്നാൽ ദൈവത്തെ പിടിച്ചെടുക്കണമെങ്കിൽ നമ്മുടെ ഹൃദയങ്ങൾ ദൈവത്തോട് ഇണങ്ങിച്ചേർന്നിരിക്കണം (ട്യൂൺ ചെയ്തിരിക്കണം). പ്രക്ഷേപണ കേന്ദ്രങ്ങളിൽ നിന്നയയ്ക്കപ്പെടുന്ന സന്ദേശങ്ങൾ- പാട്ടോ, കീർത്തനമോ പ്രഭാഷണമോ- വായുമണ്ഡലത്തിലുണ്ട്. എന്നാൽ അവയെ പിടിച്ചെടുക്കണമെങ്കിൽ, യഥാവിധി ട്യൂൺ ചെയ്തതായ ഒരു റേഡിയോ ശ്രവണയന്ത്രം (റിസീവിങ്സെറ്റ്) ഉണ്ടായിരിക്കണം. സന്ദേശങ്ങൾ പിടിച്ചെടുക്കത്തക്കവണ്ണം റേഡിയോ ട്യൂൺ ചെയ്തിട്ടില്ലെങ്കിൽ പ്രയോജനമില്ല.**

**അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു: കണ്ടെത്തുന്നവൻ കൂടുതലായി അന്വേഷിക്കുന്നു- ഇതൊരു സാധാരണ അനുഭവമാണ്. പാസ്കൽ പറഞ്ഞതുപോലെ, 'നിങ്ങളെന്നെ നേരത്തെ കണ്ടെത്തിയില്ലായിരുന്നുവെങ്കിൽ നിങ്ങളെന്നെ അന്വേഷിക്കയില്ലായിരുന്നു'. ദൈവസാന്നിദ്ധ്യത്തെപ്പറ്റി ഒരാൾക്ക് അനുഭവമില്ലെങ്കിൽ ദൈവത്തെ കണ്ടെത്തുവാൻ ശ്രമിക്കണമോ വേണ്ടയോ എന്ന കാര്യത്തിൽ അയാൾക്കു നിർബന്ധമില്ലായിരിക്കും. ദൈവസാന്നിദ്ധ്യത്തെപ്പറ്റിയുള്ള ബോധ്യം ദൈവം എല്ലാവർക്കും കൊടുത്തിട്ടുണ്ട്. എന്നാൽ ദൈവത്തെ കൂടുതൽ കൂടുതലായി അന്വേഷിക്കണമോ വേണ്ടയോ എന്നുള്ളത് ഓരോരുത്തരെയും ആശ്രയിച്ചിരിക്കുന്ന കാര്യമാണ്.**

മായ അവയവങ്ങളുണ്ടല്ലോ. അവയെല്ലാം തന്നെ ഒരേ ശരീരത്തിന്റെ ഭാഗങ്ങളാണ്; ഒരേ മനസ്സിനാൽ നിയന്ത്രിക്കപ്പെടുന്നവയുമാണ് – പക്ഷേ, ഓരോന്നിന്റെയും പ്രവർത്തനം വിഭിന്നമാണെന്നേയുള്ളു. സഭ എന്നു നാം പേർ വിളിക്കുന്ന 'ക്രിസ്തു ശരീരത്തിന്റെയും നില ഇതു തന്നെയാണ്. ഉപ്പും പുളിപ്പും പോലെയാണു ക്രിസ്ത്യാനികൾ. അവർ സാവകാശമായും നിശ്ശബ്ദമായും മറ്റുള്ളവർക്ക് ഉപ്പും പുളിപ്പും പകർന്നു കൊടുക്കുന്നു. ക്രിസ്തു നമ്മെ 'മനുഷ്യരെ പിടിക്കുന്നവർ' എന്നും വിളിച്ചിട്ടുണ്ടല്ലോ. മുക്കുവൻ വലയെറിയുന്നതു വളരെ നിശ്ശബ്ദമായിട്ടാണ്; അല്ലെങ്കിൽ മീനെല്ലാം ഓടിമറയും. ഒച്ചപ്പാടുണ്ടാക്കുന്ന മുക്കുവരെ കണ്ടപ്പോൾ ക്രിസ്തുവിൽ നിന്നോടിയകന്ന ഒട്ടേറെ മത്സ്യങ്ങൾ-വലുതും,ചെറുതും-ഞങ്ങളുടെ സംഘത്തിൽ ഇപ്പോഴുണ്ട്. അവയെല്ലാം ഇപ്പോൾ ക്രിസ്തുവിന്റെ കൈയിലാണ്; ഒന്നുംതന്നെ വഴുതിപ്പോകയില്ല. മനുഷ്യരെ രക്ഷകനിലേക്ക് ആനയിക്കുവാൻ ഇക്കൂട്ടരും നിശ്ശബ്ദമായി ശ്രമിച്ചുകൊണ്ടിരിക്കയാണ്.പറയൂ, ഈദൃശ ജീവിതരീതി ക്രിസ്തുവിന്റെ ഹിതത്തിനനുസൃതമാണോ, അല്ലയോ?"

യഥാർത്ഥമായ ക്രിസ്തീയ ജീവിതം- അതു പരസ്യമോ രഹസ്യമോ ആയിക്കൊള്ളട്ടെ- എപ്പോഴും ഫലപ്രദമായിരിക്കുമെന്നും, അതിന് അന്യരിൽ നന്മയുടെ സ്വാധീനം ചെലുത്തുവാൻ കഴിയുമെന്നുമുള്ള കാര്യത്തിൽ സംശയമില്ല. ഇതുപോലുള്ള ജീവിതത്തിന്റെ നന്മ കാണുമ്പോൾ സത്യാന്വേഷികൾ എല്ലായ്പ്പോഴും ജീവന്റെ ഉറവിങ്കലേക്കു വലിച്ചടുപ്പിക്കപ്പെടും.

ഒരു ഉദാഹരണം പറയാം: ഒരിക്കൽ രണ്ടു സുവിശേഷകർ അങ്ങാടിയിൽ പ്രസംഗിക്കുവാൻ പോയി.ഒന്നാമത്തെയാൾ ബുദ്ധിമാനും വാചാലനുമായിരുന്നു. അയാൾ പ്രസംഗം തുടങ്ങി കഴിഞ്ഞപ്പോഴേക്കും കേൾവിക്കാരിൽ ഒരാൾ തെരുതെരെ ചോദ്യങ്ങൾ ചോദിച്ചു ശല്യപ്പെടുത്തുവാൻ തുടങ്ങി. മറുപടി പറയുന്നതിനുവേണ്ടി പ്രസംഗം ഇടയ്ക്കിടെ നിർത്തേണ്ടിവന്നു. മറുപടികൾ ചോദ്യകർത്താവിനെ തൃപ്തിപ്പെടുത്തിയുമില്ല. പ്രസംഗം മുമ്പോട്ടു പോകുവാൻ നിവൃത്തിയില്ലാതെ വന്നപ്പോൾ അയാൾ തന്റെ സഹപ്രവർത്തകനെ ചൂണ്ടിക്കാണിച്ചുകൊണ്ട്, 'ഇദ്ദേഹം നിങ്ങൾക്കു മറുപടി നൽകും' എന്നു പറഞ്ഞു. രണ്ടാമത്തെ സുവിശേഷകൻ വലിയ വാചാലനോ സമർഥനായ താർക്കികനോ ആയിരുന്നില്ല. പക്ഷേ അയാൾ ആത്മാർഥതയുള്ള ക്രിസ്ത്യാനിയും ഒരു പ്രാർഥനാമനുഷ്യനുമായിരുന്നു. അയാൾ പ്രസംഗിക്കാനായി മുന്നോട്ടു വന്നപ്പോൾ ചോദ്യകർത്താവ് കൈകൂപ്പി അദ്ദേഹത്തെ അഭിവാദനം ചെയ്തുകൊണ്ട് പറഞ്ഞു: "ഇദ്ദേഹത്തോട് എനിക്കൊന്നും ചോദിക്കാനില്ല. എനിക്ക് ഇദ്ദേഹത്തിന്റെ ജീവിതരീ





തിയെപ്പറ്റി അറിയാം. ജീവിക്കുന്ന ക്രിസ്തുവിനെ ഇദ്ദേഹത്തിന്റെ ജീവിതത്തിൽ എനിക്ക് കാണാൻ സാധിക്കും. ഇദ്ദേഹത്തിൽക്കൂടി രക്ഷയുടെ വഴി ഞാൻ കണ്ടെത്തിയിട്ടുണ്ട്. നിങ്ങളോടാണ് (ഒന്നാമത്തേയാൾ) എനിക്കു വിവാദമുള്ളത്. ജീവിക്കുന്ന ക്രിസ്തുവിനെപ്പറ്റി നിങ്ങൾ വെറുതെ പറയുന്നതേയുള്ളു. നിങ്ങളുടെ ദൈനംദിന ജീവിതത്തിൽ നിങ്ങൾ ക്രിസ്തുവിനെ തള്ളിപ്പറയുന്നു. ഇങ്ങനെയുള്ള ഒരു വായ് എന്നെന്നേക്കുമായി അടഞ്ഞു പോകുന്നതാണു നല്ലത്. എന്നെയും മറ്റുള്ളവരെയും നിങ്ങൾ ക്രിസ്തുവിൽ നിന്നകറ്റി നിർത്തിയിരിക്കയാണ്. നിങ്ങളുടെ കൂട്ടുകാരനെ ഞാൻ ഏതാനും വർഷങ്ങൾക്കു മുമ്പുതന്നെ കണ്ടെത്തിയിരുന്നെങ്കിൽ ഇത്ര ദീർഘകാലം ഞാൻ കർത്താവിൽ നിന്നകന്നു നിൽക്കയില്ലായിരുന്നു. സാവകാശമായി വരുന്നവർ ശരിയായ നിലയിൽത്തന്നെ വരുന്നു. ഞാനിങ്ങനെ താമസിച്ചുപോയതിലും എന്തെങ്കിലും നന്മയുണ്ടായിരിക്കാം. ദൈവം നിങ്ങളോടു ക്ഷമിക്കട്ടെ!"

**അന്വേഷണവും കണ്ടെത്തലും:**

അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; കണ്ടെത്തുന്നവൻ കൂടുതലായി അന്വേഷിക്കുന്നു- ഇതൊരു സാധാരണ അനുഭവമാണ്. പാസ്കൽ പറഞ്ഞതുപോലെ, 'നിങ്ങളെന്നെ നേരത്തെ കണ്ടെത്തിയില്ലായിരുന്നുവെങ്കിൽ നിങ്ങളെന്നെ അന്വേഷിക്കയില്ലായിരുന്നു'.ദൈവസാന്നിദ്ധ്യത്തെപ്പറ്റി ഒരാൾക്ക് അനുഭവമില്ലെങ്കിൽ ദൈവത്തെ കണ്ടെത്തുവാൻ ശ്രമിക്കണമോ വേണ്ടയോ എന്ന കാര്യത്തിൽ അയാൾക്കു നിർബന്ധമില്ലായിരിക്കും. ദൈവസാന്നിദ്ധ്യത്തെപ്പറ്റിയുള്ള ബോധ്യം ദൈവം എല്ലാവർക്കും കൊടുത്തിട്ടുണ്ട്. എന്നാൽ ദൈവത്തെ കൂടുതൽ കൂടുതലായി അന്വേഷിക്കണമോ വേണ്ടയോ എന്നുള്ളത് ഓരോരുത്തരെയും ആശ്രയിച്ചിരിക്കുന്ന കാര്യമാണ്. ദൈവം എല്ലാവരുടെയും പിടിപാടിലുള്ളവനാണ്. എന്നാൽ ദൈവത്തെ പിടിച്ചെടുക്കണമെങ്കിൽ നമ്മുടെ ഹൃദയങ്ങൾ ദൈവത്തോട് ഇണങ്ങിച്ചേർന്നിരിക്കണം (ട്യൂൺ ചെയ്തിരിക്കണം). പ്രക്ഷേപണ കേന്ദ്രങ്ങളിൽ നിന്നയയ്ക്കപ്പെടുന്ന സന്ദേശങ്ങൾ- പാട്ടോ, കീർത്തനമോ പ്രഭാഷണമോ- വായുമണ്ഡലത്തിലുണ്ട്. എന്നാൽ അവയെ പിടിച്ചെടുക്കണമെങ്കിൽ, യഥാവിധി ട്യൂൺ ചെയ്തതായ ഒരു റേഡിയോ ശ്രവണയന്ത്രം (റിസീവിങ്സെറ്റ്) ഉണ്ടായിരിക്കണം. സന്ദേശങ്ങൾ പിടിച്ചെടുക്കത്തക്കവണ്ണം റേഡിയോ ട്യൂൺ ചെയ്തിട്ടില്ലെങ്കിൽ വായുമണ്ഡലത്തിൽ സന്ദേശങ്ങളുള്ളതും ഇല്ലാത്തതും ഒന്നുപോലെയാണ്.

**ഒരു സത്യാന്വേഷി:**

സ്വാനുഭവങ്ങളെപ്പറ്റി ഒരു സത്യാന്വേഷി എന്നോടിങ്ങനെ പറഞ്ഞു: 'എന്റെ പഴയ ജീവിതത്തിൽ ഏതാണ്ടൊരു സാന്ത്വനം എനിക്കുണ്ടായിരുന്നു. പക്ഷേ, എനിക്കു മനസ്സമാധാനം ഇല്ലായിരുന്നു. ഈ സാന്ത്വനാവസ്ഥ, യഥാർത്ഥ സമാധാനം തേടുവാനുള്ള ആഗ്രഹം എന്നിൽ അങ്കുരിപ്പിച്ചു. ഞാൻ സമാധാനം അന്വേഷിച്ചുകൊണ്ടിരുന്നപ്പോൾ അത്ഭുതകരമായ വിധത്തിൽ ഞാൻ മെല്ലെ മെല്ലെ സമാധാനത്തിന്റെ ഉറവിടത്തിലേക്ക് ആനയിക്കപ്പെട്ടു. ഞാൻ ഈ പരിണാമത്തിലെത്തിയപ്പോൾ, ഈ അഭിനിവേശവും ഹൃദയസംതൃപ്തിയും ജീവിക്കുന്നവനായ ക്രിസ്തുവിൽ നിന്നാണു വന്നതെന്ന് എനിക്കൊരു ആത്മസാക്ഷാത്കാരമുണ്ടായി. എന്റെ കഠിനോദ്വേഗത്തിനു സ്വസ്ഥത ലഭിച്ചു'.

ആദ്യകാലങ്ങളിൽ ക്രിസ്തുവിനെപ്പറ്റി അറിയാതിരുന്ന എന്റെയും മറ്റു സത്യാന്വേഷകരുടെയും നില എന്തായിരുന്നുവെന്നു വിശദീകരിക്കുവാൻവേണ്ടി ഒരു കഥ പറയാം. കുറെ നാളുകൾക്കു മുൻപ്, ഒരു ക്ഷാമകാലത്തു മാന്യനായ ഒരാൾ

> **‘എന്റെ പഴയ ജീവിതത്തിൽ ഏതാണ്ടൊരു സാന്ത്വനം എനിക്കുണ്ടായിരുന്നു. പക്ഷേ, എനിക്കു മനസ്സമാധാനം ഇല്ലായിരുന്നു.ഈ സാന്ത്വനാവസ്ഥ, യഥാർത്ഥ സമാധാനം തേടുവാനുള്ള ആഗ്രഹം എന്നിൽ അങ്കുരിപ്പിച്ചു. ഞാൻ സമാധാനം അന്വേഷിച്ചുകൊണ്ടിരുന്നപ്പോൾ അത്ഭുതകരമായ വിധത്തിൽ ഞാൻ മെല്ലെ മെല്ലെ സമാധാനത്തിന്റെ ഉറവിടത്തിലേക്ക് ആനയിക്കപ്പെട്ടു. ഞാൻ ഈ പരിണാമത്തിലെത്തിയപ്പോൾ, ഈ അഭിനിവേശവും ഹൃദയസംതൃപ്തിയും ജീവിക്കുന്നവനായ ക്രിസ്തുവിൽ നിന്നാണു വന്നതെന്ന് എനിക്കൊരു ആത്മസാക്ഷാത്കാരമുണ്ടായി. എന്റെ കഠിനോദ്വേഗത്തിനു സ്വസ്ഥത ലഭിച്ചു’.**

പണമില്ലാതെ ഞെരുങ്ങി പട്ടിണിയുടെ വക്കിലെത്തി. അഭിമാനംകൊണ്ടോ ലജ്ജകൊണ്ടോ എന്തോ, തന്റെ നിസ്സഹായാവസ്ഥയെപ്പറ്റി അയാൾ ആരോടെങ്കിലും പറയുകയോ സഹായം അഭ്യർത്ഥിക്കുകയോ ചെയ്തില്ല. അയാൾ ദൈവത്തോടുമാത്രം അപേക്ഷിച്ചു പറഞ്ഞു. ദൈവം അയാളുടെ പ്രാർത്ഥനയ്ക്ക് ഉത്തരമരുളി. വിദേശരാജ്യത്തുനിന്ന് ആയിടെ തിരിച്ചെത്തിയ ഒരു കച്ചവടക്കാരൻ അയാളുടെ പ്രയാസങ്ങളെപ്പറ്റി അറിയുകയും മറ്റുള്ളവരറിയാതെ രാത്രിയിൽ ഭക്ഷണസാധനങ്ങൾ അയച്ചു കൊടുക്കുകയും ചെയ്തു. തന്റെ പ്രാർത്ഥനയ്ക്കുത്തരം ലഭിച്ചതിൽ അതീവസന്തുഷ്ടനായ ആ മനുഷ്യൻ മുട്ടുകുത്തി നിന്നുകൊണ്ടു ദൈവമുമ്പാകെ തന്റെ ആത്മാവിനെത്തന്നെ സ്തോത്രരൂപത്തിൽ കോരിച്ചൊരിഞ്ഞു. ഏറെത്താമസിയാതെ ക്ഷാമം അവസാനിച്ചപ്പോൾ പ്രസ്തുത കച്ചവടക്കാരൻ അയാളെ സമീപിച്ച് ആവശ്യമുള്ള പണം നൽകി. ഈ മഹാമനസ്കത കണ്ടപ്പോൾ അയാൾ ആത്മാർത്ഥമായ കൃതജ്ഞതയോടെ കച്ചവടക്കാരന്റെ മുൻപിൽ മുട്ടുകുത്തി അദ്ദേഹത്തിന്റെ പാദങ്ങൾ ചുംബിച്ചു.അപ്പോഴാണു മനസ്സിലായത്, അദ്ദേഹം തന്റെ സ്വന്തം ജ്യേഷ്ഠനാണെന്ന്! ഈ ജ്യേഷ്ഠൻ വളരെക്കാലം മുൻപു വിദേശത്തു പോയിരുന്നതിനാൽ അദ്ദേഹം മരിച്ചുപോയെന്നാണ് എല്ലാവരും വിചാരിച്ചിരുന്നത്!

**ഒരു പണ്ഡിതൻ:**

ഗംഗാനദീതീരത്തുള്ള ഒരു പുണ്യസ്ഥലത്തു വന്നുകൂടുന്ന തീർത്ഥാടകരോടു പ്രസംഗിക്കുവാനായി ഒരിക്കൽ ഞാൻ പോകുകയുണ്ടായി: ‘മറ്റു തീർത്ഥാടകരെപ്പോലെ നിങ്ങളും തീർഥത്തിൽ കുളിക്കുവാൻ വന്നതാണോ?’ എന്ന് ഒരു പണ്ഡിതൻ എന്റെ അടുത്തവന്നു ചോദിച്ചു.

ഞാൻ: ‘അല്ല. ഞാൻ ക്രിസ്തുവിൽ വിശ്വാസസ്നാനം ചെയ്തുകഴിഞ്ഞു. അവന്റെ കൃപയാൽ ഞാൻ രക്ഷിക്കപ്പെട്ടിരിക്കുന്നു. എന്റെ രക്ഷകനെപ്പറ്റി തീർത്ഥാടകരോടു സംസാരിക്കുവാനാണ് ഞാൻ വന്നിട്ടുള്ളത്.’ പണ്ഡിതൻ ഇതു കേട്ടപ്പോൾ അത്ഭുതപ്പെട്ടു. ‘അതു വളരെ ഭേഷായിപ്പോയല്ലോ സ്വാമി! ഞാനും അതേ കാര്യത്തിനാണു വന്നിട്ടുള്ളത്’ എന്ന് അദ്ദേഹം പറഞ്ഞപ്പോൾ എന്റെ അത്ഭുതം വർധിച്ചു. സ്നേഹവായ്പോടെ അദ്ദേഹമെന്നെ ആലിംഗനം ചെയ്തു. ഇതു കണ്ടപ്പോൾ അനേകം തീർത്ഥാടകർ അവിടെ കൂടിവന്നു ഞങ്ങളുടെ സംഭാഷണം കേൾക്കണമെന്നുള്ള താൽപര്യം പ്രകടിപ്പിച്ചു. ഞങ്ങൾ രണ്ടുപേരും സുവിശേഷം പ്രസംഗിക്കുകയും അനേകം തീർഥാടകർ ഞങ്ങളുടെ പ്രസംഗം ശ്രദ്ധയോടെ കേൾക്കയും ചെയ്തു.

സുവിശേഷപ്രഭാഷണം കഴിഞ്ഞു പണ്ഡിതൻ എന്നെ അദ്ദേഹത്തിന്റെ ഭവ





നത്തിൽ കൂട്ടിക്കൊണ്ടുപോയി, ഭാര്യയെയും പുത്രന്മാർ ഇരുവരെയും എനിക്കു പരിചയപ്പെടുത്തിത്തന്നു. പുത്രന്മാർ അച്ഛനെപ്പോലെ തന്നെ തീവ്രഭക്തിയുള്ള ക്രിസ്ത്യാനികളായിരുന്നു. ഭക്ഷണത്തിനുശേഷം ഞങ്ങൾ ഏറെനേരം വർത്തമാനം പറഞ്ഞിരിക്കുകയും, അനേകവർഷങ്ങളായി അദ്ദേഹം ക്രിസ്തുവിനുവേണ്ടി ഇവ്വിധം പ്രവർത്തിക്കുന്ന കാര്യം എന്നോടു വിശദീകരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ പ്രസംഗംമൂലം അനേകർ വിശ്വാസികളായിത്തീർന്നിട്ടുണ്ട്. ആ സ്ഥലത്തുള്ള മിഷനറിമാർക്കും ക്രിസ്ത്യാനികൾക്കും അദ്ദേഹത്തെ പരിചയമില്ലായിരുന്നുതാനും. എങ്കിലും അവർ വിതച്ച വിത്ത് എങ്ങനെയെന്ന് അവരറിയാതെ തന്നെ മുളച്ചുവരികയായിരുന്നു (മർക്കൊ. 4:26–29).

അദ്ദേഹം എങ്ങനെയാണ് ക്രിസ്ത്യാനിയായതെന്നു ചോദിച്ചപ്പോൾ കിട്ടിയ മറുപടി ഇപ്രകാരമാണ്: “ഞാൻ ക്രിസ്തുവിനെപ്പറ്റി പലപ്പോഴും കേട്ടിട്ടുണ്ടായിരുന്നുവെങ്കിലും ഒരു മുൻവിധിമൂലം ക്രിസ്ത്യാനികളിൽ നിന്നും മിഷനറിമാരിൽ നിന്നും അവരുടെ ക്രിസ്തുവിൽ നിന്നും എത്രത്തോളം അകന്നു നിൽക്കാമോ അത്രത്തോളം ഞാനകന്നു മാറിനിന്നു.

ഒരിക്കൽ അലഹബാദിലെ കുംഭമേളയിൽ വച്ചു ‘രഹസ്യ ക്രിസ്തീയ സംഘ’ത്തിൽപ്പെട്ട ജ്ഞാനികളായ രണ്ടുപേരെ ഞാൻ കാണാനിടയായി. അവർ വലിയ സംസ്കൃത പണ്ഡിതന്മാരായിരുന്നു. ക്രിസ്തു മാത്രമാണു രക്ഷകനെന്നു കുറേശ്ശെ കുറേശ്ശെയായി അവരെനിക്കു വ്യക്തമാക്കിത്തന്നു. ഏതാനും ദിവസങ്ങൾകൊണ്ടു ക്രിസ്തുവിനെപ്പറ്റിയുള്ള എന്റെ വെറുപ്പും തെറ്റുധാരണയും മാറിക്കിട്ടി. അനന്തരം ഈ സന്ന്യാസിമാർ ‘പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെ’യും നാമത്തിൽ, യമുനാനദിയിൽ എന്നെ സ്നാനപ്പെടുത്തി. അന്നുമുതൽ എന്റെ സമയവും ശക്തിയും എന്റെ രക്ഷകനു വേണ്ടിയാണു ഞാൻ ചെലവഴിക്കുന്നത്. ആ സന്യാസിമാരെ കണ്ടുമുട്ടിയില്ലായിരുന്നുവെങ്കിൽ ഞാനൊരിക്കലും ക്രിസ്ത്യാനിയാകുകയില്ലായിരുന്നു.’

പണ്ഡിതൻ തുടർന്നു: ‘ഞങ്ങളുടെ മനപ്രയാസങ്ങൾക്ക് ആരോ പരിഹാരമാർഗം നൽകിയതുകൊണ്ടല്ല ഞാനും എന്റെ കുടുംബവും ക്രിസ്തുവിൽ വിശ്വസിക്കുന്നത്; പിന്നെയോ ക്രിസ്തു യഥാർത്ഥത്തിൽ ഞങ്ങളുടെയും ലോകത്തിന്റെയും രക്ഷിതാവാണെന്നു വ്യക്തിഗതമായ അനുഭവങ്ങളിൽക്കൂടി ഞങ്ങൾ മനസ്സിലാക്കിയതുകൊണ്ടാണ് ഞങ്ങൾ തന്നിൽ വിശ്വസിക്കുന്നത്’ (യോഹ. 4:42).

(തുടരും)

> **ഗംഗാനദീതീരത്തുള്ള ഒരു പുണ്യസ്ഥലത്തു വന്നുകൂടുന്ന തീർത്ഥാടകരോടു പ്രസംഗിക്കുവാനായി ഒരിക്കൽ ഞാൻ പോകുകയുണ്ടായി: ‘മറ്റു തീർത്ഥാടകരെപ്പോലെ നിങ്ങളും തീർഥത്തിൽ കുളിക്കുവാൻ വന്നതാണോ?’ എന്ന് ഒരു പണ്ഡിതൻ എന്റെ അടുത്തവന്നു ചോദിച്ചു. ഞാൻ: ‘അല്ല. ഞാൻ ക്രിസ്തുവിൽ വിശ്വാസസ്നാനം ചെയ്തുകഴിഞ്ഞു. അവന്റെ കൃപയാൽ ഞാൻ രക്ഷിക്കപ്പെട്ടിരിക്കുന്നു. എന്റെ രക്ഷകനെപ്പറ്റി തീർത്ഥാടകരോടു സംസാരിക്കുവാനാണ് ഞാൻ വന്നിട്ടുള്ളത്.’ പണ്ഡിതൻ ഇതു കേട്ടപ്പോൾ അത്ഭുതപ്പെട്ടു. ‘അതു വളരെ ഭേഷായിപ്പോയല്ലോ സ്വാമി! ഞാനും അതേ കാര്യത്തിനാണു വന്നിട്ടുള്ളത്’ എന്ന് അദ്ദേഹം പറഞ്ഞു.**

തിരുവെഴുത്തുകളെ പരിശോധിക്കുക



# ബൈബിളിലൂടെ...

# 1 കൊരിന്ത്യർ

**കർത്താവിന്റെ മേശ**

തുടർന്ന് കർത്താവിന്റെ മേശ എന്ന വിഷയത്തിലേക്ക് കടക്കാം (11:23-34). കർത്താവിന്റെ മേശയിലേക്ക് വരമ്പോൾ, നാം കർത്താവിന്റെ മരണത്തെ ഓർക്കുകയാണ്. കർത്താവ് തന്റെ ശരീരത്തെ നുറുക്കുവാൻ ഏൽപ്പിച്ചുകൊടുത്തതുപോലെ ഞാനും നുറുക്കപ്പെടുവാൻ ആഗ്രഹിക്കുന്നുവെന്ന് ഇതിലൂടെ നാം സാക്ഷ്യപ്പെടുത്തുന്നു. അതുകൊണ്ട്, അപ്പം നുറുക്കി വായിൽ വയ്ക്കേണ്ടത് മറ്റൊരുവൻ ചെയ്യേണ്ടകാര്യമല്ല. അതു ഞാൻ തനിയെ ചെയ്യേണ്ടതാണ്. എന്തെന്നാൽ ഞാൻ നുറുക്കപ്പെടണമെന്നത് എന്റെ സ്വന്തം തീരുമാനമായിരിക്കണം. നാം സ്വയം നുറുങ്ങിയെങ്കിൽ മാത്രമേ, അതിന്റെ ഉദ്ദേശ്യം ശരിയായി വ്യക്തമാക്കപ്പെടുകയുള്ളു. ഒരപ്പത്തിൽ പങ്കാളികളാകുന്ന നാമെല്ലാം ഒരു ശരീരമാണെന്ന് ഇതിലൂടെ നാം സാക്ഷ്യപ്പെടുത്തുന്നു. അത് ക്രിസ്തുവിന്റെ ശരീരമാണ് (10:17). അതിനാൽ കർത്താവിനോടുള്ള ഒരു ഉടമ്പടിയും സഹവിശ്വാസികളോടുള്ള ഐക്യത്തിന്റെ തെളിവുമാണ് ഈ ശുശ്രൂഷയിലെ സാക്ഷ്യം.



*ഇടതുകൈ ചെക്കിൽ ഒപ്പിടുകയും ആ ചെക്ക് ബാങ്കിൽ കൊടുക്കുകയും ചെയ്യുന്നു. എന്നാൽ അതു ബാങ്ക് സ്വീകരിക്കുകയില്ല. കാരണം അതു വലതു കൈകൊണ്ട് ഇട്ട ഒപ്പിന് തുല്യമായിരിക്കുകയില്ല.*





അതിനാൽ, ഇത്തരത്തിൽ ലംബമായി ദൈവത്തോടുള്ള ബന്ധത്തിലും തിരശ്ചീനമായി സഹവിശ്വാസികളോടുള്ള ബന്ധത്തിലും കൂട്ടായ്മയാചരിക്കുവാൻ നമുക്കാവുന്നില്ലെങ്കിൽ നമ്മുടെ അപ്പം നുറുക്കൽ ഒരു വ്യാജമാണ്.

അതിന്റെ ഫലമായി നാം, ശാരീരികമായും ആത്മീയമായും രോഗികളാകുവാൻ സാധ്യതയുണ്ട്. ചിലപ്പോൾ ആത്മീയ മരണവും സംഭവിക്കാം (11:30). അതുകൊണ്ട് അപ്പം നുറുക്കുന്നതിനുമുമ്പായി ഈ വിഷയങ്ങളെ ഗൗരവമായി കണ്ട് നാം സ്വയംശോധനചെയ്യുവാൻ തയ്യാറാവണം. (11:31).

**അധ്യായം 12**

ഈ അദ്ധ്യായത്തിൽ ആത്മാവിന്റെ വരങ്ങളെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. ക്രിസ്തുവിന്റെ ശരീരമായ ഒരു പ്രാദേശിക സഭയുടെ നടത്തിപ്പുമായി ബന്ധപ്പെടുത്തിയാണ് ആത്മവരങ്ങളെ ഇവിടെ വെളിപ്പെടുത്തുന്നത്. ഇന്ന് പല വിശ്വാസികളും ആത്മാവിന്റെ വരങ്ങളെ, ക്രിസ്തുവിന്റെ ശരീരത്തിന്റെ പ്രാദേശിക വെളിപ്പെടുത്തലായി ഓരോ പ്രദേശത്തുമുള്ള സഭയുടെ പണിയുമായി ബന്ധപ്പെടുത്തിയല്ല കാണുന്നത്. അതിനാൽ അവർ തെറ്റിപ്പോകുന്നു. മറ്റുള്ളവരെ നന്നായി ശുശ്രൂഷിക്കേണ്ടതിനാണ് ആത്മവരങ്ങളെ നാം വാഞ്ഛിക്കേണ്ടത് (ലൂക്കോ. 11:5-13).

12-ാം അദ്ധ്യായത്തിന്റെ രണ്ടാം ഭാഗത്തെ (ക്രിസ്തുവിന്റെ ശരീരത്തെ) തള്ളിക്കളഞ്ഞുകൊണ്ട്, അതിന്റെ ഒന്നാം ഭാഗത്തെ (ആത്മവരങ്ങളെ) മാത്രം പ്രാധാന്യത്തോടെ കരുതുന്നവരുണ്ട്. മറ്റുചിലർ ഒന്നാം ഭാഗത്തെ ഉപേക്ഷിച്ച് രണ്ടാം ഭാഗത്തിന് പ്രാധാന്യം നൽകുന്നു. ഇന്ന് നമുക്ക് ബാധകമല്ല എന്ന ന്യായം പറഞ്ഞു, പതിനൊന്നാം അദ്ധ്യായത്തിന്റെ ഒന്നാം ഭാഗത്തെ തള്ളുകയും രണ്ടാം ഭാഗത്തെ സ്വീകരിക്കുകയും ചെയ്യുന്നവർക്ക് തുല്യരാണ് ഈ രണ്ടു കൂട്ടരും.

**ലംബമായി ദൈവത്തോടുള്ള ബന്ധത്തിലും തിരശ്ചീനമായി സഹവിശ്വാസികളോടുള്ള ബന്ധത്തിലും കൂട്ടായ്മയാചരിക്കുവാൻ നമുക്കാവുന്നില്ലെങ്കിൽ നമ്മുടെ അപ്പം നുറുക്കൽ ഒരു വ്യാജമാണ്. അതിന്റെ ഫലമായി നാം, ശാരീരികമായും ആത്മീയമായും രോഗികളാകുവാൻ സാധ്യതയുണ്ട്. ചിലപ്പോൾ ആത്മീയ മരണവും സംഭവിക്കാം. അതുകൊണ്ട് അപ്പം നുറുക്കുന്നതിനുമുമ്പായി ഈ വിഷയങ്ങളെ ഗൗരവമായി കണ്ട് നാം സ്വയംശോധനചെയ്യുവാൻ തയ്യാറാവണം.**

ഏതെങ്കിലും ഒരു ആത്മവരത്തിന്റെ ശരിയായ വിനിയോഗത്തെക്കുറിച്ച് അറിയണമെങ്കിൽ, ക്രിസ്തുവിന്റെ ശരീരത്തിന്റെ പ്രാദേശിക പതിപ്പായ ഒരു പ്രാദേശിക സഭയിൽ മറ്റുള്ളവരെ ശുശ്രൂഷിക്കുന്നതുമായി ബന്ധപ്പെടുത്തി അതിനെ കാണേണ്ടതുണ്ട്. 12:13-ൽ പൗലൊസ് സാർവ്വത്രിക സഭയെ (ആഗോളവ്യാപകമായ ക്രിസ്തുവിന്റെ ശരീരത്തെ)ക്കുറിച്ചാണ് പറയുന്നത് ('നാം എല്ലാവരും' എന്ന പ്രയോഗം ശ്രദ്ധിക്കുക). എന്നാൽ 12:27-ൽ കൊരിന്തിലുള്ള ക്രിസ്തുവിന്റെ ശരീരമായ പ്രാദേശിക സഭയെക്കുറിച്ചാണ് പറയുന്നത് ( 'നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും' എന്ന പ്രയോഗം നോക്കുക).

ശരീരത്തിലെ വിവിധ അവയവങ്ങൾ പോലെയാണ്, ആത്മാവിന്റെ വരങ്ങൾ

**കണ്ണോ ചെവിയോ പോലെയുള്ള സുപ്രധാന അവയവങ്ങളിലൊന്നായിരിക്കാൻ എല്ലാവരും ആഗ്രഹിക്കരുത്. “ശരീരം മുഴുവൻ കണ്ണായാൽ ശ്രവണം എവിടെ? മുഴുവൻ ശ്രവണം ആയാൽ ഘ്രാണം എവിടെ?”. അതിനാൽ മറ്റൊരുവന്റെ വരം നാം ഒരിക്കലും ആഗ്രഹിക്കരുത്. ഒരുവനെ കണ്ണോ നാവോ ആയി ക്രിസ്തുവിന്റെ ശരീരത്തിൽ ആക്കിവെച്ചിരിക്കുന്നത് ദൈവമാണ്. നാവുപോലെ മറ്റുള്ളവർക്ക് ദൃശ്യമായിരിക്കുന്ന ഒരു അവയവമായിരിക്കുവാനല്ല, മറിച്ച് ഹൃദയമോ കരളോ വൃക്കയോ പോലെ കാഴ്ചയ്ക്ക് മറഞ്ഞിരിക്കുവാനായിരിക്കാം നിങ്ങളെക്കുറിച്ചുള്ള ദൈവഹിതം.**

ക്രിസ്തുവിന്റെ ശരീരത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. കണ്ണോ ചെവിയോ പോലെയുള്ള സുപ്രധാന അവയവങ്ങളിലൊന്നായിരിക്കാൻ എല്ലാവരും ആഗ്രഹിക്കരുത്. “ശരീരം മുഴുവൻ കണ്ണായാൽ ശ്രവണം എവിടെ? മുഴുവൻ ശ്രവണം ആയാൽ ഘ്രാണം എവിടെ?” (12:17). അതിനാൽ മറ്റൊരുവന്റെ വരം നാം ഒരിക്കലും ആഗ്രഹിക്കരുത്. ഒരുവനെ കണ്ണോ നാവോ ആയി ക്രിസ്തുവിന്റെ ശരീരത്തിൽ ആക്കിവെച്ചിരിക്കുന്നത് ദൈവമാണ്. നാവുപോലെ മറ്റുള്ളവർക്ക് ദൃശ്യമായിരിക്കുന്ന ഒരു അവയവമായിരിക്കുവാനല്ല, മറിച്ച് ഹൃദയമോ കരളോ വൃക്കയോ പോലെ കാഴ്ചയ്ക്ക് മറഞ്ഞിരിക്കുവാനായിരിക്കാം നിങ്ങളെക്കുറിച്ചുള്ള ദൈവഹിതം. എന്നാൽ അദൃശ്യമായിരിക്കുന്ന ഈ അവയവങ്ങളെല്ലാം അതിയായ പ്രാധാന്യമുള്ള ചില പ്രവർത്തനങ്ങൾ ചെയ്യുന്നതായി നമുക്കറിയാം. ശരീരത്തിന്റെ ചില ഭാഗങ്ങൾ (ഉദാ. കാലിലെ ഉപ്പൂറ്റി) വളരെ കാഠിന്യമുള്ളവയാണ്, എന്തെന്നാൽ വളരെ കഠിനമായ സാഹചര്യങ്ങളെ അവയ്ക്ക് അഭിമുഖീകരിക്കേണ്ടതായുണ്ട്. എന്നാൽ മറ്റു ചിലത് (ഉദാ. കണ്ണുകൾ) വളരെ മൃദുവും വളരെപ്പെട്ടെന്ന് മുറിവേൽക്കപ്പെടുവാൻ സാധ്യതയുള്ളവയുമാണ്. കണ്ണിൽ ഒരു ചെറിയ പൊടി വീണാൽപോലും അതു നമ്മെ വല്ലാതെ ബുദ്ധിമുട്ടിലാക്കും. എന്നാൽ കാലിൽ ധാരാളം പൊടി പറ്റിപ്പിടിച്ചാലും അതു നാം അറിയണമെന്നില്ല. അതുപോലെ, ചില അവയവങ്ങൾ വളരെ ഭംഗിയുള്ളവയും മറ്റു ചിലത് അത്രത്തോളം ഭംഗിയില്ലാത്തവയുമാണ്. ഭംഗിയില്ലാത്തവയെ നാം മറച്ചു വെക്കാറുണ്ട്.

അതുപോലെ സഭയിലും ചിലർ വളരെ ദൃശ്യമായ ശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്നു. ഉദാഹരണത്തിന്, സ്ഥിരമായി പുൾപിറ്റിൽ നിന്ന് വചനം സംസാരിക്കുന്ന ഒരു പ്രസംഗകൻ. അയാളെ നാവിനോട് നമുക്ക് ഉപമിക്കാം. എന്നാൽ സഭയിലുള്ള മറ്റു പലരും ഒരിക്കൽപോലും പുൾപിറ്റിൽ നിന്ന് ഒരു പ്രസംഗം ചെയ്തിട്ടില്ലായിരിക്കാം. അവർ ഈ പ്രസംഗകനുവേണ്ടി രഹസ്യത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന പ്രാർത്ഥനക്കാരാവാം. വായ്ക്ക് സംസാരിക്കുവാൻ കഴിയേണ്ടതിന് അതിലേക്ക് രക്തം പ്രവഹിപ്പിക്കുന്ന ഹൃദയം പോലെയാണ് അവർ. ഈ രണ്ട് അവയവങ്ങൾക്കും തുല്യപ്രാധാന്യം ഉണ്ടെന്ന് നമുക്കറിയാം. ഹൃദയം രക്തം പമ്പുചെയ്യാതെ വായ്ക്ക് സംസാരിക്കുവാൻ കഴിയില്ല. എന്നാൽ വായ് തുറന്ന് ഭക്ഷണം അകത്തേക്ക് നൽകിയില്ലെങ്കിൽ ഹൃദയത്തിന്റെ താളം നിലയ്ക്കും. അതിനാൽ, ഹൃദയം വായയെയും, വായ് ഹൃദയത്തെയും ആശ്രയിച്ചാണ് ജീവിക്കുന്നത്. ഇതുപോലെ, നിങ്ങൾക്ക് എന്തെല്ലാം വരങ്ങൾ ഉണ്ടെങ്കിലും, നിങ്ങൾ മറ്റ് സഹോദരങ്ങളെയും അവർ നിങ്ങളെയും ആശ്രയിച്ചാണ് ആയിരിക്കുന്നതെന്ന് മനസ്സിലാക്കുക.ആ സഹോദരൻ





അദൃശ്യമായ ഹൃദയം പോലെയും, നിങ്ങൾ എല്ലാവർക്കും ദൃശ്യമായ കണ്ണുകൾപോലെയോ കരങ്ങൾപോലെയോ ആയിരിക്കാം.

ആത്മാവിന് പല വരങ്ങൾ ഉണ്ടെങ്കിലും അവ തമ്മിൽ യാതൊരു മത്സരവുമില്ല, മറിച്ച്, തികഞ്ഞ സഹകരണമാണ് ഉള്ളത്. ഒരുവൻ അപ്പൊസ്തലനും മറ്റൊരുവൻ പ്രവാചകനും ആയിരിക്കാം (12:28). ഒരുവന് അന്യഭാഷാ വരവും മറ്റൊരുവനു രോഗശാന്തി വരവും ഉണ്ടായിരിക്കാം. എല്ലാവരെയും ഒരുപോലെ ആവശ്യമാണ്. ആർക്കും മറ്റൊരുവന്റെ വരം ആവശ്യമില്ല. അതുപോലെതന്നെ, ഒരുവന് മറ്റൊരുവനോട്, ‘എനിക്ക് നിന്നെ ആവശ്യമില്ല, എനിക്കെല്ലാം സ്വയമായി ചെയ്യുവാൻ കഴിയും’ എന്ന് പറയുവാൻ സാധിക്കയില്ല. (12:21).

നിങ്ങളുടെ ഇടതു കൈക്ക് വലതു കൈയോട് എപ്പോഴെങ്കിലും അസൂയ തോന്നിയിട്ടുണ്ടോ? പ്രധാനപ്പെട്ട എഴുത്തുകൾ എഴുതുന്നതും ചെക്കുകൾ ഒപ്പിടുന്നതുമൊക്കെ വലതു കൈ ആയിരിക്കാം. അതിൽ അസൂയപ്പെട്ടിട്ട് ഇടതുകൈ എപ്പോഴെങ്കിലും, “ഓ, വലതുകൈയാണ് എപ്പോഴും പ്രാധാന്യമുള്ള ജോലികളെല്ലാം ചെയ്യുന്നത്. എനിക്കൊരിക്കലും പ്രാധാന്യമുള്ള ജോലികളൊന്നും ചെയ്യുവാൻ സാധിക്കുന്നില്ല.” എന്ന് പറയാറുണ്ടോ? പിന്നീടൊരിക്കൽ, നിങ്ങളുടെ വലതുകരത്തിന് ഒടിവേൽക്കുകയും അതിൽ പ്ലാസ്റ്ററിടുകയും ചെയ്തെന്നിരിക്കട്ടെ. അപ്പോൾ ഇടതുകരം, “ആ ജോലികൾ ചെയ്യുവാൻ എനിക്കു കിട്ടിയ അവസരമാണിത്” എന്നു പറഞ്ഞെന്നിരിക്കട്ടെ. തുടർന്ന് ഇടതുകൈ ചെക്കിൽ ഒപ്പിടുകയും ആ ചെക്ക് ബാങ്കിൽ കൊടുക്കുകയും ചെയ്യുന്നു. എന്നാൽ അതു ബാങ്ക് സ്വീകരിക്കുകയില്ല. കാരണം അതു വലതുകൈകൊണ്ട് ഇട്ട ഒപ്പിന് തുല്യമായിരിക്കുന്നില്ല. എന്നാൽ ഇടതുകൈ

**ശരീരത്തിന്റെ ചില ഭാഗങ്ങൾ (ഉദാ. കാലിലെ ഉപ്പൂറ്റി) വളരെ കാഠിന്യമുള്ളവയാണ്, എന്തെന്നാൽ വളരെ കഠിനമായ സാഹചര്യങ്ങളെ അവയ്ക്ക് അഭിമുഖീകരിക്കേണ്ടതായുണ്ട്. എന്നാൽ മറ്റു ചിലത് (ഉദാ. കണ്ണുകൾ) വളരെ മൃദുവും വളരെപ്പെട്ടെന്ന് മുറിവേൽക്കപ്പെടുവാൻ സാധ്യതയുള്ളവയുമാണ്. കണ്ണിൽ ഒരു ചെറിയ പൊടി വീണാൽപോലും അതു നമ്മെ വല്ലാതെ ബുദ്ധിമുട്ടിലാക്കും. എന്നാൽ കാലിൽ ധാരാളം പൊടി പറ്റിപ്പിടിച്ചാലും അതു നാം അറിയണമെന്നില്ല. അതുപോലെ, ചില അവയവങ്ങൾ വളരെ ഭംഗിയുള്ളവയും മറ്റു ചിലത് അത്രത്തോളം ഭംഗി ഇല്ലാത്തവയുമാണ്. ഭംഗിയില്ലാത്തവയെ നാം മറച്ചു വെക്കാറുണ്ട്.**

യഥാർത്ഥത്തിൽ ചെയ്യേണ്ടതെന്താണ്? വലതുകൈക്ക് ആരോഗ്യം വീണ്ടെടുക്കുവാനായി തനിക്ക് കഴിയുന്നതെല്ലാം ഇടതുകൈ ചെയ്തു കൊടുക്കണം. ഇപ്രകാരമാണ് ക്രിസ്തുവിന്റെ ശരീരവും പ്രവർത്തിക്കേണ്ടത്. മറ്റൊരു സഹോദരൻ നിങ്ങളെക്കാൾ വരപ്രാപ്തനാണെന്ന് കണ്ടാൽ, അയാളുടെ ശുശ്രൂഷയെ അനുകരിക്കുവാൻ നിങ്ങൾ എത്ര പരിശ്രമിച്ചാലും സാധിക്കയില്ല.എന്തുകൊണ്ടെന്നാൽ അയാൾക്ക് ആ വരം നൽകിയത് ദൈവമാണ്. ചെക്കുകൾ ഒപ്പിടുവാൻ ശരീരത്തിൽ ഒരു അവയവം (വലതുകൈ) മാത്രം മതി. സഭയിൽ അസൂയയും മത്സരവും ഉണ്ടാകുവാനുള്ള ഒരു കാരണം, വിശ്വാസികൾ ശരിയായ നിലയിൽ ക്രിസ്തുവിന്റെ ശരീരത്തെ മനസ്സിലാക്കിയിട്ടില്ല എന്നുള്ളതാണ്.

ആളുകൾ പലപ്പോഴും എന്നോട് ചോദിക്കുന്ന ഒരു ചോദ്യമുണ്ട്: “സഹോദരൻ

**മറ്റൊരു സഹോദരൻ നിങ്ങളെക്കാൾ വരപ്രാപ്തനാണെന്ന് കണ്ടാൽ, അയാളുടെ ശുശ്രൂഷയെ അനുകരിക്കുവാൻ നിങ്ങൾ എത്ര പരിശ്രമിച്ചാലും സാധിക്കയില്ല.എന്തുകൊണ്ടെന്നാൽ അയാൾക്ക് ആ വരം നൽകിയത് ദൈവമാണ്. ഈ സത്യം ഒരിക്കൽ നിങ്ങൾ കണ്ടെത്തിയാൽ, അതു നിങ്ങളെ എല്ലാ അസൂയയിൽ നിന്നും, മത്സരങ്ങളിൽ നിന്നും അസ്വസ്ഥതയിൽ നിന്നും വിടുവിക്കും.**

സാക്, താങ്കൾ എന്തുകൊണ്ടാണ് എപ്പോഴും വിശുദ്ധിയെക്കുറിച്ചും ശരീരത്തിന്റെ സമതുലിതമായ സ്ഥിതിയെക്കുറിച്ചും പറയുന്നത്?" ഇതിന് മറുപടിയായി ഞാൻ ചോദിക്കുന്ന ഒരു ചോദ്യമുണ്ട്, "എന്തുകൊണ്ടാണ് വൃക്കകൾ എപ്പോഴും രക്തം ശുദ്ധീകരിക്കുകയും ശരീരത്തിലെ രാസസംതുലനം ക്രമീകരിക്കുകയും ചെയ്യുന്നത്?".കാരണം എന്തെന്നാൽ, ദൈവം അതിന് നൽകിയിട്ടുള്ള ശുശ്രൂഷ അതാണ്. അതുകൊണ്ട് എല്ലാം തികഞ്ഞുവെന്നല്ല, എന്നാൽ അതൊരു പ്രധാന ശുശ്രൂഷയാണ്. നിങ്ങളുടെ വൃക്കകൾ പ്രവർത്തനം നിർത്തിയാൽ നിങ്ങളുടെ ശരീരത്തിന്റെ താളം തെറ്റും. എന്നാൽ കൈകളും വായും ഇല്ലാതെ വൃക്കകൾക്കും സ്വയമായി നിലനിൽപ്പില്ല. നമുക്ക് തമ്മിൽ തമ്മിൽ ബന്ധമുണ്ട്. ഒരു പിടി ചോറ് എടുത്ത് വായിൽ വയ്ക്കുന്ന പ്രവൃത്തിയോട് സുവിശേഷീകരണത്തെ നമുക്ക് ഉപമിക്കാം. അതായത്, ഒരു അവിശ്വാസിയെ ക്രിസ്തുവിന്റെ ശരീരവുമായി ബന്ധിപ്പിക്കുന്ന പ്രവൃത്തിയാണത്. എന്നാൽ അതുമാത്രം മതിയോ? പോരാ. സുവിശേഷീകരണത്തിനു ശേഷം (ഒരു അവിശ്വാസിയെ ക്രിസ്തുവിന്റെ ശരീരത്തിൽ എത്തിച്ചതിനുശേഷം), മറ്റൊരുവൻ തുടർപ്രവൃത്തി ഏറ്റെടുക്കേണ്ടതുണ്ട്. ആ അവിശ്വാസിയെ നുറുക്കത്തിലേക്കും താഴ്മയിലേക്കും നടത്തി, ക്രിസ്തുവിന്റെ ശരീരത്തിൽ അവൻ നിർവ്വഹിക്കേണ്ട വേലയ്ക്കായി അവനെ പ്രാപ്തനാക്കണം. ഭക്ഷണം ആമാശയത്തിൽ എത്തിച്ചേരുമ്പോൾ അതിലേക്ക് ദഹനരസങ്ങൾ ചേർത്ത് അതിനെ ദഹിപ്പിച്ച് ഒടുവിൽ അതിനെ രക്തത്തിന്റെയും മാംസത്തിന്റെയും എല്ലുകളുടെയും ഭാഗമാക്കി മാറ്റുന്ന ഒരു സങ്കീർണ്ണമായ പ്രക്രിയയുണ്ട്. ഇതുപോലെതന്നെയാണ് ഒരു അവിശ്വാസി ക്രിസ്തുവിന്റെ ശരീരത്തിലെ സജീവഘടകമായി മാറുന്നത്.

എന്നാൽ നാം കഴിച്ച ചോറ്, വായിലോ ആമാശയത്തിലോ ദഹിക്കാതെ അതേപടി കിടന്നാൽ എന്തു സംഭവിക്കും? കുറച്ച് സമയത്തിനു ശേഷം അത് ഛർദ്ദിച്ച് പുറത്തുകളയുകയേ വഴിയുള്ളൂ. അതിനാൽ സുവിശേഷകൻ, ആ പുതിയ വിശ്വാസിയെ ഒരു ഉപദേഷ്ടാവിനും പ്രവാചകനും ഇടയനും കൈമാറേണ്ടതായുണ്ട്. (എഫെ. 4:11). ഇതിൽ ഏതു ശുശ്രൂഷയാണ് ഏറ്റവും ആവശ്യമായാണ്? എല്ലാ വരങ്ങൾക്കും തുല്യപ്രാധാന്യമാണ് ഉള്ളതെങ്കിലും, അപ്പൊസ്തലൻ, പ്രവാചകൻ, ഉപദേഷ്ടാവ് എന്നിവരാണ് ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളിൽ കാണുന്നത്. ഇത്തരത്തിലുള്ള ഒരു ക്രമം വരങ്ങളോടുള്ള ബന്ധത്തിൽ കാണാം. അതിനാൽ മറ്റൊരുവന്റെ ശുശ്രൂഷയെ ഏറ്റെടുക്കുവാൻ നാം തയ്യാറാവരുത്. അതിനുപകരം അവരുമായ സഹകരിച്ചു പോകുക. ഈ സത്യം ഒരിക്കൽ നിങ്ങൾ കണ്ടെത്തിയാൽ, അതു നിങ്ങളെ (എന്നെവിടുവിച്ചതുപോലെ) എല്ലാ അസൂയയിൽ നിന്നും, മത്സരങ്ങളിൽ നിന്നും അസ്വസ്ഥതയിൽ നിന്നും വിടുവിക്കും.

(തുടരും)

മൊഴിമാറ്റം: **ബോബി കുര്യൻ**

❖





**ദൈവം യോജിപ്പിച്ചത്**

## കാതറിനും വില്യം ബൂത്തും - 6

# രക്ഷാസൈന്യം

**അജയ് ജോർജ്**

**1878** മേയ് മാസത്തിലെ ഒരു ദിവസം. രാവിലെ ബ്രാംവെലിനേയും ജോർജ് റെയിൽറ്റൻ എന്ന വളരെ ഊർജ്ജസ്വലനായ മിഷൻ പ്രവർത്തകനേയും വില്യം തന്റെ കിടപ്പുമുറിയിലേക്ക് വിളിപ്പിച്ചു. അദ്ദേഹമപ്പോൾ ഒരു പനിയിൽനിന്നു സുഖം പ്രാപിച്ചു വരുന്നതേയുള്ളൂ. മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ട് ബൂത്ത് അന്നേദിവസം ചെയ്യേണ്ട ജോലികളെക്കുറിച്ച് അവരോട് വിവരിക്കുകയായിരുന്നു. അതെല്ലാം കേൾക്കുന്നതിനോടൊപ്പം മിഷന്റെ വാർഷികറിപ്പോർട്ടിന്റെ കയ്യെഴുത്തു പ്രതി മേശപ്പുറത്തിരുന്നത് റെയിൽറ്റൻ നോക്കിക്കൊണ്ടുമിരുന്നു. റിപ്പോർട്ടിലെ ആദ്യവാചകം പ്രസ്ഥാനത്തിന്റെ നിർവ്വചനമായിരുന്നു. അതിങ്ങനെ: 'ക്രിസ്ത്യൻ മിഷൻ എന്നത്, ഈ ലോകത്തിൽ ദൈവമോ പ്രത്യാശയോ ഇല്ലാതെ ജീവിച്ചു മരിക്കുന്ന ജനലക്ഷങ്ങളുടെ ഇടയിൽ നിന്നും ക്രിസ്തുവിലുള്ള വിശ്വാസജീവിതം തിരഞ്ഞെടുക്കുന്നവരുടെ ഒരു സ്വമേധാ സൈന്യമാണ്' (Volunteer Army). റെയിൽറ്റൻ അത് വായിച്ചു ബ്രാംവെലിന്റെ കയ്യിൽ കൊടുത്തു.

ആ സമയം അവിടെ 'വൊളന്റിയേഴ്സ്' എന്നറിയപ്പെട്ടിരുന്ന ഒരു സംഘടനയുണ്ടായിരുന്നു. അവർക്ക് ഒരു പാർട്ട്ടൈം 'സേന' അഥവാ ഗുണ്ടാ വിഭാഗവുമുണ്ടായിരുന്നു. ഈ 'ആർമി'യെപ്പറ്റി അവരുടെ ചെയ്തികൾ കൊണ്ടുതന്നെ വളരെ നികൃഷ്ടമായ രീതിയിൽ പത്രങ്ങളിൽ വാർത്തകളും വരാറുണ്ടായിരുന്നു. ഇതോർത്തിട്ടാവണം 22 വയസ്സുണ്ടായിരുന്ന ബ്രാംവെൽ പറഞ്ഞു:'വൊളന്റിയർ എന്നോ? ഞാനൊരു പാർട്ട് ടൈം പ്രവർത്തകനേയല്ല. ഒന്നുകിൽ മുഴുവൻ സമയപ്രവർത്തനം അല്ലെങ്കിൽ ഒന്നുമില്ല'. ഒരു വലിയ സത്യത്തിന്റെ തിരിച്ചറിവായിരുന്നോ ആ വാക്കുകൾ? വൊളന്റിയർ ആർമി എന്ന പ്രയോഗം ബ്രാംവെലിനു മാത്രമല്ല പലർക്കും അരോചകമാവാം. കാരണം അവരാരുംതന്നെ തങ്ങൾക്ക് സൗകര്യമുള്ളപ്പോൾ സുവിശേഷപ്രവർത്തനത്തിനിറങ്ങുന്നവരായിരുന്നില്ല. എല്ലാവരും പൂർണ്ണമനസ്സുള്ള മുഴുവൻ സമയക്കാരനായിരുന്നുവല്ലോ. അങ്ങനെയെങ്കിൽ അവരെ നിർവ്വചിക്കാൻ ഈ പദം അപര്യാപ്തം.

മുറിയിൽ ഉലാത്തിക്കൊണ്ടിരിക്കുന്ന ബൂത്ത് പെട്ടെന്ന് നിന്നു. മിന്നൽപ്പിണർ പോലെയാണ് ബ്രാംവെലിന്റെ വാക്കുകൾ അദ്ദേഹത്തിന്റെയുള്ളിൽ പ്രകാശം പരത്തിയത്. മകന്റെ കണ്ണുകളിലേക്ക് അദ്ദേഹം ഇമവെട്ടാതെ നോക്കിക്കൊണ്ടിരുന്നു; വളരെ നേരം. പൊടുന്നനെ അദ്ദേഹം ഒരു പേന കയ്യിലെടുത്ത് റിപ്പോർട്ടിലെ 'സ്വമേധാ സൈന്യം' എന്നെഴുതിയ ഭാഗത്തിന് മുകളിൽ വച്ചു. മനസ്സിൽ പ്രാർത്ഥനയായിരുന്നിരിക്കണം. പുറമേയ്ക്ക് ശബ്ദമൊന്നുമുണ്ടായില്ല. എന്തോ സംഭവിക്കാൻ പോകുന്നു എന്ന് ബ്രാംവെലിനും റെയിൽറ്റനും തോന്നിപ്പോയി. 'വൊളന്റിയർ ആർമി' എന്നതിലെ വൊളന്റിയർ എന്ന പദം ഈ സമയം ബൂത്ത് വെട്ടി. അതിനു മുകളിൽ 'സാൽവേഷൻ' എന്നെഴുതി. അത് വായിച്ച് അവർക്ക് രണ്ടുപേർക്കും രോമാഞ്ചമുണ്ടായി. കാരണം ആ വാക്കിന്റെ ആ

**മുറിയിൽ ഉലാത്തിക്കൊണ്ടിരിക്കുന്ന ബൂത്ത് പെട്ടെന്ന് നിന്നു. മിന്നൽപ്പിണർ പോലെയാണ് ബ്രാംവെലിന്റെ വാക്കുകൾ അദ്ദേഹത്തിന്റെയുള്ളിൽ പ്രകാശം പരത്തിയത്. മകന്റെ കണ്ണുകളിലേക്ക് അദ്ദേഹം ഇമവെട്ടാതെ നോക്കിക്കൊണ്ടിരുന്നു; വളരെ നേരം. പൊടുന്നനെ അദ്ദേഹം ഒരു പേന കയ്യിലെടുത്ത് റിപ്പോർട്ടിലെ 'സ്വമേധാ സൈന്യം' എന്നെഴുതിയ ഭാഗത്തിന് മുകളിൽ വച്ചു. എന്തോ സംഭവിക്കാൻ പോകുന്നു. 'വൊളന്റിയർ ആർമി' എന്നതിലെ വൊളന്റിയർ എന്ന പദം ഈ സമയം ബൂത്ത് വെട്ടി. അതിനു മുകളിൽ'സാൽവേഷൻ' എന്നെഴുതി.**

സന്ദർഭത്തിലെ പ്രസക്തി വേറെ ഒരു പദത്തിനും ഉണ്ടാക്കുവാനാകുമായിരുന്നില്ല എന്നതു തന്നെ. അങ്ങനെ ഒരു നിമിഷം കൊണ്ട് 'സാൽവേഷൻ ആർമി' ജന്മം കൊണ്ടു. ആളുകളെ ആകർഷിക്കാനോ പിടിച്ചുനിർത്താനോ 'ക്രിസ്ത്യൻ മിഷന്' ഇല്ലാതെ പോയതെല്ലാം 'രക്ഷാസൈന്യം' എന്ന രണ്ട് മാന്ത്രിക പദങ്ങൾക്കായി. കൃത്യം 88 'യോദ്ധാ'ക്കളാണ് അന്ന് ആ സൈന്യത്തിലുണ്ടായിരുന്നത്. പിന്നീട് എല്ലാം ചരിത്രമാണ്.

സംഘടനയ്ക്ക് എന്തുകൊണ്ടും യോജിച്ചതായിരുന്നു ഈ പുതിയ പേര്. എരിവുകാരായിരുന്ന അനുയായികൾക്ക് പട്ടാളരീതികൾ ഒരു പുത്തൻ ഉണർവുണ്ടാക്കി. എല്ലാം പട്ടാളമയം. സഭയുടെ മുഖപത്രത്തിന്റെ പേര് 'യുദ്ധഭേരി' എന്നായി.സഭാജനങ്ങൾ 'സേനാംഗ'ങ്ങളായിരുന്നു. മുട്ടുകുത്തി പ്രാർത്ഥിക്കുന്നത് അവർക്ക് മുട്ടിന്മേൽനിന്നുള്ള 'ഡ്രിൽ' ആണ്. അന്തിമലക്ഷ്യം സ്വർഗ്ഗമായതിനാൽ സൈനികർ 'മരിക്കാറില്ല'. പകരം അവർക്ക് 'മഹത്വത്തിലേക്ക് പ്രൊമോഷൻ' കിട്ടുകയാണ് ചെയ്യുക. കാലക്രമേണ വന്ന മാറ്റമാണ്, സേനാംഗങ്ങളിൽ ചിലർ തങ്ങൾ ബൂത്തിന്റെ ലഫ്റ്റനന്റ്മാരാണെന്നോ ക്യാപ്റ്റൻമാരാണെന്നോ ഒക്കെ സ്വയം അവകാശപ്പെട്ടുതുടങ്ങിയത്. അതിലെ ഏറ്റവും കടുത്ത ഒരനുയായി ബൂത്തിനെ 'ജനറൽ' എന്ന് അഭിസംഭബോധന ചെയ്തു. 34 പേരുള്ള ഒരു കമ്മിറ്റിയാണ് സഭയെ അപ്പോഴും ഭരിച്ചിരുന്നത്. ഒരു യഥാർത്ഥ സൈന്യത്തിന് അത് യോജിച്ചതല്ലെന്ന ചിന്തയുണ്ടായി. ഒരിക്കൽ ബൂത്ത് തന്നെ ഇങ്ങനെ പറഞ്ഞു: 'മോശയുടെ കാലത്ത് കമ്മിറ്റികളുണ്ടായിരുന്നെങ്കിൽ യിസ്രയേൽ മക്കൾ ചെങ്കടൽ പോലും കടക്കുമായിരുന്നില്ല.' 1878 ലെ വാർഷിക യോഗത്തിൽ- ഇപ്പോഴത് യുദ്ധസമ്മേളനമാണ് (വാർ കോൺഗ്രസ്)- കമ്മിറ്റിയെ ഇല്ലാതാക്കുകയും എല്ലാ അധികാരവും ബൂത്തിൽ നിക്ഷിപ്തമാക്കുകയും ചെയ്തു. അങ്ങനെ വില്യം ബൂത്ത് പേരിൽ മാത്രമല്ല കാര്യത്തിലും 'ജനറലാ'യിത്തീർന്നു.

സൈന്യത്തിന്റെ പ്രവർത്തനങ്ങൾ ദേശീയ ശ്രദ്ധയാകർഷിച്ചു തുടങ്ങി. എല്ലാം പുതുമയുള്ളതായിരുന്നല്ലോ. യോഗങ്ങളിലേക്ക് ആളുകളെ ക്ഷണിക്കുന്ന നോട്ടീസിൽ ഇങ്ങനെയെഴുതാനുള്ള ധൈര്യം അന്ന് ആ രാജ്യത്ത് ബൂത്തിനു മാത്രമേ ഉണ്ടായിരുന്നുള്ളു: 'കള്ളു കുടിച്ചു കൊണ്ടും അല്ലാതെയും നിങ്ങൾക്ക് യോഗത്തിൽ പങ്കെടുക്കുന്നതിന് ഒരു വിരോധവുമില്ല. ഏതു തരക്കാർക്കും ഇവിടേക്ക് സ്വാഗതം.' തന്റെ ആദ്യകാല അനുയായികളെല്ലാം തന്നെ മുഴുക്കുടിയൻമാരായിരുന്നതിനാലും അവരെ എങ്ങനെ പാകപ്പെടുത്തി ക്രിസ്തു ശിഷ്യരാക്കാമെന്നറിയാവുന്നതുകൊണ്ടും അദ്ദേഹത്തിന് അങ്ങനെയെഴുതാൻ ബുദ്ധിമുട്ടുണ്ടായില്ല. ഇന്ന് ലോകമെമ്പാടും മദ്യപരെ ആ സ്വഭാവത്തിൽ നിന്നും രക്ഷപ്പെടാൻ സഹായിക്കുന്ന





'ആൾക്കഹോളിക്സ് അനോണിമസ്' എന്ന സംഘടന, ബൂത്തും കുടുംബവും ഫലവത്തായി നടപ്പാക്കിയ രീതികളനുസരിച്ചാണ് പ്രവർത്തിക്കുന്നതെന്നത് പലർക്കും പുതിയൊരറിവായിരിക്കും.

സുവിശേഷീകരണത്തിൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കാനായി, മാനസാന്തരം പ്രാപിച്ചു വരുന്നവരുടെ പരിപാലനം ഏതെങ്കിലും പ്രാദേശിക സഭക്കാർക്കു വിട്ടുകൊടുക്കാമെന്നാണ് ബൂത്ത് ആദ്യംകരുതിയതെങ്കിലും അത് നടപ്പിലാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടായി. ഒന്നാമതായി ഈ 'പുതുക്രിസ്ത്യാനി'കൾക്ക് സെന്റ് പോൾസിലോ വെസ്റ്റ് മിൻസ്റ്റർ ആബിയിലോ പോകാനുള്ള ധൈര്യം വരുമോ? അഥവാ പള്ളിയിൽ പോകാമെന്ന് വച്ചാൽ, ധരിക്കാൻ ആവശ്യം വേണ്ട വസ്ത്രങ്ങൾ ഉണ്ടോ? തന്റെ അനുയായികളിൽ മുപ്പതിൽ ഒരാൾക്കുപോലും കോട്ട് എന്ന് പറയാൻ പറ്റുന്ന ഒരു സാധനം ഉണ്ടായിരുന്നില്ല. ഏറ്റവും വിശേഷവസ്ത്രങ്ങൾ ധരിച്ചേ അവിടത്തുകാർ പള്ളിയിൽ പോകുമായിരുന്നുള്ളു. വിശേഷവസ്ത്രം പോകട്ടെ, ഉള്ള വേഷം പോലും വൃത്തിയായി കൊണ്ടുനടക്കാനറിയാത്ത ബൂത്തിന്റെ ശിഷ്യന്മാർ അത്തരം പള്ളികളിൽ ഒരിക്കൽ പോയാൽ പിന്നീട് പോകാൻ മനസ്സു വരുമായിരുന്നില്ല. അവരോടുള്ള പെരുമാറ്റം ആ രീതിയിലായിരിക്കുമെന്ന് ചുരുക്കം. തങ്ങളെ അവജ്ഞയോടെ വീക്ഷിക്കുന്ന അംഗീകൃത സഭയിലേക്ക് അവരെ തള്ളിവിട്ടാൽ അത് വിപരീത ഫലമേ ഉണ്ടാക്കുകയുള്ളു എന്ന് ബൂത്ത് മനസ്സിലാക്കി.അങ്ങനെയാണ് ശിഷ്യത്വ പരിപാലനത്തിനായി 'സൈന്യ'ത്തിന്റെ തന്നെ സഭകളുണ്ടാക്കേണ്ടി വന്നത്.

ഇതെല്ലാമായിട്ടും എന്തോ ഒന്നിന്റെ കുറവ് അപ്പോഴുമുണ്ടായിരുന്നു. എന്താണെന്ന് ബൂത്തിനും മനസ്സിലായില്ല. അതിന് പരിഹാരമുണ്ടായതും പേരിലെന്നതുപോലെ അപ്രതീക്ഷിതമായിട്ടായിരുന്നു.സാലിസ്ബറിയെന്ന സ്ഥലത്ത് ഗുണ്ടകൾ യോഗം അലങ്കോലപ്പെടുത്തുമായിരുന്നു. ഇതു പതിവായപ്പോൾ, ചാൾസ് ഫ്രൈ എന്നൊരു കെട്ടിടം പണിക്കാരനും തന്റെ മൂന്നുമക്കളും സഭാ ജനങ്ങളുടെ സംരക്ഷണച്ചുമതല നിർവ്വഹിച്ചു കൊള്ളാമെന്നേറ്റു. ഇദ്ദേഹവും മക്കളും സംഗീതഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നവരുമായത് യാദൃച്ഛികം മാത്രമായിരുന്നു. പിന്നീടുണ്ടായ ചിന്തയിൽ യോഗസ്ഥലത്ത് കാവൽ നിൽക്കുന്നതിനോടൊപ്പം പാട്ടു പാടുന്ന സമയം ഈ ഉപകരണങ്ങളും ഇവർ ഉപയോഗിക്കാൻ തുടങ്ങി. സംഗീതത്തിന്റെ അകമ്പടി അത്ഭുതമുളവാക്കുന്നതായിരുന്നു. പാട്ടുകൾക്ക് നല്ല താളം, മേളം, ഇമ്പം. വിരസമായ ഗാനങ്ങൾ ഉണർന്നെഴുന്നേറ്റ് ആളുകളെ ആവേശം കൊള്ളിച്ചു. സംഗീതത്തിന്റെ അനന്ത സാദ്ധ്യതകൾ എല്ലാവർക്കും ബോധ്യപ്പെടുകയായിരുന്നു. അതിൽ നിന്നാണ് ലോകശ്രദ്ധയാകർഷിച്ച 'സാൽവേഷൻ ആർമിബാന്റ്' രൂപം കൊണ്ടത്. തങ്ങൾക്കില്ലാതിരുന്നെന്നു തോന്നിയ കാന്തിക ശക്തി ഇതുതന്നെയായിരുന്നെന്ന് ബൂത്ത് കണ്ടെത്തി. തുടർന്ന് നിരവധി ബാന്റ് സംഘങ്ങളുണ്ടായി. അന്ന് പ്രചാരത്തിലിരുന്ന പാട്ടുകളുടെ ട്യൂണിനൊപ്പിച്ച് ക്രിസ്തീയ വരികളെഴുതിയുണ്ടാക്കി ബാന്റ് മേളത്തോടൊപ്പം അവതരിപ്പിച്ചത് വൻഹിറ്റാകുക തന്നെ ചെയ്തു. സഭായോഗങ്ങൾ സംഗീതശാലകളാക്കി മാറ്റുകയാണ് ബൂത്ത് ചെയ്യുന്നതെന്ന് വിമർശനമുണ്ടായെങ്കിലും ബാന്റ് വാദ്യക്കാർ പിശാചിനെ അവന്റെ തന്നെ തന്ത്രത്താൽ എതിരിടുകയാണുണ്ടായത്. താമസിയാതെ നാനൂറോളം വ്യത്യസ്ത ബാന്റ് സംഘങ്ങളുണ്ടായി.

(തുടരും) ❖

## ആരെ വഞ്ചിക്കുവാൻ നാം ശ്രമിക്കുന്നു? *10-ാം പേജിൽ നിന്നു തുടർച്ച*

പല ഉപദേശങ്ങൾക്കു മാത്രം സഭ പ്രാധാന്യം നൽകുന്നതു കാണാം. സഭയിൽ ഒരുവൻ പ്രായോഗികതലത്തിൽ ഏറ്റവും വലിയ ദുരുപദേശക്കാരനായിരിക്കെത്തന്നെ അധാർമ്മികമായി ദുഷിച്ച ജീവിതം കൂടാതെ ഒരു നല്ലപേർ നിലനിർത്താൻ അയാൾക്കു സാധിച്ചെന്നുവരാം. നമ്മൾ പ്രായോഗികതലത്തിലുള്ള തെറ്റുകളെ തിരുത്തിസഭയെ ശുദ്ധീകരിക്കാൻ ശ്രമിക്കുന്ന പക്ഷം ഇത്തരം ഒരാൾക്കു അതു തീരെ രസിക്കുകയില്ല.

ഒരു ശുശ്രൂഷകൻ, തന്റെ സഭയിലുള്ള ആളുകളുടെ ആത്മീയ നിലവാരത്തെ സംബന്ധിച്ച് വഞ്ചനയിലകപ്പെട്ടേക്കാം. അവർ കൃപയിൽ വളരുന്നു എന്ന് ആ ശുശ്രൂഷകൻ ചിന്തിച്ചേക്കാം.എന്നാൽ ഫലത്തിൽ യഥാർത്ഥ ക്രിസ്തീയത ഇത്തരം സഭയിൽ കാണപ്പെട്ടെന്നുവരികയില്ല.സഭാശുശ്രൂഷകൻ പ്രായോഗിക അനുസരണം പ്രസംഗിച്ച ശേഷം സഭയിലെ ആളുകൾ സത്യത്തിൽ സന്തോഷിച്ച് ആ സത്യങ്ങൾ പ്രമാണിച്ചാൽ അവർ സത്യസ്നേഹികളാണ് എന്നു മനസ്സിലാക്കാം.എന്നാൽ ശുശ്രൂഷകൻ പ്രായോഗിക അനുസരണത്തിനു പ്രാധാന്യം നൽകുമ്പോൾ സഭാവിശ്വാസികൾ അതിനെ എതിർക്കുന്ന പക്ഷം അവരുടെ ക്രിസ്തീയത താണതലത്തിലാണെന്നതു വ്യക്തം. നിങ്ങൾ വിശ്വസിക്കുന്ന കാര്യം പ്രവൃത്തിയിൽ കൊണ്ടുവരിക:

പല വിശ്വാസികളും സത്യത്തോടുള്ള തങ്ങളുടെ മനോഭാവത്തെ അടിസ്ഥാനമാക്കി തങ്ങൾ യഥാർഥ ക്രിസ്ത്യാനികളാണെന്നു ചിന്തിക്കുന്നവരാണ്. എന്നാൽ സത്യത്തിനു തങ്ങളുടെ ജീവിതത്തിൽ എന്തുസ്ഥാനം ഉണ്ടെന്ന് മനസ്സിലാക്കാതെ തങ്ങളുടെ മനസ്സിന്റെ സ്ഥിതിവിശേഷത്തെപ്പറ്റി മാത്രം ഇവർ ശ്രദ്ധിക്കുന്നു. ഇവർക്കു സത്യം കാണിച്ചുകൊടുത്ത് തങ്ങളുടെ അഹങ്കാരത്തെ നശിപ്പിച്ച് അവരുടെ ലോകമയത്വത്തെ പരിഹരിക്കുവാൻ ശ്രമിച്ചാൽ ഈക്കൂട്ടർ അതിനെ എതിർക്കുന്നതായി കാണാം.

സഭാവിശ്വാസികളെ നോക്കുക:വർഷങ്ങളായി പല സംഘടിത സഭകളും ക്രിസ്ത്യാനികളും അവ്യക്തമായ ഉപദേശങ്ങൾ കേൾക്കുന്നവരാണ്. ഇവരുടെ ജീവിതം ശ്രദ്ധിക്കുക. അവർ പറയുന്ന വിശ്വാസം എത്ര കുറവായി മാത്രം അവരുടെ ജീവിതശൈലിയെ സ്വാധീനിക്കുന്നു!. രക്ഷപ്രാപിക്കത്തക്ക വിശ്വാസം ഇവർക്കുണ്ടോ?

സഭയിലുള്ള ആരും സൽഗുണശാലികളല്ല എന്നല്ല ഞാൻ ഉദ്ദേശിക്കുന്നത്. എന്നാൽ തങ്ങൾ സത്യം എന്നു മനസ്സിലാക്കുന്ന കാര്യം പ്രായോഗികതലത്തിൽ കൊണ്ടുവരുന്നില്ല എങ്കിൽ അവർ തങ്ങളെത്തന്നെ വഞ്ചിക്കുന്നവരാണ്.

സുവിശേഷം നിങ്ങളുടെ അറിവിനനുസരണമായി നിങ്ങളുടെ പ്രായോഗിക ജീവിത ശൈലിയെ മാറ്റുന്നതാണോ? ലോകമയത്വത്തിൽ നിന്നു നിങ്ങളെ വിടുവിക്കുന്നതാണോ? പ്രായോഗികതലത്തിൽ കൊണ്ടുവരേണ്ട ഒരു സത്യം നിങ്ങൾ കേട്ടാൽ അതു പ്രവർത്തിച്ചെടുക്കുവാൻ നിങ്ങൾ തത്പരരോ? നിങ്ങൾ കൃപയിൽ വളരുന്നില്ലെങ്കിൽ, അഥവാ കൂടുതൽ വിശുദ്ധരാകുന്നില്ലെങ്കിൽ, സുവിശേഷം ഒരിക്കലും നിങ്ങളെ പ്രായോഗിക തലത്തിൽ സ്വാധീനിക്കുന്നില്ലെങ്കിൽ, നിങ്ങൾ സ്വയം വഞ്ചിക്കുന്നവരത്രേ.

സത്യത്തെ അംഗീകരിച്ചുകൊണ്ട് പ്രവൃത്തിയെ നിഷേധിക്കുന്നവന് അയ്യോ കഷ്ടം! കണ്ണാടിയിൽ സ്വന്തമുഖം കണ്ട ശേഷം പെട്ടെന്നു മറന്നുകളയുന്ന വ്യക്തിയെപ്പോലെയാണ് ആ മനുഷ്യൻ.സംശയമില്ല.

മൊഴിമാറ്റം: **സാം വർഗീസ്**

❖





# എഡിറ്റോറിയൽ തുടർച്ച......

വചനം ഹൃദയത്തിൽ നൽകിയ ഉണർവ്വ് മെല്ലെ കെട്ടടങ്ങി. പക്ഷേ കേട്ട ആ വചനം അനുസരിച്ചോ? ഇല്ല. പക്ഷേ അനുസരിച്ചതായി ചിന്തിച്ചു തൃപ്തിയോടെ നാം മടങ്ങുകയായി. കണ്ണാടിയിൽ രൂപം കണ്ടശേഷം അങ്ങനെയൊന്നു സംഭവിച്ചതേയില്ലെന്നു ഭാവിക്കുന്ന ആത്മവഞ്ചനയാണിതെന്നും വചനത്തോടു പിശാചെന്നപോലെയാണു നാം പ്രതികരിച്ചതെന്നും യാക്കോബ് ഇതിനെ വിശദീകരിക്കുന്നു (1:22, 23; 2:19).

ഈ ചതിക്കുഴിയിൽ നിന്നു രക്ഷപ്പെട്ടില്ലെങ്കിൽ, ആത്മവഞ്ചനയിൽ തന്നെ അഭിരമിച്ചാൽ, പിന്നീടൊരിക്കലും അതിൽ നിന്നു കരകയറാൻ കഴിയുകയില്ലെന്നും ദൈവവചനം വ്യക്തമാക്കുന്നു. ആത്മവഞ്ചനയിൽ രസിച്ച് അതിൽത്തന്നെ നാം കുറെ നാൾ തുടർന്നാൽ നാം വിശ്വസിച്ച ഭോഷ്കാണു സത്യം എന്ന് എന്നെന്നും വിശ്വസിക്കത്തക്കവണ്ണം ദൈവം നമ്മുടെ മേൽ വ്യാജത്തിന്റെ ഒരു വ്യാപാരശക്തിയെ അയയ്ക്കും! (2 തെസ്സ. 2:11,12). ആഹാബ് രാജാവിന് ദൈവം പല അവസരങ്ങൾ കൊടുത്തിട്ടും വെളിച്ചത്തെക്കാൾ ഇരുളിനെ സ്നേഹിക്കുകയും അതിൽതന്നെ മുഴുകി രസിക്കുകയും ചെയ്തതിനാൽ ദൈവം വ്യാജത്തിന്റെ വ്യാപാരശക്തിയെ അവന്റെ പ്രവാചകന്മാരുടെ മേൽ അയയ്ക്കുകയും ആത്യന്തികമായി അവനെ നശിപ്പിക്കുകയും ചെയ്തത് ഇത്തരുണത്തിൽ സ്മർത്തവ്യമാണ് (1 രാജാക്കന്മാർ 22:1–40; 2 ദിന. 18).

ഇത്തരമൊരു നാശത്തിൽ ചെന്നു പതിക്കാതെ ആത്മവഞ്ചനയിൽ നിന്നു രക്ഷപ്രാപിക്കാൻ എന്താണു നാം ചെയ്യേണ്ടത്? 'ദൈവത്തിന്റെ സത്യത്തെ നാം വ്യാജമാക്കി മാറ്റിക്കളഞ്ഞതു'കൊണ്ട് (റോമർ 1:25) അനുതപിച്ച് നാം ഇനി 'രക്ഷിക്കപ്പെടുവാന്തക്കവണ്ണം സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളു'കയാണു വേണ്ടത്. (നഷ്ടപ്പെടുത്തിക്കളഞ്ഞ) സത്യത്തെ നാം വാങ്ങുകയാണു വേണ്ടത് (സദൃശ. 23:23). ഏതു സാധനവും വാങ്ങണമെങ്കിൽ നാം ഒരു വിലകൊടുക്കണം. ആത്മവഞ്ചനയിൽ നിന്നു രക്ഷപ്പെടുവാൻ, നമ്മെക്കുറിച്ചുള്ള സത്യത്തെ സ്നേഹിച്ച് അതിനെ വാങ്ങുവാൻ നാം കൊടുക്കേണ്ട വില എന്താണ്? അത് അനുതാപമാണ്. അനുസരണമാണ്. സത്യത്തിന്റെ പരിജ്ഞാനത്തിലേക്കുള്ള വഴി അനുതാപമാണെന്നു 2 തിമൊ. 2:25 വ്യക്തമാക്കുന്നു. മാനസാന്തരപ്പെട്ടു സത്യത്തിന്റെ പരിജ്ഞാനത്തിലേക്കു വന്നു സത്യം അറിയുക. ഈ സത്യം നമ്മെ (ആത്മവഞ്ചനയിൽ നിന്ന് ) സ്വതന്ത്രരാക്കും! (യോഹ.8:32). സ്വതന്ത്രരായാൽ പക്ഷേ മേലിൽ ആത്മവഞ്ചനയിൽ പെട്ടുപോകാതിരിക്കാൻ നാം എന്താണു വേണ്ടത്? വീണ്ടും ആത്മവഞ്ചനയുടെ അടിമനുകത്തിൽ കുടുങ്ങിപ്പോകാതിരിക്കേണ്ടതിന് നിങ്ങളെക്കുറിച്ചുള്ള സത്യത്തെ, വെളിച്ചത്തെ, സ്നേഹിക്കുക. നിർദ്ദയം നിങ്ങളോടുതന്നെ സത്യസന്ധരായിരിക്കുക. നിങ്ങൾക്കു നിങ്ങൾ ഇളവു കൊടുക്കാതിരിക്കുക. തന്നെത്താൻ വിധിക്കുക. (1 കൊരി. 11:31). അവിടുത്തെ പ്രകാശത്തിൽ പ്രകാശം കാണുക (സങ്കീ. 36:9):ഇതാണു വേണ്ടത്.എങ്കിൽ, കൂശ്യനു തന്റെ ത്വക്കും, പുള്ളിപ്പുലിക്കു തന്റെ പുള്ളിയും മാറ്റാൻ കഴിയുകയില്ലെങ്കിലും ദോഷം ചെയ്‌വാൻ ശീലിച്ചിരിക്കുന്ന നിങ്ങൾക്ക് നന്മ ചെയ്യുവാൻ കഴിയും (യിരെ. 13:23).തുടർന്നു സത്യത്തിന്റെ ആത്മാവു നിങ്ങളെ സകല സത്യത്തിലും വഴി നടത്തും (യോഹ. 16:13). ആമേൻ!

❖

## ഒരു പെൺകുട്ടിയുടെ കാഴ്ചപ്പാട്

## അധ്യായം -11

# ജീവജലനദി

ആനി പുന്നൻ

'പരദേശി മോക്ഷയാത്ര' - ജോൺ ബനിയന്റെ പ്രശസ്തമായ ക്രിസ്തീയ ക്ലാസ്സിക്. ആ പുസ്തകത്തെ അടിസ്ഥാനമാക്കി ഒരിക്കൽ സഭയിൽ ഞങ്ങൾ തുടർച്ചയായ ഒരു പഠനം നടത്തുകയുണ്ടായി. അതു ഞങ്ങളിൽ പലരുടേയും ജീവിതത്തിൽ ഒരു വലിയ ഉണർവ്വു തന്നെ കൊണ്ടുവന്നു. തുടർന്നു ക്രിസ്തീയജീവിതത്തെ ഞങ്ങൾ കൂടുതൽ ഗൗരവമായി എടുക്കാൻ തുടങ്ങി. ആ കഥയിലെ ക്രിസ്ത്യാനിയെപ്പോലെ എന്റെ ജീവതത്തിന്റെ അവസാനംവരെ യേശുവിനെ അനുഗമിക്കുന്നതിൽ വിശ്വസ്തയായിരിക്കാൻ ഞാൻ ആഗ്രഹിച്ചു.

സഭയിൽ ഇടയ്ക്കിടെ പ്രത്യേകയോഗങ്ങളുണ്ടാകും. അത്തരം എല്ലാ മീറ്റിംഗുകളിലും ഞാൻ മുടങ്ങാതെ ഹാജരാകും. കാരണം എന്റെ ജീവിതത്തിൽ നിരന്തരം ഒരു നവീകരണം ഉണ്ടായിരിക്കണമെന്നു ഞാൻ ആഗ്രഹിച്ചു.

അത്തരം ഒരു സന്ദർഭത്തിൽ എന്റെ ജീവിതത്തിലെ വരൾച്ചയെക്കുറിച്ചു പ്രത്യേക ബോധ്യം എനിക്കുണ്ടായി. കൂടാതെ ഉത്തരേന്ത്യയിലെ ദീർഘമായ ഉഷ്ണകാലവും എന്നെ വല്ലാത്ത വിഷാദത്തിൽ ആഴ്ത്തിക്കളയുമായിരുന്നു. കർത്താവിനെ പുതുതായി അന്വേഷിക്കേണ്ടതിന്റെ ഒരാവശ്യകതയുണ്ടെന്ന് ഇപ്പോൾ എനിക്കു തോന്നാൻ തുടങ്ങി.

ഇത്തരുണത്തിൽ ദൈവം എന്നെ അപ്രതീക്ഷിതമായി കണ്ടുമുട്ടി, അനുഗ്രഹിച്ചു. അതിങ്ങനെയാണ്. ഒരു ദിവസം ഞാൻ എന്റെ മുറിയിലിരുന്നു തനിയെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയാണ്. പൊടുന്നനെ എന്റെ ശരീരത്തിൽ സന്തോഷത്തിന്റെ അലകൾ അടിക്കുന്നതുപോലെ എനിക്കു തോന്നി. ഞാൻ നാവുകൊണ്ട് അപരിചിതമായ വാക്കുകൾ ഉറക്കെ പറയാൻ തുടങ്ങി. എനിക്ക് അതുവരെ അറിഞ്ഞുകൂടാത്ത ഒരു ഭാഷയിൽ ഞാൻ പ്രാർത്ഥിക്കുന്നത് കർത്താവ് എന്നെ പരിശുദ്ധാത്മാവിനാൽ നിറച്ചതിനാലാണെന്നു ഞാൻ തിരിച്ചറിഞ്ഞു. അതു 'ഭാഷാവര'മായിരുന്നു. ഈ അനുഭവത്തെക്കുറിച്ച് ആളുകൾ സംസാരിക്കുന്നതു ഞാൻ കേട്ടിട്ടുണ്ടായിരുന്നു. പക്ഷേ, അതിനെക്കുറിച്ച് എനിക്ക് ഏറെയൊന്നും അറിയില്ലായിരുന്നു.

എനിക്ക് ഏറെ സന്തോഷം അനുഭവപ്പെട്ടു; ഉത്സാഹവും.

എന്നെപ്പോലെ ഒരരിഷ്ടവ്യക്തിക്കു ദൈവം ഇത്രത്തോളം അനുഗ്രഹം നൽകുമെന്ന് എനിക്കു പ്രതീക്ഷയില്ലായിരുന്നു. പരിശുദ്ധാത്മസ്നാനം എനിക്ക് ആത്മാവിൽ ഏറെ സ്വാതന്ത്ര്യം നൽകി; കർത്താവിനോട് കൂടുതൽ സ്നേഹവും. എന്റെ ജീവിതം തന്നെ സ്വർഗ്ഗത്തിലേക്കു മാറ്റപ്പെട്ടതു പോലെ. അതിനുശേഷം പല ദിവസങ്ങളോളം ഞാൻ ആ തേജസ്സിന്റെ വെളിച്ചത്തിലാണു ജീവിച്ചത്.

ആ ദിവസങ്ങളിലെല്ലാം എന്റെ ഹൃദയത്തിന്റെ പറയാൻ കഴിയാഞ്ഞ ആഗ്രഹങ്ങളൊക്കെ ദൈവം എനിക്കു നൽകിയ ഈ പുതിയ ഭാഷയിൽ ഞാൻ പ്രകടിപ്പിക്കാൻ തുടങ്ങി. ഞാനെന്താണു പറയുന്നതെന്ന് എനിക്കറിയില്ലായിരുന്നു. എന്നാൽ ഞാനും കർത്താവും തമ്മിലുള്ള ഒരു രഹസ്യസ്നേഹഭാഷപോലെ അതെനിക്കുതോന്നി.കർത്താവ്, എന്റെ ഹൃദയത്തിൽനിന്നു നേരിട്ടു വന്ന അതിലെ ഓരോ വാക്കും മനസ്സിലാക്കി എന്നെനിക്കുറപ്പായിരുന്നു! അതൊരു ആത്മീയ സൗഖ്യവും പ്രദാനം ചെയ്തു. അന്തരാത്മാവിൽ അതൊരു ആശ്വാസലേപനത്തിന്റെ പ്രതീതി ഉളവാക്കി.

പരിശുദ്ധാത്മാവ് എന്റെ ജീവിതത്തിൽ ഒരു പുതുക്കം കൊണ്ടുവന്നു. അത് ഒരു ഉറവയിൽ നിന്നെന്നതുപോലെ എന്റെ അന്തരാത്മാവിൽനിന്നു നിരന്തരം ഉയർന്നുവന്നു. ഈ ഉറവ ഒരിക്കലും വറ്റിപ്പോകയില്ലെന്നും ജീവാവസാനം വരെ അധികമധികം അളവിൽ അതെന്നിൽ നിന്ന് ഒഴുകിക്കൊണ്ടിരിക്കുമെന്നും ഞാൻ കരുതി. ഇക്കാര്യത്തിൽ ഞാൻ ദൈവത്തെ വിശ്വസിച്ചു.

എനിക്ക് അനുഭവപ്പെട്ടതു ആദ്യനൂറ്റാണ്ടിൽ പെന്തക്കോസ്തു നാളിൽ ശിഷ്യർക്കുണ്ടായ അതേ അനുഭവമാണെന്നു ഞാൻ തിരിച്ചറിഞ്ഞു. ആ പെന്തക്കോസ്ത് അനുഭവം അന്ന് അവരെ ഭീരുത്വത്തിൽ നിന്നു വിടുവിച്ചു ക്രിസ്തുവിനുവേണ്ടി ധീരരായ സാക്ഷികളാക്കി മാറ്റി. ഈ അനുഭവം എനിക്കു ലഭ്യമായത് ഇതിനെക്കുറിച്ച് പുകഴ്ച പറയാനല്ല, മറിച്ച് ദൈവത്തിന്റെ മഹത്വത്തിനായി മാത്രം വിനയത്തോടെ ഉപയോഗിക്കാനാണ്-അതായിരുന്നു എനിക്കിതു സംബന്ധിച്ചു ലഭിച്ച ബോധ്യം.

ഞാൻ ബൈബിൾ ആഴത്തിൽ പഠിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ ഈ അനുഭവത്തിന്റെ വേദശാസ്ത്രപരമായ വിശദീകരണമൊന്നും മറ്റുള്ളവർക്ക് (എനിക്കു തന്നെയും) നൽകുവാൻ എനിക്കു കഴിയുമായിരുന്നില്ല. ആകെ എനിക്കു പറയാവുന്നത് ഇത്ര മാത്രമായിരുന്നു: 'ഞാൻ ദൈവത്തിനായി വിശന്നു ദാഹിച്ചു. അവിടുന്ന് എന്നെ സന്ധിച്ചു. കർത്താവു വാഗ്ദാനം ചെയ്തതുപോലെ എന്റെ ഉള്ളിൽ നിന്നു ജീവജലത്തിന്റെ നദികൾ ഒഴുകുവാൻ തുടങ്ങി '(യോഹ. 7:37-39).

**എനിക്കു ലഭിച്ച പുതുഭാഷ എന്നോടൊപ്പം ഇപ്പോഴുമുണ്ട്. അതെന്റെ പ്രാർത്ഥനാജീവിതത്തിനു പുതുക്കം തരുന്നു. ഞാൻ സമ്മർദ്ദത്തിലാകുമ്പോഴും നിരാശപ്പെടാൻ പ്രേരിപ്പിക്കപ്പെടുമ്പോഴും ഇതെനിക്കൊരു വലിയ സഹായമാണെന്നു ഞാൻ കണ്ടെത്തി.**

പരിശുദ്ധാത്മസ്നാനം എന്റെ ക്രിസ്തീയജീവിതത്തിനു പുതിയൊരു മാനം നൽകി. ദൈവത്തിനായും ദൈവവചനത്തിനായും വർദ്ധിച്ച വിശപ്പ് അതെനിക്കു തന്നു.

ഈ അനുഭവത്തിനുശേഷം, എന്റെ വിശ്വാസം ചുറ്റുപാടുമുള്ള മറ്റുള്ളവരുമായി പങ്കുവയ്ക്കുക എനിക്കു പ്രയാസമായി തോന്നിയില്ല. എന്റെ ലജ്ജ എന്നെ വിട്ടുപോയി.

എനിക്കു ലഭിച്ച പുതുഭാഷ എന്നോടൊപ്പം ഇപ്പോഴുമുണ്ട്. അതെന്റെ പ്രാർത്ഥനാജീവിതത്തിനു പുതുക്കം തരുന്നു. ഞാൻ സമ്മർദ്ദത്തിലാകുമ്പോഴും നിരാശപ്പെടാൻ പ്രേരിപ്പിക്കപ്പെടുമ്പോഴും ഇതെനിക്കൊരു വലിയ സഹായമാണെന്നു ഞാൻ കണ്ടെത്തി.

എന്റെ വിവാഹത്തിനു മുൻപുതന്നെ ദൈവം എന്നെ ഈ നിലയിൽ സന്ധിച്ചതിൽ ഞാൻ ദൈവത്തോടു നന്ദിയുള്ളവളാണ്.

(തുടരും)

മൊഴിമാറ്റം: **സാന്ദ്ര**

അനുഭവം

# ഓരോ ചുവടിലും അനുസരണം

## അദ്ധ്യായം-35

കഥ ഇതുവരെ

*വെയിൽസിലെ ക്രിസ്തീയകുടുംബത്തിൽ ജനിച്ചുവളർന്ന റീസ് ഹൊവൽസ് പൂർണമായി തന്നെത്തന്നെ പരിശുദ്ധാത്മാവിനായി നൽകി.റീസിനെ പരിശുദ്ധാത്മാവ് അസാധാരണമായ ശുശ്രൂഷകളിലേക്ക് നയിച്ചു. തന്റെ നാട്ടിലും അയൽഗ്രാമത്തിലും ഉള്ള പലർക്കുവേണ്ടി റീസ് മധ്യസ്ഥത ചെയ്തു. അവരെയെല്ലാം ദൈവം വിടുവിച്ചു. എന്നാൽ അയൽ ഗ്രാമത്തിലെ ക്ഷയരോഗിണിയായ സഹോദരിക്കുവേണ്ടി ദൈവഹിതപ്രകാരം റീസ് മധ്യസ്ഥത ചെയ്തെങ്കിലും ഒടുവിൽ അവർ മഹത്വത്തിലേക്കു പ്രവേശിച്ചു. ലണ്ടനിലെ ഗോസറ്റിന്റെ മകന്റെ മാനസാന്തരത്തിനുവേണ്ടി നാസീർവ്രതസ്ഥനെപ്പോലെ പ്രാർത്ഥിച്ചു.ഒടുവിൽ മറുപടി കിട്ടി. റീസ് കൽക്കരിഖനി വിട്ടു.സ്നേഹിതൻ ജോയ്ക്കുവേണ്ടി മധ്യസ്ഥത ചെയ്തു.അദ്ഭുതസൗഖ്യം ലഭിച്ചു.വിവാഹിതനായി.ആഫ്രിക്കയ്ക്കു പോകാൻ അവർ സമർപ്പിച്ചു. ആഫ്രിക്കയിൽ വലിയ ഉണർവിന് അവർ കാരണമായി. മടങ്ങിയെത്തിയ റീസ് ദമ്പതികളെ ആത്മീയപരിശീലനകേന്ദ്രങ്ങൾ ആരംഭിക്കാൻ ദൈവം നിയോഗിച്ചു. അവർ ഒരു കോളജ് ആരംഭിച്ചു. അവിടെ പല കാര്യങ്ങൾക്കുവേണ്ടിയും മദ്ധ്യസ്ഥപ്രാർത്ഥന നടത്തുമായിരുന്നു.അതിനൊക്കെ അദ്ഭുതകരമായ നിലയിൽ മറുപടി ലഭിച്ചു. ലോകമെങ്ങും ചിതറിക്കിടക്കുന്ന യെഹൂദന്മാർ ഒന്നുചേർന്ന് യിസ്രായേൽ രാഷ്ട്രം രൂപീകരിക്കാൻ സാഹചര്യം ഉണ്ടാകാനായി റീസും കൂട്ടരും പ്രാർത്ഥന ആരംഭിച്ചു. യെഹൂദരായ അഭയാർത്ഥിക്കുട്ടികൾക്ക് ഒരു താവളം വെയിൽസിൽ സ്ഥാപിക്കാനും റീസിനെ ദൈവം പ്രേരിപ്പിച്ചു. പ്രാർത്ഥനയ്ക്കു മറുപടിയായി യെഹൂദരുടെ രാജ്യം പിറന്നു-യിസ്രായേൽ.രണ്ടാം ലോകമഹായുദ്ധത്തിൽ ജർമനിയുടെയും കൂട്ടരുടെയും പരാജയത്തിനുവേണ്ടി മഹായുദ്ധത്തിന്റെ വർഷങ്ങളിൽ ഉടനീളം കോളേജിലെ പ്രാർത്ഥനാസംഘം പ്രാർത്ഥനയിൽ പോരാടി..... തുടർന്നു വായിക്കുക*

## പ്രാർത്ഥനയുടെ നാൾവഴി

രണ്ടാം ലോകമഹായുദ്ധം, നാത്സികളുടെ പടയോട്ടം, ഒടുവിൽ ഹിറ്റ്ലറിന്റെ പരാജയം, യിസ്രായേൽ രാഷ്ട്രത്തിന്റെ രൂപീകരണം- സംഭവബഹുലമായ നാളുകളായിരുന്നു കഴിഞ്ഞുപോയത്. ഈ കാലത്ത് റീസ് ഹൊവൽസിന്റെ പ്രാർത്ഥനാ പോരാളികൾ മടുത്തുപോകാതെ പ്രാർത്ഥനയിൽ പോരാടി. കോളജിൽ ദിവസവും ഹിറ്റ്ലറിന്റെ തോൽവി, യെഹൂദരുടെ കൂടിച്ചേരാൻ എന്നിവയ്ക്കുവേണ്ടി പ്രാർത്ഥന നടന്നു. ഈ പ്രാർത്ഥനായോഗങ്ങളിൽ റീസ് പ്രചോദനാത്മക





മായ സന്ദേശങ്ങൾ നൽകി. ഈ സന്ദേശങ്ങളുടെ കുറിപ്പുകൾ രേഖപ്പെടുത്തിവച്ചിട്ടുള്ളതിൽ നിന്ന് ആ നാളുകളിൽ കോളജിൽ എന്താണു നടന്നതെന്നതിന്റെ ഒരു ചിത്രം നമുക്കു ലഭിക്കും. ആ പ്രസംഗക്കുറിപ്പുകളുടെ പ്രസക്ത ഭാഗങ്ങൾ നമുക്കു നോക്കാം:

മേയ് 16:രാവിലെ ഒൻപതര:

ഹോളണ്ട് കീഴടങ്ങിയതിന്റെ പിറ്റേ ദിവസമാണിന്ന്. "ചരിത്രത്തിലെ ഏറ്റവും വലിയ യുദ്ധം നടക്കുന്ന ദിവസമാകാം ഇന്ന്. ദൈവത്തിന് ഇന്ന് പ്രത്യേകമായി എന്തെങ്കിലും ചെയ്യുമോ? ജർമൻകാർ പറയുന്നത് ഇന്ന് അവർ തങ്ങളുടെ ശത്രുക്കളെ പലായനം ചെയ്യിക്കുമെന്നാണ്. ദൈവം അതനുവദിക്കുമോ? നിങ്ങളുടെ കണ്ണുകൾ ഇന്നു ദൈവത്തിൽ ഏകാഗ്രഹമായിരിക്കട്ടെ. ദൈവം നമുക്കു വിജയം തരട്ടെ"

ഉച്ചകഴിഞ്ഞു രണ്ടുമണി:

"വിജയം മറ്റാരിലൂടെയുമല്ല തന്നിലൂടെയാണെന്നു ദൈവം വളരെ വ്യക്തമായും തെളിവായും കാണിച്ചുതന്നിരിക്കുകയാണ്.എല്ലാ മഹത്വവും തനിക്കു മാത്രം ആയിരിക്കട്ടെ. ദൈവം ശത്രുക്കളെ പ്രകടമായും അല്ലാതെയും നശിപ്പിക്കും. നമ്മുടെ സൈന്യത്തെ അതിന് ഉപയോഗിക്കും"

വൈകുന്നേരം അഞ്ചര:

"ഫ്രാൻസിലെ പോരാട്ടം വളരെ നിർണായകമായ ഘട്ടത്തിലാണ്. എതിർപ്പ് വളരെ ശക്തമാണെങ്കിലും ബ്രിട്ടീഷുകാരെയും ഫ്രഞ്ചുകാരെയും യുദ്ധത്തിൽ സഹായിക്കാൻ ദൈവം ശക്തനാണ്!"

മേയ് 17 രാവിലെ ഒൻപതര:

"നിങ്ങൾക്കുള്ള വിശ്വാസത്തിൽ കവിഞ്ഞ് ദൈവം പ്രവർത്തിക്കുകയില്ല. ഇന്നലെ രാത്രിയിൽ യുദ്ധത്തിൽ നമുക്കു ലഭിച്ച വിജയം കാണിക്കുന്നതു ശത്രു എത്ര അടുത്തു വന്നാലും പരിശുദ്ധാത്മാവ് ശത്രുവിനെക്കാൾ ശക്തനാണെന്നാണ്. യുദ്ധക്കളത്തിൽ നിൽക്കുന്നവരെക്കാൾ ഈ വിജയത്തിന്റെ ഉത്തരവാദിത്തം നിങ്ങൾക്കാണ്, നമ്മൾക്കാണ്. ഈ യുദ്ധവിജയം മാത്രം നിങ്ങളുടെ സുപ്രധാന വിഷയമായിരിക്കട്ടെ. മറ്റെല്ലാറ്റിനും തൽക്കാലം മരിക്കുക"

ഉച്ചയ്ക്ക് ഒരുമണി:

"നിങ്ങൾ പ്രാർത്ഥനയ്ക്കായി സമർപ്പിച്ചിരിക്കുന്നതിനാൽ ഉത്തരവാദിത്തം നിങ്ങൾക്കാണ്. ലോകത്തിനു സമാധാനം കിട്ടുന്നതുവരെ നിങ്ങളും സമാധാനം അറിയരുത്. എന്നാൽ യുഗങ്ങളുടെ പാറയുടെ പിളർപ്പിൽ നിങ്ങൾ സ്വസ്ഥരായിരിക്കും"

മൂന്നരമണി: "നാത്സികൾക്കു തിരിച്ചടി ഉണ്ടാകുന്നതുവരെ നാം ഇവിടെത്തന്നെ ആയിരിക്കും."

ഏഴുമണി: "നാം ഈ മരണജീവിതത്തിനായി സമർപ്പിതരാണെന്നും ഈ പരിശോധനയിൽ നാം വിജയികളാണെന്നും കാണുന്ന പക്ഷം ദൈവം നമുക്കു വിജയം നൽകാൻ തയ്യാറാവുകയില്ലേ? കഴിഞ്ഞ ശനിയാഴ്ച നാം വിജയത്തിനായി ദൈവത്തെ വിശ്വസിച്ചെങ്കിൽ ഇന്നു രാത്രിയും നാം തന്നെ വിശ്വസിക്കാൻ പോകുകയാണ്. നമ്മുടെ ആയിരക്കണക്കിനു കുട്ടികളെ (പട്ടാളക്കാരെ) നഷ്ടപ്പെടുത്താൻ ഞാൻ തയ്യാറില്ല. അതുകൊണ്ട് നാത്സികളുടെ നാശം ഉണ്ടാകേണ്ടിയിരിക്കുന്നു.നമുക്കു ദൈവത്തിൽ വിശ്വസിക്കാൻ കഴിയുമെങ്കിൽ അത് ഇപ്പോൾ സംഭവിക്കും. ഇപ്പോഴത്തെ പോരാട്ടം പരാജയപ്പെട്ടാൽ ദൈവം നമുക്കെതിരാണ്.എന്നാൽ അവിടുന്നു നമ്മിൽ പ്രസാദിച്ചിരിക്കുന്നവെന്നാണ് കാര്യങ്ങൾ കാണിക്കുന്നത്."

മേയ് 18 രാവിലെ ഒൻപതര:

"ദൈവം ഇന്ന് അത്ഭുതകരമായ വിധത്തിൽ യുദ്ധത്തിൽ ഇടപെട്ടില്ലെങ്കിൽ നമ്മൾ തോറ്റുപോകും. ഞാൻ മരിക്കാൻ പോലും തയ്യാറാണ്. എന്നാൽ എനിക്കു മരിക്കാൻ അനുവാദമില്ല; അതുപോലെ ഹിറ്റ്ലറിനു ജീവിച്ചിരിക്കുവാനും."

രണ്ടര: "ഈ ആഴ്ചയുടെ ഒടുവോളം ഞാൻ ഈ ശത്രുവിനോടുള്ള പോരാട്ടത്തിൽതന്നെ നിൽക്കും- ഇതു വിട്ടുകളഞ്ഞാൽ അതു ജീവിതത്തിന്റെ അന്ത്യമാണെന്ന വിധത്തിൽ. ഇക്കാര്യത്തിൽ ഒരു ഒത്തുതീർപ്പുമില്ല. യുദ്ധമുന്നണിയിലുള്ളവർ എങ്ങനെ പോരാടുന്നുവോ അതേ വിധത്തിൽ തന്നെ നാം ഇവിടെ പോരാടണം. ഈ ആഴ്ച അവസാനത്തിൽ നാത്സികളുടെ മേൽ ഒരു സമ്പൂർണനാശം കൊണ്ടുവരാനാണു ഞാൻ പ്രാർത്ഥിക്കുന്നത്."

ആറര: "ദൈവം നമുക്കു വാഗ്ദാനം തന്നിട്ടുണ്ട്. നമുക്ക് അതിൽ വിജയവും ഉണ്ട്. കാലതാമസം നമ്മുടെ വിശ്വാസത്തെ ഒരു തരിമ്പും കെടുത്തിക്കളഞ്ഞിട്ടില്ല- ഇതെല്ലാം ശരിയാണെങ്കിൽ ദൈവം എന്നാണ് നമുക്കു തന്ന വാഗ്ദാനം നിറവേറ്റാൻ പോകുന്നതെന്ന നാം ദൈവത്തോടു ചോദിക്കണം. ഇന്ന് രാത്രി എന്തെല്ലാം ചെയ്താലും പരിശുദ്ധാത്മാവിൽ നിന്നു രക്ഷപ്പെടാൻ നാത്സികൾക്കു കഴിയുകയില്ല എന്നെനിക്കു തോന്നുന്നു. ക്രിസ്തീയത തീർത്തും ഭദ്രമാണ്. നിങ്ങൾക്കു വിശ്വാസം ഉണ്ടെങ്കിൽ നിങ്ങൾക്കിത് അവിടുത്തെ കരങ്ങളിൽ തന്നെ നൽകാൻ കഴിയും. അവിടുന്നു കൃത്യസമയത്ത് ഇടപെടും. എന്നാണ് അവിടുന്ന് അത് ചെയ്യാൻ പോകുന്നതെന്നു ചോദിക്കാൻ നമുക്കാവില്ല."

രാത്രി ഒൻപതര: "ഇതു നിങ്ങളുടെ പോരാട്ടമല്ല. മറിച്ച് ദൈവമാണു പ്രവർത്തിക്കുന്നത്. ദൈവം എന്തു ചെയ്യുന്നുവെന്നു നിങ്ങൾ തിരിച്ചറിയുക മാത്രമാണു ചെയ്യുന്നത്. 2,500 കവചിത വാഹനങ്ങളുമായി ഈ അതിർത്തിരേഖയിൽ എത്തുവാൻ ദൈവമാണോ ഹിറ്റ്ലറിനെ പ്രേരിപ്പിച്ചത്. ദൈവം ഈ കവചിത വാഹനങ്ങളെയെല്ലാം തുരത്തണമെന്നു ഞാൻ ആഗ്രഹിക്കുന്നു!"

മേയ് 19 രാവിലെ ഒൻപതര: "ഈ സംസ്കാരത്തെയും നാടിനെയും നശിപ്പിക്കുവാൻ നാത്സികൾക്കാവില്ല. അവർ കുറച്ചു കൂടി അതിർത്തിയോട് അടുത്തു വരുമ്പോൾ ദൈവം തന്നെ അവരെ കൈകാര്യം ചെയ്യും. പരിശുദ്ധാത്മാവ് ജയത്തിന്റെ പക്ഷത്താണ്. അവിടെ പരിശുദ്ധാത്മാവിനോടൊപ്പം നിലയുറപ്പിച്ചിരിക്കുന്ന പുരുഷനെയോ സ്ത്രീയെയോ അവർ പരാജയപ്പെടുമെന്നു ബോധ്യപ്പെടുത്താൻ എത്രകിണഞ്ഞു ശ്രമിച്ചാലും നിങ്ങൾക്കാവില്ല."

9.15 പി.എം: "ബൈബിളിനെ, അതിലെ പ്രവചനങ്ങളെ, ഒരു യുദ്ധത്തിലൂടെ കടത്തിവിട്ട് അതു തീർത്തും ശരിയാണെന്നു തെളിയിക്കാനുള്ള അനുയോജ്യമായ സമയമാണിത്. കാരണം നാം തന്നെ അത്തരം ഒരു യുദ്ധത്തിലാണല്ലോ."

മേയ് 20 രാവിലെ ഒൻപതുമണി: "അടുത്ത 24 മണിക്കൂർ ഈ യുദ്ധത്തെ സംബന്ധിച്ചിടത്തോളം നിർണായകമാണ്. അവർ ഏതു നിമിഷവും നമ്മുടെ രാജ്യം കീഴടക്കാം. ഇന്ന് ഉച്ചഭക്ഷണത്തിനു മുൻപു തന്നെ ലോകചരിത്രം മാറ്റിയെഴുപ്പെട്ടേക്കാം.ഇതിനു മുൻപ് ഒരിക്കലും നാം ഇത്തരം ഒരു സാഹചര്യത്തെ അഭിമുഖീകരിച്ചിട്ടില്ല. എത്ര വിശ്വാസം ആവശ്യമാണെന്നു നിങ്ങൾ കാണുന്നുവോ? നാം ഇന്നു രാവിലെ ദൈവസന്നിധിയിലായിരിക്കുന്നു. നമ്മുടെ ദൃഷ്ടികൾ ദൈവത്തിങ്കൽ മാത്രമാണെന്നു നാം അവിടുത്തോടു പറയാൻ പോകുകയാണ്. അവിടുന്ന് ഇടപെട്ടില്ലെങ്കിൽ ഇന്ന് ഈ യുദ്ധത്തിൽ നാം തോറ്റുപോകും. ഞാൻ കർത്താവിനെ ഒരു മാത്രപോലും സംശയിക്കുന്നില്ല. എന്നാൽ ഞാൻ വളരെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു."





ഉച്ചയ്ക്കു രണ്ടര: "ദൈവം ഏകാധിപതികളെ വെല്ലുവിളിക്കുന്നു' എന്ന എന്റെ പുസ്തകം ഇന്നു രാത്രി തന്നെ ചർച്ചിലിന് (ബ്രിട്ടീഷ് പ്രധാനമന്ത്രി) അയച്ചു കൊടുക്കാൻ ആഗ്രഹിക്കുന്നു. ഈ നിമിഷങ്ങളിൽ അദ്ദേഹത്തെ അതു ശക്തിപ്പെടുത്തും. ഓരോ ദിവസവും നമ്മുടെ പട്ടാളത്തിന് അവരുടെ ഭൂമി നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. പക്ഷേ ആ പുസ്തകത്തിൽ പറയുന്നത് ഇതാണ്: 'മനുഷ്യന് ഇത് (യുദ്ധം) അവസാനിപ്പിക്കുവാൻ കഴിയുകയില്ല. എന്നാൽ ദൈവം പറയുന്നത് 'നിങ്ങൾ നിങ്ങളുടെ കഴിവിന്റെ പരിധിയിൽ എത്തുംവരെ ഞാൻ പ്രവർത്തിക്കും എന്നു കരുതരുത്' എന്നാണ്. ഈ സമയത്തു നാം എത്തിയിരിക്കേണ്ട പരമാവധി എന്ന അവസ്ഥയിൽ നാം എത്തിയോ എന്നു മാത്രം ദൈവം നമുക്കു വ്യക്തമാക്കിത്തന്നാൽ മതി. പ്രതിസന്ധിയുടെ ഘട്ടത്തിൽ ദൈവത്തെ സംശയിക്കരുത് എന്നതു മാത്രമാണു ഞാൻ ആഗ്രഹിക്കുന്നത്. ഇതു ശരിക്കും ഒരു പ്രതിസന്ധിയുടെ ഘട്ടമാണു താനും."

വൈകുന്നേരം ഏഴുമണി: "ഇന്നു തന്നെ ഞാൻ പുസ്തകം ചേംബർലെയ്ൻ, ഹാലിഫാക്സ് പ്രഭു, ചർച്ചിൽ എന്നിവർക്ക് അയച്ചു കൊടുത്തു- ഏറ്റവും ഇരുണ്ട മണിക്കൂറിൽത്തന്നെ."

മേയ് 21 രാവിലെ ഒൻപതു മണി: "നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും ഇരുണ്ടദിനമായിരുന്നു ഇന്നലത്തേത്, പ്രത്യേകിച്ച് പ്രധാനമന്ത്രിയുടെ പ്രസംഗത്തിനുശേഷം. പട്ടണത്തിലെ ഓരോരുത്തരും ഏതു നിമിഷവും ശത്രു അതിർത്തികടന്നെത്താമെന്നു ഭയപ്പെട്ടു. അവർ രാജ്യത്തു പ്രവേശിക്കുന്നതു തടയണമെന്നു നാം പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു."

ഉച്ചകഴിഞ്ഞു രണ്ടര: "ശത്രുവിനെ തടുത്തുനിർത്തണമെന്നു നാം പ്രാർത്ഥിക്കണം. അലറുന്ന സിംഹം പോലെയാണവൻ വരുന്നത്."

രാത്രി ഏഴുമണി: 'ഒരത്ഭുതത്തിനു മാത്രമേ നമ്മെ രക്ഷിക്കാൻ കഴിയൂ' ഫ്രെഞ്ചു പ്രധാനമന്ത്രി ഇന്നു രാത്രി പറഞ്ഞു. ബൈബിൾ സത്യമാണോ എന്നതാണ് ഇതിലൂടെയെല്ലാം തെളിയിക്കപ്പെടുന്നത്. അതു ശരിയാണെന്നു തെളിയിക്കപ്പെടാൻ വേണ്ടി വന്നാൽ ഞാൻ എന്റെ ജീവനെ ഒഴുക്കിക്കളയാനും തയ്യാർ. നിങ്ങൾ വിശ്വസിക്കുന്നതു ശരിയാണ് എങ്കിൽ പിന്നെ നിങ്ങൾ പേടിക്കുന്നതെന്തിന്?"

മേയ് 22 രാവിലെ ഒൻപതുമണി: "ലോകം ഇന്നു വേദനയിലാണ്. തീർച്ചയായും കർത്താവു നമ്മോടു സംസാരിച്ചു എന്ന ഉറപ്പില്ലായിരുന്നെങ്കിൽ നമ്മളും അവരോടൊപ്പം വേദനപ്പെട്ടേനെ. ഇംഗ്ലണ്ടിൽ ഭാവി ഭാഗധേയം ഇന്നും നാളെയും തുലാസ്സിൽ തൂങ്ങുന്നു."

രണ്ടര: "നാം ഇന്നായിരിക്കുന്നതു പോലെ ഒരു യുദ്ധത്തിലായിരിക്കുമ്പോൾ നിങ്ങൾ ഒരു യോഗത്തെയോ ചില തോന്നലുകളെയോ ആശ്രയിക്കരുത്.ദൈവം നമുക്കു വാഗ്ദാനം ചെയ്തതിലേക്കു നാം മടങ്ങിപ്പോകണം. ദൈവം വൻകാര്യങ്ങൾ ചെയ്യും. അതിനു മുൻപ് 'അവൻ' എന്തെങ്കിലും കാട്ടിക്കൂട്ടാതിരിക്കാൻ നാം ശത്രുവിനെ (പിശാചിനെ) തടുത്തു നിർത്തണം."

മേയ് 22 രാത്രി മുതൽ 25 വരെ: റീസ് കോളജിലെ ഒരു യോഗത്തിനും വന്നില്ല; മീറ്റിംഗുകളിൽ പ്രസംഗിച്ചില്ല. കോളജിലെ മറ്റ് അധ്യാപകരാണു മീറ്റിംഗുകൾ നടത്തിയത്. റീസ് ദൈവത്തോടു തനിയെ മല്ലുപിടിക്കുകയായിരുന്നു. താങ്ങാനാവാത്ത ഭാരം അദ്ദേഹത്തെ തളർത്തിക്കളഞ്ഞു. അദ്ദേഹം ഏറെക്കുറെ അക്ഷരാർത്ഥത്തിൽതന്നെ തന്റെ ജീവൻ അർപ്പിക്കുകയായിരുന്നു.

മേയ് 26 : "ഇന്നു ബ്രിട്ടനിൽ ഔദ്യോ

ഗിക പ്രാർത്ഥനാദിനം. പ്രധാനമന്ത്രി ചർച്ചയിൽ വെസ്റ്റ് മിൻസ്റ്റർ അബിയിലെ പ്രാർത്ഥനായോഗത്തിൽ ഇങ്ങനെ പറഞ്ഞു: 'ഇംഗ്ലീഷുകാർ പൊതുവേ വികാരങ്ങൾ പ്രകടിപ്പിക്കാൻ മടിയുള്ളവരാണ്. എന്നാൽ ഇവിടെയിരിക്കുമ്പോൾ എനിക്കു വൈകാരിക തീക്ഷ്ണത അറിയാൻ കഴിയുന്നു. ജനത്തിനു ഭയമുണ്ട്. മരണവും മുറിവുമല്ല അവരെ ഭയപ്പെടുത്തുന്നത്. മറിച്ച് പരാജയം, ആത്യന്തികമായി ബ്രിട്ടന്റെ നാശം- ഇതവരെ ഭയപ്പെടുത്തുന്നു!"

റീസ് ഹൊവൽസ് രാവിലെ 9.30ന്റെ മീറ്റിംഗിന് ഇന്നു കോളജിലെത്തി. റീസ് പറഞ്ഞു: "നമ്മുടെ രാജ്യത്തിൽ നിന്ന് ഒരു നിലവിളി ഉയരട്ടെ. ഏങ്കിൽ പ്രാർത്ഥനയ്ക്കു മറുപടി ഉണ്ടാകും. ആ മറുപടി ഏറ്റെടുക്കാൻ നാം തയ്യാറാണോ? കരയുക, നിലവിളിക്കുക. നിങ്ങൾ എന്നെങ്കിലും കരഞ്ഞിട്ടുണ്ടെങ്കിൽ, ഇന്നു കരയേണ്ടിയിരിക്കുന്നു."

11.15 എ.എം. : "നാത്സികൾ നമ്മുടെ രാജ്യം കീഴടക്കുകയില്ലെന്ന് എങ്ങനെ ഉറപ്പിക്കാം? ദൈവം ഇടപെട്ടില്ലെങ്കിൽ നാം എല്ലാം അടിമകളായിപ്പോകും. നാം നമുക്കുവേണ്ടി തന്നെ പ്രാർത്ഥിക്കുക. മുൻപു നാം എത്യോപ്യക്കുവേണ്ടിയും മറ്റു രാജ്യങ്ങൾക്കുവേണ്ടിയും പ്രാർത്ഥിച്ചിട്ടുണ്ട്. അതുകൊണ്ടു തന്നെ ഇപ്പോൾ നാം സ്വന്തരാജ്യത്തിനുവേണ്ടി പ്രാർത്ഥിച്ചാൽ അതിൽ സ്വാർത്ഥതയില്ല."

2.30 പി.എം.: "നാം ആ മൃഗത്തിനെതിരെ പോകുകയാണ്. ദാവീദ് ഗോല്യാത്തിനെ നേരിടാൻ പോയതു പോലെ."

മേയ് 27, ഒൻപതുമണി: "പ്രാർത്ഥനയോടെ, വിശ്വാസത്തോടെ നാം മുന്നോട്ട് പോകുക. അപ്പോൾ കർത്താവിനു വൻകാര്യങ്ങൾ ചെയ്യാൻ കഴിയും. ദൈവം പ്രാർത്ഥന കേൾക്കുന്നു എന്നു നമ്മുടെ ആളുകൾ മനസ്സിലാക്കും. അതവർക്ക് ഏറെ ആനന്ദം നൽകും."

2.45 പി.എം.: "ഇന്നു വിശ്വാസത്തോടെയിരിക്കുക എന്നതാണ് എനിക്കു ചെയ്യാവുന്ന ഏറ്റവും വലിയ കാര്യം. ഇന്നു രാവിലെയും ഇപ്പോഴും ഉള്ള രണ്ടു മീറ്റിംഗുകൾക്കിടയിൽ യുദ്ധമുന്നണിയിൽ നിന്നു വന്ന വാർത്ത ദയാനകമായിരുന്നു. ഭൂമിയുടെ മേൽ നരകം വർഷിച്ചതു പോലെ."

മേയ് 28: റീസ് ഹൊവൽസ് ഇന്നു മുഴുവൻ ദിവസവും ദൈവത്തോടൊപ്പം. ശത്രു വളഞ്ഞിരിക്കുന്ന ഡൺകിർക്കിൽ നിന്നു നമ്മുടെ ആളുകളെ ഒഴിപ്പിച്ചു മാറ്റാൻ ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടൽ ഉണ്ടാകാനുള്ള പ്രാർത്ഥനയാണു മുഴുവൻ നേരവും കോളജിൽ നിന്ന് ഉയർന്നത്. പ്രാർത്ഥനയുടെയും യാചനയുടെയും ആത്മാവ് യോഗത്തിൽ ഉടനീളം ഉണ്ടായിരുന്നു. പ്രാർത്ഥനയിൽ ആദ്യന്തം പങ്കെടുത്ത ഒരാൾ പരസ്യമായി പറഞ്ഞത് എല്ലാവരുടെയും തോന്നലായിരുന്നു- 'എന്തോ ചിലതു സംഭവിച്ചു എന്നെനിക്കുറപ്പാണ്.'

മേയ് 29: ഡൺകിർക്കിലെ ഒഴിച്ചു മാറ്റലിന്റെ ദിവസം. റീസ് ഇങ്ങനെ പ്രസംഗിച്ചു: "മധ്യസ്ഥപ്രാർത്ഥന വിജയിച്ചു എന്ന വ്യക്തയോടെ വേണം പ്രാർത്ഥിക്കാൻ. യുദ്ധം പരിശുദ്ധാത്മാവിന്റേതാണ്. ഇന്നു രാത്രി അവിടുന്ന് ഊരിയവാളുമായി യുദ്ധമുന്നണിയിൽ നിൽക്കുന്നതു വ്യക്തതയോടെ കാണുക."

മേയ് 30, 7.30 പി.എം: "ലോകത്തിന്റെ കാഴ്ചപ്പാടിൽ വിജയത്തിന് ഒരു സാധ്യതയുമില്ല. പക്ഷേ ദൈവം അതു പറഞ്ഞതാണ്. ദൈവമേ, ഇന്നു രാത്രി ഇതിൽ ഇടപെടണമേ എന്നു പ്രാർത്ഥിക്കാൻ ഞാൻ തയ്യാറല്ല. കാരണം അവിടുന്നു ഇതിൽ ഇടപെടുമെന്നു നേരത്തെ പറഞ്ഞു കഴിഞ്ഞു. ഇന്നു നമ്മുടെ സൈന്യത്തെക്കുറിച്ച് മോശമായ വാർത്തകളാണു നമുക്കു കിട്ടുന്നതെന്നിരുന്നാലും അവിടത്തെ സാന്നിധ്യം യുദ്ധക്കളത്തിൽ





Youth Section




# AM I AN OLD COVENANT OR NEW COVENANT CHRISTIAN?

**Sandeep Poonen**

**Question:**

You talked earlier about the New Covenant. How do I know if I am a Christian but still relating to God based on His Old Covenant?

**Answer:**

This is a great question. To me, this kind of question goes to the very heart of what matters. At the end of the day, our lives prove the reality of our relationship with God.

First of all, I must tell you that I have to keep fighting to relate with God correctly, so it's a process that hopefully keeps increasing. It is The Bible tells me that the ways of God are higher than the ways of man – as high as the heavens are above the earth (Isaiah 55:9). If I think about the natural way I live and do things on this earth, they

ഉണ്ടെങ്കിൽ അവിടുത്തേക്ക് ആ മോശമായ വാർത്തകൾ വ്യത്യാസപ്പെടുത്തി സന്തോഷകരമായ വാർത്തകളാക്കിത്തീർക്കാൻ കഴിയും. ദൈവം നമ്മെ ഈ രാത്രി ഉയർത്തും. നാത്സികൾ ജയിക്കാൻ പോകുന്നുവെന്നു പേടിച്ച് നാം ഇന്നു രാത്രി ഓടിപ്പോകുകയില്ല. ഇംഗ്ലണ്ടും ഫ്രാൻസും മാത്രമല്ല ജർമനിയും വിടുവിക്കപ്പെടും. നാം കൂടുതൽ കഷ്ടങ്ങളിലൂടെ കടന്നു പോകേണ്ടി വന്നേക്കാം. എന്നാലും അന്തിമ ഫലത്തെക്കുറിച്ച് എനിക്ക് ആശങ്കയില്ല. വളരെ ലളിതവും സുവ്യക്തവുമായി പറഞ്ഞാൽ യുദ്ധത്തിന്റെ ഫലം ഇതാണ്: ശത്രു, ക്രിസ്ത്യൻ രാജ്യത്തെ, ഇംഗ്ലണ്ടിനെ, തോൽപ്പിക്കുകയില്ല.''... ഇങ്ങനെ പോകുന്നു ഡയറിക്കുറിപ്പുകൾ.

ഇന്നു വർഷങ്ങൾക്കുശേഷം തിരിഞ്ഞു നോക്കുമ്പോൾ നമ്മിൽ പലരും രണ്ടാം ലോകമഹായുദ്ധത്തിന്റെ ഭീകരതകൾ ഓർക്കുന്നുണ്ടാവും.ഡൺകിർക്കിൽ നിന്ന് അത്ഭുതകരമായി ഇംഗ്ളണ്ടിന്റെയും ഫ്രാൻസിന്റെയും സേനകളെ ഒഴിപ്പിച്ചുകൊണ്ടുപോരാൻ കഴിഞ്ഞതും നാം ഓർക്കുന്നുണ്ട്.ദൈവത്തിന്റെ അത്യദ്ഭുതകരമായ ഇടപെടൽകൊണ്ടാണ് അന്നതു സാധ്യമായതെന്നും എല്ലാവരും സമ്മതിക്കുന്നു. എന്നാൽ ദൈവത്തിന്റെ കരങ്ങളെ ചലിപ്പിച്ച മധ്യസ്ഥപ്രാർത്ഥനയുടെനിരന്തരധൂപം,റീസ് ഹൊവൽസിന്റെ കോളജിൽ നിന്നാണ് ഉയർന്നതെന്ന് എത്ര പേർ നന്ദിയോടെ ഓർക്കുന്നുണ്ട്?

(തുടരും)

are mostly normal – I try my best to live my life based on human logic and common sense. And I am definitely not saying that all these ways are automatically wrong. But if I am a Christian and believe in the Christian God, I must have a continuous sense of need simply because the ways of my God who created me are infinitely higher than my ways. So I must constantly recognize my need for Him to instruct me on His ways.

For example, atheists don't believe in the Christian God at all, so live completely based on their logic and rational minds. Now if I am a Christian, I must be very different from the atheists in this: My life and my behavior and underneath it all, my very way of thinking, must demonstrate that I clearly believe in a God. So we shouldn't take comfort in that we find the atheists' logic incorrect. I am the real fool if my life does not reflect the truth that God's ways are so much higher than mine, and I therefore must actively seek for His ways and submit to them.

And just like I disagree with the atheists that there is no God, I also disagree with those who relate with God based on His Old Covenant (Old Agreement). Now there are many things that I can share about the differences between the Old Agreement and the New Agreement. But for now, I want to share with you one picture from God's Word that highlights a key difference between Old Covenant and New Covenant Christians.

Jeremiah 3:16-17 –It shall be in those days when you are multiplied and increased in the land," declares the Lord, "they will no longer say, 'The ark of the covenant of the Lord.' And it will not come to mind, nor will they remember it, nor will they miss it, nor will it be made again. At that time they will call Jerusalem 'The Throne of the Lord,' and all the nations will be gathered to it, to Jerusalem, for the name of the Lord; nor will they walk anymore after the stubbornness of their evil heart.

This passage gives us a very simple picture of a key distinction between the Old and New Covenant. And it is seen in the pictures of an Ark and a Throne.

But first, we must remember that BOTH the Ark and the Throne resided in God's holy presence where there is no sin. The Ark was placed in the Most Holy Place where God's glory (referred to as His holy Shekinah glory) dwelled. No ordinary person could enter the Most Holy Place; even the High Priest could enter the Most Holy Place just once a year. And as the name suggests, the Throne of God is where God Himself sits in heaven. So both these pictures are speaking of the holy things of God.

And like the symbols of the Ark and the Throne, both the Old and





New Covenants were written BY GOD HIMSELF. They were written and given mankind by God, and the Old Agreement was made obsolete only when Jesus introduced the New Agreement.

The Ark is a picture of the Old Covenant because in the Ark was placed the Ten Commandments – written by the finger of God and given to Moses for the Israelites. So the Ark did not house God Himself – it housed the holy commandments of God.

The New Covenant however, is marked by a Throne. The very purpose of Throne is for a Person to sit on. So the Throne to me is a pointer to God Himself.

And as I think about these pictures as a reflection of the Old Covenant and the New Covenant, the very simple difference as a Christian is if I primarily relating with the holy commandments of God, or if I primarily relate with God Himself. Living with the Ark of God in the forefront is living a life looking at the Laws and Commands of God. Meanwhile, living with the Throne of God in the forefront is living a life looking at God Himself. So very simply, we are New Covenant Christians if we consistently seek to interact with God Himself.

So this is a question I ask myself repeatedly, and I ask here as well for you all too:

How would I evaluate the quality of my spiritual walk lately? As I think about the last few months, have I advanced as a Christian? And if so, what is a good test of that? Do I evaluate my spiritual walk primarily by the sins I did or did not commit, and the rules of God that I did or did not break? Or do I evaluate my spiritual walk primarily by the personal words of life that I heard from the God who is the Creator of the Universe and who sits on the Throne?

This is a deep heart-searching question, because the HUGE tendency within me is to evaluate my spiritual walk by a checklist of rules and commandments. Ever since my original ancestors Adam and Eve ate from the Tree of Knowledge of Good and Evil, I have this natural tendency to evaluate everything from a human point of view of good or evil. My nature does not want to take time to interact with God Himself, and especially if I think I know the rules of what I should and should not do.

So I have to fight my natural "religious" tendency to live with a set of Christian rules (every religion has their own set of rules), and seek to constantly live as a New Covenant Christian who keeps coming back to the Throne of God, to hear from God Himself.

One final thought: This view of God does not make me throw away His commands. In fact, when I interact with the God who sits on the Throne, I will treat His commands (found in the Bible) all the

more seriously.

And let me use an example to explain what I mean. If I heard the Prime Minister of India say, “You should not throw garbage on the street,” I might listen but I may not take it seriously. But it would be very different if the Prime Minister asked me personally to come to his office, and I walked past all the pomp and splendor of his stately office, and past all the guards dressed in full military attire, and he looked me in the eye and said, “Sandeep, this is very important. I really want you to be very careful not to throw any garbage on the street from now on!” I would never forget that encounter. And his words would ring in my mind again and again, and especially when I’m tempted to litter the streets. The same command would now have a wholly different effect on me.

So also, when I live my life before the Throne of God and seek to listen to God Himself, He speaks to me through His Word, and they become personal and meaningful and sacred to me. Now, it is no longer about bland obedience to a set of rules; it becomes about pleasing the One’s Who’s wondrous presence I just came from!

This is the marvelous wonder of the New Agreement. God draws us close. He doesn’t speak from afar. He calls us into His heavenly courts and even as we are blessed and in awe at His majesty, and even as we fall flat on our faces as the angelic beings cry out, “Holy, Holy, Holy is the Lord God Almighty,” we are inspired because God speaks to us personally from His Throne. This God on the Throne looks us in the eye and says things like, “I have loved you with an everlasting love” (Jeremiah 31:3), and “I have accepted you in my Beloved Son Jesus Christ” (Ephesians 1:4 – KJV) and “Put away all bitterness and anger” (Ephesians 4:31), and “Do nothing from selfishness and empty conceit” (Philippians 2:3), and so on. So now, these are no longer simply words on the pages of my Bible that I read during my daily quiet time. THESE ARE PERSONAL WORDS BY GOD TO INSTRUCT, CORRECT, AND TRAIN ME TO BE LIKE HIS SON JESUS, and I am deeply affected by it.

Dear family of God, I have not attained a life where I always live before the Throne of God (like Jesus did). But I have tasted of this life, and I have also tasted of such a life more in the last few years. As a result, I have been more established and rooted in the love of God, and I have heard God speak more consistently to me. So my desire is that I might live this kind of life even more in the coming days. And so also, my prayer is that the same might be true about you too as well. May God help us!

(please mail your genuine doubts to: **sandeep@poonen.org**)



ജീവമൊഴികൾ